ഇന്ത്യൻ

# നാളികേര ജേണൽ

പുസ്തകം 3 ലക്കം 5

2012 മെയ് കൊച്ചി - 11



**ഉപദേശകസമിതി**

**ചെയർമാൻ**

ടി.കെ. ജോസ് ഐ.എ.എസ്.

**അംഗങ്ങൾ**

കെ.ആർ. വിശ്വംഭരൻ ഐ.എ.എസ്.
ഡോ. ജോർജ്ജ് വി. തോമസ്
ഡോ. ജി. സുരേന്ദ്രൻ

**പത്രാധിപസമിതി**

ഡോ. കെ. മുരളീധരൻ
കെ.ആർ. കുട്ടിക്കൃഷ്ണൻ
ഡോ. എസ്. അനിൽകുമാർ

**ചീഫ് എഡിറ്റർ**

എം. തോമസ് മാത്യു

**എഡിറ്റർ**

ഡോ. രമണി ഗോപാലകൃഷ്ണൻ

**എക്സിക്യൂട്ടീവ് എഡിറ്റർ**

മിനി മാത്യു

**കൺസൾട്ടന്റ് എഡിറ്റർ**

പായിപ്ര രാധാകൃഷ്ണൻ

**പബ്ലിസിറ്റി ഓഫീസർ**

മിനി മാത്യു

**സബ് എഡിറ്റർ**

ബീന എസ്.



**നാളികേര വികസന ബോർഡ്**

(കേന്ദ്ര കൃഷി മന്ത്രാലയം, ഭാരത സർക്കാർ)
കേര ഭവൻ, എറണാകുളം, കൊച്ചി - 682 011.

ഫോൺ : 0484 - 2377266, 2377267, 2376553, 2375266, 2376265
ഫാക്സ് : 91-0484-2377902,
Grams : KERABOARD
E-mail : kochi.cdb@gov.in
cdbkochi@gmail.com
Website : www.coconutboard.gov.in

**വരിസംഖ്യ**

പ്രതിവർഷം 40 രൂപ
ഒറ്റപ്രതി 4 രൂപ


തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേര ഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.

മുഖ്യ വിഷയം

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം ഒരു വർഷം പിന്നിടുമ്പോൾ

## ഉള്ളടക്കം


ചെയർമാന്റെ ലേഖനം ........ 2

ചങ്ങാതിക്കൂട്ടം മുന്നേറുന്നു; കേരളത്തിൽ നിന്ന് അയൽസംസ്ഥാനങ്ങളിലേക്ക് ........ 4
*മിനി മാത്യു*

തിരുവനന്തപുരം ചങ്ങാതിക്കൂട്ടംപുതിയ തൊഴിലിൽ സന്തുഷ്ടർ ........ 10
*നിഷ ജി.*

കൊല്ലത്തുനിന്ന് ചില ചങ്ങാതി വിശേഷങ്ങൾ ........ 12
*ജയനാഥ് ആർ., ജഗദീഷ് ശങ്കർ സി.എസ്*

ചങ്ങാതിക്കൂട്ടത്തിന്റെ വിശേഷങ്ങളുമായി ആലപ്പുഴയിൽ നിന്ന് ........ 13
*രശ്മി ഡി എസ്*

കണ്ടു പഠിക്കൂ, ഇടുക്കിയിലെ ചങ്ങാതിമാരെ ........ 15
*ദീപ്തി ആർ.*

തെങ്ങിനോട് ചേർന്നു നിൽക്കുന്നു എറണാകുളത്തെ ചങ്ങാതിമാർ ........ 16
*എം. എ. ലീനമോൾ*

തൃശ്ശൂരിൽ ചങ്ങാതിക്കൂട്ടം ജോലിത്തിരക്കിലാണ്, ദ്വീപുകാരും ........ 18
*ശശികുമാർ സി.*

കഠിനാദ്ധ്വാനം പാഴാവില്ല ഒരിക്കലും ........ 19
*കെ. മൃദുല*

തെങ്ങ് ചങ്ങാതിയായൊരു കണ്ണൂർക്കഥ ........ 21
*കെ. എം. വിജയൻ*

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം- സുസ്ഥിര കേരവികസനത്തിന് ........ 23
*സി. തമ്പാൻ, മനോജ് കുമാർ, എസ്. ലീന, കെ. മുരളീധരൻ*

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം, തൊടുപുഴയിൽ ........ 26
*വി. ജെ. ജോർജ്ജ്*

തെങ്ങിന്റെ ചങ്ങാതിക്കൂട്ടവും ആകാശവാണിയും ........ 27
*മുരളീധരൻ തഴക്കര*

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം കാലഘട്ടത്തിന്റെ ആവശ്യം ........ 28
*ടോണി ജോസ് കെ.*

കേര സംരക്ഷണത്തിന്റെ ഉണർത്തു പാട്ടായി തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി ........ 30
*ഫാ. മൈക്കിൾ വെട്ടിക്കാട്ട്*

തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിലൂടെ സ്ത്രീശാക്തീകരണം ........ 32
*സി. തമ്പാൻ, മനോജ് കുമാർ, എസ്. ലീന*

അമ്പലംകുന്ന് ചങ്ങാതിക്കൂട്ടം ജീവിതപാതയിൽ മുന്നേറുന്നു ........ 34
*ജയനാഥ് ആർ., ജഗദീഷ് ശങ്കർ സി.എസ്*

ഇവർ തെങ്ങിന് ചങ്ങാതിമാർ ........ 35
*ടി. എസ്. വിശ്വൻ*

വിവിധ ജില്ലകളിലെ ഏറ്റവും മികച്ച ചങ്ങാതിമാർ ........ 38

കുരുത്തോലപ്പന്തൽ ........ 40
*പായിപ്ര രാധാകൃഷ്ണൻ, ഡോ. ജെ.കെ.എസ് വീട്ടൂർ*

വാർത്തകൾ ........ 44

കമ്പോളാവലോകനം ........ 47

# മികച്ച ചങ്ങാതിമാർക്ക് വിദേശത്തുൾപ്പെടെ തൊഴിലവസരങ്ങളേറെ

പ്രിയപ്പെട്ട കേരകർഷകരെ,

തെങ്ങിന്റെ ചങ്ങാതിമാരുടെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും അവരുടെ അനുഭവങ്ങൾ പങ്കു വയ്ക്കുന്നതിനുമായി ഈ ലക്കം മാസിക ശ്രമിക്കുകയാണ്. കേരളത്തിലങ്ങോളമിങ്ങോളമായി 5583 തെങ്ങിന്റെ ചങ്ങാതിമാരെ പരിശീലിപ്പിച്ച്, മെഷീനും നല്കിക്കഴിഞ്ഞു. കർഷകരിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പരിശീലനം നേടി, നല്ല നിലയിൽ, ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ചങ്ങാതിമാർക്കും പല അനുഭവങ്ങളും പങ്കുവയ്ക്കാനുണ്ടാവും. അതിനുള്ള അവസരമാണ് ഈ ലക്കത്തിലൂടെ നല്കുന്നത്. കേരളത്തിലെ കേരകൃഷി മേഖലയിൽ വിലയിടിവിന്റെ കദനകഥകളുമായി കർഷകർ മുന്നോട്ടുപോവുന്നു. രോഗകീടബാധയും കർഷകരെ വലയ്ക്കുന്നു. ഇതിനിടയിൽ കേരകൃഷിയുടെ ഭാവി കേരളത്തിൽ മികവുറ്റതാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമാണ് തെങ്ങിന്റെ ചങ്ങാതിമാരുടെ പരിശീലനവും, നാളികേരോത്പാദക സംഘങ്ങളുടെ രൂപീകരണവും. രണ്ടിലും ബോർഡ് ലക്ഷ്യമിട്ടിരുന്നതിനേക്കാൾ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നേട്ടങ്ങൾ നിലനിർത്തി കൂടുതൽ തിളക്കമുള്ളതാക്കുന്നതിനും ഈ വർഷവും വരും വർഷങ്ങളിലും ഇതു തുടരുന്നതിനും നമുക്കു ശ്രമിക്കേണ്ടതുണ്ട്. ബോർഡ് ഇക്കാര്യത്തിൽ തുടർച്ചയായ പരിശ്രമം നടത്തുന്നതുമാണ്.

*കേരകൃഷിയുടെ ഭാവി കേരളത്തിൽ മികവുറ്റതാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമാണ് തെങ്ങിന്റെ ചങ്ങാതിമാരുടെ പരിശീലനവും, നാളികേരോത്പാദക സംഘങ്ങളുടെ രൂപീകരണവും. രണ്ടിലും ബോർഡ് ലക്ഷ്യമിട്ടിരുന്നതിനേക്കാൾ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.*

നമ്മുടെ ചങ്ങാതിമാരുടെ അനുഭവങ്ങൾ ഉൾക്കൊണ്ടും, കർഷകരുടെ ആവശ്യങ്ങൾ പരിഗണിച്ചും ആയിരിക്കും 2012ലെ പരിശീലനപരിപാടികൾ മുന്നോട്ടുകൊണ്ടുപോകുക. കഴിഞ്ഞ വർഷത്തെ പരിശീലനം നേടിയ ചങ്ങാതിമാരിൽ എത്ര പേർ ഈ തൊഴിലിൽ പൂർണ്ണമായി ഏർപ്പെടുന്നുവെന്നും, എന്താണവരുടെ വരുമാനമെന്നും, ജീവിതത്തിൽ അവർക്ക് എന്തു മാറ്റങ്ങളാണ് ഉണ്ടായതെന്നും അവരുടെ ഭാവി ലക്ഷ്യങ്ങൾ എന്തൊക്കെയെന്നും നമുക്കു ചർച്ച ചെയ്യാം. കൂടാതെ അവരുടെ പ്രായോഗിക അനുഭവങ്ങൾ അടുത്ത ഘട്ടം പരിശീലനത്തിൽ ഉൾക്കൊള്ളിക്കുന്നതിനും ശ്രമിക്കാം. ഈ വർഷം പരിശീലനത്തിന് കുറച്ചുകൂടി മികവുണ്ടാക്കാനാണ് ശ്രമം. തെങ്ങുകൃഷി മുഖ്യമായുള്ള എല്ലാ പഞ്ചായത്തിലും ചുരുങ്ങിയത് പത്ത് (10) തെങ്ങിന്റെ ചങ്ങാതിമാരെങ്കിലും പരിശീലനം നേടി, പ്രവർത്തനത്തിലുണ്ടാവണമെന്ന് നമുക്ക് ലക്ഷ്യം വയ്ക്കാം. അതു പോലെ തന്നെ സി.പി.എസ്സുകളുടെ പ്രവർത്തന പരിധിയിൽ നിന്നും കൂടുതൽ പരിശീലനാർത്ഥികളെ കണ്ടെത്തി പഠിപ്പിച്ച് എടുക്കണം. തങ്ങളുടെ പരിധിയിൽ ആവശ്യത്തിനു പരിശീലനം നേടിയ ചങ്ങാതിമാരില്ലാത്ത ഒരു സി.പി.എസ്സും കേരളത്തിലിനി ഉണ്ടാവരുത്. അതിനാവശ്യമായ രീതിയിൽ പരിശീലനാർത്ഥികളെ കണ്ടെത്തി, പരിശീലനത്തിന് അയയ്ക്കുന്ന ഉത്തരവാദിത്വം സി.പി.എസ്സുകളും ഏറ്റെടുക്കണം. ആളില്ലാത്തതിന്റെ പേരിൽ ഒരു തെങ്ങിലും വിളവെടുപ്പിന് 45 ദിവസത്തിൽ കൂടുതൽ വൈകാനും പാടില്ല. പരിശീലനം നേടുന്നവരിൽ 95ശതമാനവും ഈ തൊഴിലിൽ തുടരുകയും സാമ്പത്തിക നേട്ടവും ജീവിത വിജയവും നേടുകയും വേണം. ഇതിനാവശ്യമായ ഘടകങ്ങൾ പരിശീലനത്തിലും പ്രവർത്തനങ്ങളിലും ഉണ്ടാവണം. ഈ വർഷവും, മുകളിൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ മുൻനിർത്തി കേരളത്തിൽ 5000 പേരെയെങ്കിലും പുതുതായി പരിശീലിപ്പിക്കുന്നതി നുദ്ദേശിക്കുന്നു.

*തെങ്ങുകൃഷി മുഖ്യമായുള്ള എല്ലാ പഞ്ചായത്തിലും ചുരുങ്ങിയത് പത്ത് (10) തെങ്ങിന്റെ ചങ്ങാതിമാരെങ്കിലും പരിശീലനം നേടി, പ്രവർത്തനത്തിലുണ്ടാവണമെന്ന് നമുക്ക് ലക്ഷ്യം വയ്ക്കാം. അതു പോലെ തന്നെ സി.പി.എസ്സുകളുടെ പ്രവർത്തന പരിധിയിൽ നിന്നും കൂടുതൽ പരിശീലനാർത്ഥികളെ കണ്ടെത്തി പഠിപ്പിച്ച് എടുക്കണം.*

കേരളത്തിലെ തെങ്ങിന്റെ ചങ്ങാതിമാരുടെ പ്രവർത്തനങ്ങളിൽ നിന്നും ആവേശമുൾക്കൊണ്ടുകൊണ്ട്, ലക്ഷദ്വീപിൽ നിന്നും 102 ചങ്ങാതിമാർ കേരളത്തിലെത്തി പരിശീലനം നേടി, പ്രവൃത്തിപഥത്തിലുണ്ട്. മഹാരാഷ്ട്രയിൽ 3 ബാച്ചുകളിലായി 60 പേർ പരിശീലനം നേടിക്കഴിഞ്ഞു. കർണ്ണാടകയിലും ഒരു ബാച്ചിൽ 18 പേർ പരിശീലനം നേടിക്കഴിഞ്ഞു. തമിഴ്നാട്ടിൽ നിന്നും ആന്ധ്രാപ്രദേശിൽ

നിന്നും തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനത്തിനുള്ള ആവശ്യം വന്നുകഴിഞ്ഞു. അതുകൊണ്ടുതന്നെ 2012-13ൽ കേരളത്തിൽ 5000 പേർക്കു പുറമെ തമിഴ്നാട്ടിൽ 2500 പേരെയും കർണ്ണാടകയിൽ 1000 പേരെയും, ആന്ധ്രപ്രദേശിൽ 500 പേരെയും മഹാരാഷ്ട്രയിൽ 500, ഗോവയിൽ 200, ലക്ഷദ്വീപ്, ആൻഡമാൻ എന്നിവിടങ്ങളിൽ 100-200 പേർ എന്ന നിലയിൽ തെങ്ങിന്റെ ചങ്ങാതിമാരെ

*2012-13ൽ കേരളത്തിൽ 5000 പേർക്കു പുറമെ തമിഴ്നാട്ടിൽ 2500 പേരെയും കർണ്ണാടകയിൽ 1000 പേരെയും, ആന്ധ്രപ്രദേശിൽ 500 പേരെയും മഹാരാഷ്ട്രയിൽ 500, ഗോവയിൽ 200, ലക്ഷദ്വീപ്, ആൻഡമാൻ എന്നിവിടങ്ങളിൽ 100-200 പേർ എന്ന നിലയിൽ തെങ്ങിന്റെ ചങ്ങാതിമാരെ പരിശീലിപ്പിച്ച് പ്രവർത്തന സജ്ജരാക്കുക എന്നതായിരിക്കും ബോർഡിന്റെ ലക്ഷ്യം.*

പരിശീലിപ്പിച്ച് പ്രവർത്തന സജ്ജരാക്കുക എന്നതായിരിക്കും ബോർഡിന്റെ ലക്ഷ്യം.

7പരിശീലനം നേടി, ഫീൽഡിലിറങ്ങിയവരുടെ ലിസ്റ്റ് ജില്ല തിരിച്ച് കൈപ്പുസ്തകമായി പ്രസിദ്ധീകരിച്ചുകഴിഞ്ഞു. എല്ലാ ജില്ലകളിലും ഇതിന്റെ കോപ്പികൾ ആവശ്യത്തിനു ലഭ്യമാക്കുന്നതാണ്.

ഏറ്റവും മികച്ച 1000 തെങ്ങിന്റെ ചങ്ങാതിമാർക്കെങ്കിലും തെങ്ങുകൃഷി സംബന്ധമായ ജോലികൾക്ക് വിദേശത്ത് തൊഴിലവസരം നേടാനും ബോർഡ് സഹായമൊരുക്കുകയാണ്. മെയ് 17ന് ട്രിനിഡാഡ് ആൻഡ് ടുബാഗോ എന്ന കരീബിയൻ രാജ്യവും ഇന്ത്യ ഗവൺമെന്റിനുവേണ്ടി ബോർഡും തെങ്ങുകൃഷി വികസനത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചു കഴിഞ്ഞു. അതിൻപ്രകാരം തെങ്ങിൻതൈകൾ, വിത്തുതേങ്ങ, വിദഗ്ദ്ധ തൊഴിലാളികൾ, തെങ്ങിൻ നഴ്സറി, കൃത്രിമ പരാഗണം എന്നിവയിൽ പരിശീലനം നേടിയവർ, മികച്ച തെങ്ങിന്റെ ചങ്ങാതിമാർ എന്നിവരെയും ആ രാജ്യത്തിനു നൽകാൻ കഴിയും. എല്ലാ ജില്ലകളിലെയും ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വച്ച തെങ്ങിന്റെ ചങ്ങാതിമാരെ അടുത്ത മാസങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ തോറും റിവ്യൂ നടത്തിയാണ് ഇതിലേക്കായി തെരഞ്ഞെടുപ്പ് നടത്തുക. മികച്ച വരുമാനം വിദേശത്തു പോയും നേടാൻ തെങ്ങിന്റെ ചങ്ങാതിമാർക്ക് ബോർഡ് അവസരം നല്കുമെന്നു ചുരുക്കം. ട്രിനിഡാഡ് ആൻഡ് ടുബാഗോ പോലെ തന്നെ, കെനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളും സമാനമായ ആവശ്യങ്ങൾ പ്രകടിപ്പിച്ചു കഴിഞ്ഞു.

നാളികേരോത്പാദക സംഘങ്ങളെ തദ്ദേശ ഗവൺമെന്റുകളുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഏജൻസികളായി അനുവദിച്ചുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ അറിയിപ്പ് ലഭിച്ചുകഴിഞ്ഞു. കൊപ്രാ സംഭരണത്തിലും സി.പി.എസുകൾക്ക് വില്ലേജ് ഓഫീസറുടെയും, കൃഷി ഓഫീസറുടെയും സർട്ടിഫിക്കറ്റ് ഇല്ലാതെ, അവരുടെ ബോർഡിലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ നേരിട്ട് സംഭരണ ഏജൻസികൾക്ക് കൊപ്ര നല്കുന്നതിനും ഗവൺമെന്റുത്തരവുണ്ട്. ഈ അവസരങ്ങൾ സി.പി.എസുകളും തെങ്ങിന്റെ ചങ്ങാതിക്കൂട്ടവും പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇളനീർ കൂടുതലായി വിളവെടുപ്പു നടത്തുന്നതിനും, സംസ്ക്കരിച്ച് പായ്ക്കു ചെയ്യുന്നതിനുമുള്ള പ്രോജക്ടുകൾ കൂടുതലായി നമുക്ക് ഏറ്റെടുക്കാൻ കഴിയണം.

അതുപോലെ തന്നെ തെങ്ങിന്റെ ചങ്ങാതിമാരിൽ നിന്നും ചെറിയ നഴ്സറികൾക്കുള്ള പ്രോജക്ടുകളും പ്രതീക്ഷിക്കുന്നു. ആവശ്യമെങ്കിൽ ഡ്വാർഫ് ഇനത്തിൽ പെട്ട ഗുണമേന്മയുള്ള വിത്തുതേങ്ങകൾ അവർക്കും ലഭ്യമാക്കുന്നതാണ്.

*ഏറ്റവും മികച്ച 1000 തെങ്ങിന്റെ ചങ്ങാതിമാർക്കെങ്കിലും തെങ്ങുകൃഷി സംബന്ധമായ ജോലികൾക്ക് വിദേശത്ത് തൊഴിലവസരം നേടാനും ബോർഡ് സഹായമൊരുക്കുകയാണ്. എല്ലാ ജില്ലകളിലെയും ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വച്ച തെങ്ങിന്റെ ചങ്ങാതിമാരെ അടുത്ത മാസങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ തോറും റിവ്യൂ നടത്തിയാണ് ഇതിലേക്കായി തെരഞ്ഞെടുപ്പ് നടത്തുക. മികച്ച വരുമാനം വിദേശത്തു പോയും നേടാൻ തെങ്ങിന്റെ ചങ്ങാതിമാർക്ക് ബോർഡ് അവസരം നല്കുമെന്നു ചുരുക്കം.*

അടുത്ത സീസണിലെങ്കിലും വിലിയിടിവുണ്ടാവാത്ത രീതിയിൽ, കേരളത്തിൽ കരിക്കിന്റേയും, കരിക്കുൽപന്നങ്ങളുടേയും വിപണനം ആഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ നടപ്പാക്കേണ്ടതുണ്ട്. കൂടാതെ സി.പി.എസുകളും അവയുടെ ഫെഡറേഷനുകളും വഴി ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ 200 ആധുനിക കൊപ്ര ഡ്രയറുകളും സ്ഥാപിക്കുന്നതിന് ബോർഡ് ലക്ഷ്യമിടുന്നു.

ഇങ്ങനെ നിരവധി പ്രതിസന്ധികളും വിലയിടിവിന്റെ നിരാശയും കേരകർഷകരെ അലട്ടുമ്പോൾ അവയ്ക്ക് കൂട്ടായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് മുൻപന്തിയിൽ ബോർഡ് നിങ്ങളോടൊപ്പമുണ്ട്.

ആശംസകളോടെ,

ടി. കെ. ജോസ്
ചെയർമാൻ

# തിരുവനന്തപുരം ചങ്ങാതിക്കൂട്ടം പുതിയ തൊഴിലിൽ സന്തുഷ്ടർ

**നിഷ ജി.**

2011 ആഗസ്റ്റ് മാസം 17-ാം തീയതി മിത്രനികേതൻ കൃഷിവിജ്ഞാന കേന്ദ്രത്തിലാണ് തിരുവനന്തപുരം ജില്ലയിലെ യന്ത്രമുപയോഗിച്ചുള്ള തെങ്ങുകയറ്റ പരിശീലനത്തിന് തുടക്കം കുറിച്ചത്. പിന്നീട് കരകുളം ഗ്രാമീണ പഠനകേന്ദ്രവും മറ്റൊരു പരിശീലനകേന്ദ്രമായി മാറി. ഈ രണ്ടു കേന്ദ്രങ്ങളിൽ 27 ബാച്ചുകളിലായി 618 പേരാണ് തിരുവനന്തപുരം ജില്ലയിൽ നിന്നും പരിശീലനം നേടിയത്. ഇതിൽ 38 പേർ സ്ത്രീകളായിരുന്നു എന്നതും മറ്റൊരു എടുത്ത് പറയേണ്ട വസ്തുതയാണ്. പരിശീലന കാലയളവിൽ രണ്ട് പരിശീലനകേന്ദ്രങ്ങളും നൽകിയ അകമഴിഞ്ഞ സഹകരണവും ആത്മാർത്ഥതയും പരിശീലന പരിപാടിയുടെ വിജയത്തിനായി നൽകിയ സംഭാവന എടുത്തുപറയാതെ വയ്യ. പരിശീലനപരിപാടിയുടെ നേട്ടങ്ങൾ ഒരു തൊഴിൽ എന്ന നിലയിൽ തങ്ങളുടെ ജീവിത മാർഗ്ഗത്തിനായി ഉപകരിക്കുമെന്നും ഇത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ഏറ്റവും കൂടുതലായി കൃഷി ചെയ്യപ്പെടുന്ന ഒരു വിളയുടെ സംരക്ഷണത്തിനായുള്ള ഏറ്റവും പ്രധാനപ്പെട്ട ചുവട് വെയ്പുകളിലൊന്നാണെന്നും തിരിച്ചറിഞ്ഞ തിരുവനന്തപുരം ജില്ലയിലെ ഒരു കൂട്ടം ചെറുപ്പക്കാരുടെ അനുഭവങ്ങളാണ് ഇവിടെ വിവരിക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ പൂവ്വച്ചൽ സ്വദേശിയായ ബിനുവിന്റെ കുടുംബം ഭാര്യയും മകളും അടങ്ങിയതാണ്. മിത്രനികേതൻ കൃഷി വിജ്ഞാനകേന്ദ്രത്തിൽ നിന്നാണ് ഇദ്ദേഹം പരിശീലനം നേടിയത്. ദിവസവും 80 മൂട് തെങ്ങിൽ കയറുന്ന ബിനുകുമാറിന്റെ പ്രവർത്തനമേഖല പൂവ്വച്ചൽ മുതൽ തിരുമല, പേയാട് വരെയാണ്. പരിശീലനത്തിന് മുൻപ് ബിനുകുമാറിന്റെ ഉപജീവനമാർഗ്ഗം കൂലിപ്പണിയായിരുന്നു. പരമ്പരാഗത രീതിയിലും തെങ്ങുകയറുന്ന ബിനുവിന് ഈ രീതിയിൽ 50 മൂട് വരെയാണ് ദിവസവും കയറുവാൻ കഴിഞ്ഞിരുന്നത്. ഉച്ചയ്ക്ക് 12 മണിയാകുമ്പോൾ തെങ്ങുചൂടായിക്കഴിഞ്ഞാൽ തളപ്പിട്ട് കയറുവാൻ സാധ്യമല്ലാതാകും. എന്നാൽ മെഷീൻ ഉപയോഗിച്ച് കയറുമ്പോൾ അത് ബാധകമല്ല. തേങ്ങ ഇടുന്നതിനോടൊപ്പം മണ്ട വൃത്തിയാക്കുന്നതും ബിനു മുടക്കമില്ലാതെ ചെയ്തു വരുന്നു. 20 രൂപ വരെയാണ് ഇതിനായി പരമാവധി ഒരു തെങ്ങിന് ലഭിക്കുന്നത്. മെഷീന്റെ സുഗമമായ ഉപയോഗത്തിനായി സ്വന്തമായി പല കാര്യങ്ങളും ബിനു മെഷീനിൽ കൂട്ടിച്ചേർത്തിരുന്നു. അതുകൊണ്ടുതന്നെ ബിനുവിന് മെഷീനെക്കുറിച്ച് പരാതികളില്ല. വൈകീട്ട് 3 മണിവരെയാണ് ബിനു സാധാരണയായി ജോലി ചെയ്യാറുള്ളത്. പരിശീലനം നേടിക്കഴിഞ്ഞശേഷം ഈ മേഖലയിൽ തന്നെ തുടരുന്ന ബിനു കൂലിപ്പണി ചെയ്തിരുന്ന കാലത്തെ അപേക്ഷിച്ച് ജീവിതത്തിലുണ്ടായ വളരെ ഗുണപരമായ മാറ്റം വിവരിച്ചു. ഭാര്യ സവിതയും കൃതജ്ഞതാപൂർവ്വമാണ് ഈ പരിശീലന പരിപാടിയേയും അതിന് പിന്നിലുള്ളവരേയും നോക്കിക്കാണുന്നത്.

തിരുവനന്തപുരം കരകുളത്തെ മൂന്നാമത്തെ ബാച്ചിൽ പരിശീലനത്തിൽ പങ്കെടുത്ത അരുളി വിതുര സ്വദേശിയാണ്. ഭാര്യയും മകനും ഉൾപ്പെട്ട കുടുംബത്തിന്റെ പരിപൂർണ്ണ പിന്തുണയും അരുളിയ്ക്കുണ്ട്. വിതുര പഞ്ചായത്തിലും തിരുവനന്തപുരം നഗരത്തിൽ വഴുതയ്ക്കാട്, പേരൂർക്കട പ്രദേശങ്ങളിലും അരുളി തന്റെ പ്രവർത്തനമേഖല വ്യാപിപ്പിച്ചിരിക്കുന്നു. ദിവസവും 75ഓളം തെങ്ങുകളാണ് ഇദ്ദേഹം തേങ്ങയിടുന്നതിനും മണ്ട വൃത്തിയാക്കുന്നതിനുമായി കയറുന്നത്. ചാറ്റൽ മഴയുള്ള ദിവസങ്ങളിൽ 100 മുതൽ 120 വരെ തെങ്ങുകളിൽ കയറാനാകുമെന്ന് അരുളി പറയുന്നു. ഇതിനുകാരണം ചാറ്റൽ മഴയുള്ള ദിവസങ്ങളിൽ ചൂട് കുറവായതുകൊണ്ട് ക്ഷീണം കുറയുമെന്നതാണ്. മെഷീൻ ഉപയോഗിച്ചുള്ള തെങ്ങ് കയറ്റം വളരെ ആയാസരഹിതമാണെന്ന് ഇദ്ദേഹം പറയുന്നു. രാവിലെ വീട്ടിൽ നിന്നിറങ്ങുമ്പോൾ തന്നെ ആവശ്യക്കാർ ബൈക്കിലെത്തി കൂട്ടിക്കൊണ്ടുപോയി പണികഴിയുമ്പോൾ തിരികെ എത്തിക്കുന്നു. ലോണെടുത്ത് ഒരു വണ്ടിയെടുക്കാനും മരുന്ന് തളിക്കാനുള്ള സാമഗ്രികളടക്കം സംഘടിപ്പിച്ച് പ്രവർത്തനമേഖ



*ബിനു കുമാർ*



*അരുളി*



*ഗോപകുമാർ*



ശേഖർ



വിഘ്നേഷ്



രാഹുൽ

വിപുലീകരിക്കാനുമുള്ള തയ്യാറെടുപ്പിലാണ്. ഒരു തവണ മാസ്റ്റർ ട്രെയിനി ആകാനുള്ള അവസരവും അരുളിയ്ക്കുണ്ടായി. സാമ്പത്തിക സുരക്ഷ തരുന്നതിന് ഈ ജോലി വളരെ സഹായകരമാണെന്ന് അരുളി പറയുന്നു.

തമിഴ്നാട്ടിൽ നിന്ന് കേരളത്തിലെത്തിയ ശേഖർ ഇവിടെയെത്തിയിട്ട് 28 വർഷങ്ങളായി. ഭാര്യ ആഷയും രണ്ട് മക്കളുമൊത്താണ് ശേഖർ തൊളിക്കോട് പഞ്ചായത്തിൽ താമസിക്കുന്നത്. രാവിലെ 6 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെയാകുമ്പോഴേക്കും 110 തെങ്ങ് വരെ കയറിയ ദിവസങ്ങളുണ്ടെന്ന് ശേഖർ പറയുന്നു. പരമ്പരാഗത രീതിയിൽ മുമ്പ് തെങ്ങ് കയറിയിരുന്ന ശേഖറിന് 70 മൂട് വരെ ഈ രീതിയിൽ കയറുവാൻ സാധിക്കുമായിരുന്നു. പക്ഷേ ഈ രീതിയിൽ തെങ്ങ് കയറുമ്പോഴുള്ള ആയാസം മൂലം ആഴ്ചയിൽ പകുതി ദിവസം മാത്രമേ ജോലി ചെയ്യാൻ സാധിച്ചിരുന്നുള്ളൂ.ഇപ്പോൾ മെഷീൻ ഉപയോഗിക്കുന്നതുമൂലം ഈ ദിവസങ്ങളിലെ വിശ്രമം ആവശ്യമായി വരുന്നില്ലെന്ന് ശേഖർ കൂട്ടിച്ചേർത്തു. തൊളിക്കോട്, വിതുര, നന്ദിയോട്, പേട്ട ഇവിടങ്ങളിലൊക്കെ ശേഖർ ജോലിക്കെത്തുന്നു. ബസിൽ മെഷീനുമായി പോകാനുള്ള ബുദ്ധിമുട്ട് കാരണം ഒരു ബൈക്ക് വാങ്ങി അതിലാണ് ജോലിക്കെത്തുന്നത്. ഇത് ജോലിയെ കൂടുതൽ കാര്യക്ഷമമാക്കുന്നു. ഭാര്യ ആഷയാണ് ശേഖറിന്റെ മാനേജർ. ആവശ്യക്കാരുടെ ഫോൺകോളുകൾ സ്വീകരിച്ച് ജോലിക്കെത്താൻ കഴിയുന്ന തീയതി തീരുമാനിക്കുന്നത് ആഷയാണ്. ഭാര്യയുടെ പിന്തുണ തന്റെ ജോലിയെ കൂടുതൽ കാര്യക്ഷമമാക്കുന്നുവെന്ന് ശേഖർ സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ നെടുമങ്ങാട്, പാലോട്, വിതുര എന്നീ സ്ഥലങ്ങളിൽ ഒരോ ഇളനീർ പന്തൽ തുടങ്ങാനുള്ള ഒരുക്കത്തിലുമാണ് ശേഖർ.

വാർത്താപ്രാധാന്യം നേടിയ വിളപ്പിൽശാല സ്വദേശിയായ ഗോപകുമാർ മിത്രനികേതനിൽ നിന്നും ഫെബ്രുവരിയിലാണ് പരിശീലനം നേടിയത്. ഭാര്യയും രണ്ടു മക്കളുമടങ്ങുന്ന കുടുംബം പൂർണ്ണ പിന്തുണയുമായി പുറകെയുണ്ട്. സ്വന്തമായി 75 തെങ്ങുകളുള്ള ഇദ്ദേഹത്തിന് തേങ്ങയിടാൻ ആളെക്കിട്ടാനില്ലാത്തതുകാരണം വീട്ടാവശ്യത്തിനുപോലും തേങ്ങ കിട്ടാനില്ലാത്ത അവസ്ഥയിലാണ് ഈ പരിശീലന പരിപാടിയെക്കുറിച്ചറിഞ്ഞ് പങ്കെടുക്കാനെത്തിയത്. 30 തെങ്ങുകൾ വരെ ദിവസവും കയറുന്ന ഇദ്ദേഹം ദിവസവും 4 മണിയ്ക്ക് തന്നെ തന്റെ ജോലി തുടങ്ങുന്നു. ബൈക്കിലാണ് ഗോപകുമാർ ജോലിക്കായി പോകുന്നത്; ഒന്നിച്ച് പരിശീലനം നേടിയ അശോകനും സുഭാഷും കൂടെയുണ്ടാകും. ഗോപകുമാറിന്റെ നേതൃത്വത്തിൽ വിളപ്പിൽ പഞ്ചായത്തിന്റെ രണ്ട് വാർഡുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൽപ്പശ്രീ എന്നൊരു ഉത്പാദകസംഘവും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പരിശീലനത്തിന്റെ ഭാഗമായി നേടിയ സസ്യസംരക്ഷണരീതികളും ഇദ്ദേഹം പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിട്ടുണ്ട്. സ്പ്രേയർ വാങ്ങി വേപ്പെണ്ണ - വെളുത്തുള്ളി മിശ്രിതം ആവശ്യമുള്ളപ്പോൾ തളിക്കാനും മണ്ട വൃത്തിയാക്കാനും ഗോപകുമാർ മറക്കാറില്ല. തൊഴിലിനുമപ്പുറം കാലഘട്ടത്തിന്റെ ആവശ്യത്തിനായി ലഭിച്ച ഒരു പരിശീലനമായി ഇതിനെ നോക്കിക്കാണുന്ന ഗോപകുമാർ തേങ്ങയിടാൻ ആളെക്കിട്ടാത്ത ആളുകളോട് പറയുന്നു - “ഞങ്ങളിവിടെയുണ്ട്; ഇതുമൂലം നിങ്ങൾ തെങ്ങിനെ ഉപേക്ഷിക്കരുത്”.

അരുവിക്കര സ്വദേശിയായ പതിനെട്ടുകാരൻ വിഘ്നേഷും വിതുര സ്വദേശിയായ പതിനെട്ടുകാരൻ രാഹുലും മിത്രനികേതനിൽ വെച്ചാണ് പരിശീലനം നേടിയത്. ഒരുമിച്ചാണ് രണ്ടുപേരും ജോലിക്ക് പോകുന്നത്. പരമാവധി 30 തെങ്ങുകളിൽ വരെ ഓരോരുത്തരും കയറുന്നു. വെള്ളനാട്, ആനപ്പാറ പ്രദേശങ്ങളാണ് ഇവരുടെ പ്രവർത്തനമേഖല. 15–20 രൂപ വരെയാണ് ഒരു തെങ്ങിൽ കയറുന്നതിന്റെ പ്രതിഫലം. ശനി, ഞായർ ദിവസങ്ങളിൽ കമ്പ്യൂട്ടർ കോഴ്സിനും, വരുന്ന വർഷം ഡിഗ്രിക്കും ചേരുവാനുദ്ദേശിക്കുന്ന ഇവരുടെ ഫീസിനും മറ്റ് ചെലവുകൾക്കുമുള്ള തുക ഈ ജോലിയിൽ നിന്നുള്ള വരുമാനത്തിൽ നിന്നാണ് കിട്ടുന്നത്. സ്വന്തമായി നിക്ഷേപവും ഇവർക്കുണ്ട്. രണ്ടുപേരുടേയും കുടുംബാംഗങ്ങളും വളരെ അനുകൂലമായി ഇവരുടെ ഈ കാൽവെയ്പിനെ നോക്കിക്കാണുന്നു എന്നതാണ് സന്തോഷകരമായ മറ്റൊരു വസ്തുത.

ഈ പരിശീലന പരിപാടികൊണ്ട് ഉദ്ദേശിച്ച ലക്ഷ്യങ്ങൾ പ്രായോഗിക തലത്തിൽ സാക്ഷാത്ക്കരിക്കുന്നതിന് ഈ ചെറുപ്പക്കാർ നടത്തുന്ന ശ്രമങ്ങൾ തീർച്ചയായും ശ്ലാഘനീയമാണ്. എല്ലാറ്റിനുമുപരി നമ്മുടെ പ്രിയപ്പെട്ട വിളയുടെ രക്ഷയ്ക്കായി മുൻപുണ്ടായിട്ടില്ലാത്ത വിധത്തിൽ ഇത്തരമൊരു പരിശീലനപരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും അത് കേരളത്തിലെ കുറെയേറെ ചെറുപ്പക്കാരുടെ തൊഴിൽ സുരക്ഷയ്ക്കായുള്ള മാർഗ്ഗമായിത്തീരുകയും ചെയ്യുമ്പോൾ അഭിനന്ദനം അർഹിക്കുന്നത് മറ്റാരുമല്ല; ഈ പരിശീലന പരിപാടിയ്ക്ക് രൂപം കൊടുക്കുകയും, നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർക്ക് സകലവിധ പ്രേരണയും പ്രചോദനവും പിന്തുണയുമായി നിലകൊള്ളുകയും ചെയ്ത നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐഎഎസ് അവർകൾ തന്നെയാണ്.

*ടെക്നിക്കൽ ഓഫീസർ,*
*നാളികേര വികസന ബോർഡ്,*
*തിരുവനന്തപുരം*


# കൊല്ലത്തുനിന്ന് ചില ചങ്ങാതി വിശേഷങ്ങൾ

ജയനാഥ് ആർ.[1], ജഗദീഷ് ശങ്കർ സി.എസ്[2]

കൊല്ലം ജില്ലയിൽ ചിങ്ങം ഒന്നാം തീയതി ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയിൽ 514 പേർ പരിശീലനം നേടി. കൊട്ടാരക്കര കൃഷി വിജ്ഞാന കേന്ദ്രത്തിലാണ് പരിശീലനം ആദ്യം ആരംഭിച്ചത്. കൃഷി വിജ്ഞാനകേന്ദ്രത്തിൽ എട്ട് ബാച്ചുകളിലായി 198 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്. ഇവരിൽ 27 പേർ സ്ത്രീകളാണ്.

കൊല്ലത്ത് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം നടത്താൻ തയ്യാറായി മുന്നോട്ടുവന്ന ഏക സന്നദ്ധസംഘടന വൈഎംസിഎ ആയിരുന്നു. വൈഎംസിഎ യുടെ കൊട്ടിയം ക്യാമ്പ് സെന്ററിൽ പതിമൂന്ന് ബാച്ചുകളിലായി 318 പേരാണ് പങ്കെടുത്തത്. ഇവരിൽ 58 പേർ സ്ത്രീകളായിരുന്നു.

ജില്ലയിലെ എല്ലാ പഞ്ചായത്തുകളിൽ നിന്നും പ്രാതിനിധ്യമുണ്ടായില്ലെങ്കിലും ചില പ്രദേശങ്ങളിൽ നിന്ന് നല്ല പ്രതികരണം ഉണ്ടായി. പരിശീലനം നേടിയ ചങ്ങാതിമാരിൽ അമ്പലംകുന്ന് കേന്ദ്രമാക്കി രൂപീകരിച്ചിരിക്കുന്ന 22 പേർ ഉൾപ്പെട്ട യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.ഓട്ടോ വാടകയ്ക്കെടുത്താണ് ഇവർ സമീപപ്രദേശങ്ങളിൽ തെങ്ങ് കയറുവാൻ പോകുന്നത്. കരീപ്രയിൽ രൂപീകൃതമായ 15 ചങ്ങാതിമാരുടെ മറ്റൊരുയൂണിറ്റ് തെങ്ങ് കയറ്റം ഉപജീവനമാർഗ്ഗമായി സ്വീകരിച്ച് കരീപ്ര,എഴുകോൺ,കുണ്ടറ തുടങ്ങിയ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. രണ്ട് യൂണിറ്റുകളും ഇതുവരെ അൻപതിനായിരത്തിലേറെ തെങ്ങുകൾ വീതം കയറിയിട്ടുണ്ട്.



യശോധരൻ

കൊല്ലം ജില്ലയിലെ വിളന്തറ സ്വദേശിയായ യശോധരൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നാണ് പരിശീലനം പൂർത്തിയാക്കിയത്. കൂലിപ്പണിയും കുറച്ച് പൊതുപ്രവർത്തനവുമായി ജീവിച്ചുവരുമ്പോഴാണ് ചങ്ങാതിക്കൂട്ടം പരിശീലനത്തെക്കുറിച്ച് അറിയാനിടയായത്. പരിശീലനം ജീവിതത്തെയാകെ മാറ്റിമറിച്ചതായി യശോധരൻ പറയുന്നു. ഇപ്പോൾ എന്നും തൊഴിലുണ്ട്, സ്ഥിരം വരുമാനവും. പരിശീലനം നേടിയിട്ട് ഒൻപത് മാസം പിന്നിടുമ്പോൾ ജീവിതം സ്വച്ഛന്ദ മധുരം; കൈനിറയെ വരുമാനവും.ഒരു തെങ്ങിൽ കയറുന്നതിന് 20 മുതൽ 25 രൂപ വരെ ലഭിക്കുന്നു. ഒരുമാസം 20–23 ദിവസം വരെ ജോലിചെയ്യുന്നുണ്ട്. തെങ്ങിൽ മരുന്ന് തളിക്കുന്നതിന് 30 രൂപയാണ് വാങ്ങുന്നത്. ഒൻപത് മാസത്തെ വരുമാനം ഒരുലക്ഷം രൂപ കവിഞ്ഞതായി യശോധരൻ പറഞ്ഞു.ഒൻപത് മാസത്തെ വരുമാനം കൊണ്ട് പുതിയ വീടിന്റെ നിർമ്മാണവും ആരംഭിച്ച് കഴിഞ്ഞു. മക്കളുടെ വിദ്യാഭ്യാസച്ചെലവുകൾ നിർബ്ബാധം നടക്കുന്നതിൽ യശോധരൻ സന്തുഷ്ടനാണ്. സമൂഹത്തിൽ മാന്യമായൊരു സ്ഥാനം ലഭിക്കാൻ ഈ തൊഴിൽ സഹായകരമായെന്ന് യശോധരൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.



മാർട്ടിന

മൈലം സ്വദേശി മാർട്ടിനയുടെ ഭർത്താവ് ഗൾഫിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും ജീവിതഭാരം ലഘൂകരിക്കുന്നതിനായി ഡ്രൈവിംഗ് പഠിപ്പിക്കാൻ പോകുകയായിരുന്നു മാർട്ടിന. വരുമാനം വർദ്ധിപ്പിക്കാൻ ഒരു മാർഗ്ഗം അന്വേഷിക്കുകയായിരുന്ന മാർട്ടിനയുടെ മുമ്പിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനത്തിന്റെ പരസ്യം ദൈവദൂതനെപ്പോലെയാണ് അവതരിച്ചത്. കൃഷി വിജ്ഞാനകേന്ദ്രത്തിൽ നിന്ന് പരിശീലനം നേടിയ മാർട്ടിന ഇതുവരെ ഏകദേശം അയ്യായിരത്തോളം തെങ്ങുകൾ കയറിയിട്ടുണ്ട്. മാർട്ടിനയുടെ സഹോദരൻ ജോൺസണും ചങ്ങാതിക്കൂട്ടം പരിശീലനം നേടിയതാണ്. പതിവായി സമീപപ്രദേശങ്ങളിൽ തെങ്ങ് കയറുന്ന മാർട്ടിന ദൂരെയുള്ള സ്ഥലങ്ങളിൽ ജോൺസണോടൊപ്പം ബൈക്കിലാണ് പോകുന്നത്. ഒരു തെങ്ങിൽ കയറുന്നതിന് 20 രൂപയാണ് വാങ്ങുന്നത്. പതിനായിരത്തിലധികം രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കടങ്ങളെല്ലാം വീട്ടി. കുട്ടികളുടെ പഠനവും അനുബന്ധച്ചെലവുകളും സുഗമമായി നടക്കുന്നു. നാട്ടുകാരുടെ പൂർണ്ണസഹകരണം ലഭിക്കുന്നുണ്ടെന്നതിൽ സന്തുഷ്ടയാണ് മാർട്ടിന. ഡ്രൈവിംഗ് പരിജ്ഞാനമുള്ളതിനാൽ ഇരുചക്രവാഹനം ലഭിച്ചുകഴിഞ്ഞാൽ തൊഴിൽ മേഖല വിപുലപ്പെടുത്താൻ കഴിയുമെന്നാണ് മാർട്ടിനയുടെ അഭിപ്രായം.



ജോസ്

സുവിശേഷക വൃത്തിയിൽ നിന്ന് തെങ്ങുകയറ്റം പഠിക്കാൻ എത്തിയതാണ് കുളക്കട സ്വദേശി ജോസ്. ആഴ്ചയിൽ രണ്ട് ദിവസം മാത്രമുള്ള സുവിശേഷക ജോലി കഴിഞ്ഞ് ബാക്കി ദിവസങ്ങളിൽ ഒരു വരുമാന മാർഗ്ഗം കണ്ടെത്താനുള്ള പരിശ്രമഫലമായാണ് ജോസ് ചങ്ങാതിക്കൂട്ടം പരിശീലനത്തിനെത്തുന്നത്.

ശേഷം 37–ാം പേജിൽ



# ചങ്ങാതിക്കൂട്ടത്തിന്റെ വിശേഷങ്ങളുമായി ആലപ്പുഴയിൽ നിന്ന് ....

**രശ്മി ഡി എസ്**

''ഏത് ജോലിക്കും അതിന്റേതായ മാന്യതയുണ്ടെന്ന് എനിക്ക് ഇപ്പോൾ മനസ്സിലായി'', ഇത് ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്തതിനു ശേഷം തെങ്ങുകയറ്റം തൊഴിലാക്കിയ പാണാവള്ളി സ്വദേശി അനിലിന്റെ വാക്കുകൾ.

ലേക്ഷോർ ഹോസ്പിറ്റലിലെ ജീവനക്കാരനായ അനിൽ വളരെ യാദൃശ്ചികമായാണ് 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിശീലനത്തിനെത്തിയത്. കായകുളം കൃഷി വിജ്ഞാനകേന്ദ്രത്തിൽ വെച്ച് നടന്ന ആലപ്പുഴ ജില്ലയിലെ ആദ്യബാച്ചിൽ തന്നെ അനിൽ പങ്കെടുത്തു.

പാണാവള്ളി പഞ്ചായത്തിൽ നിന്ന് അനിൽ മാത്രമാണ് ആദ്യബാച്ചിൽ പരിശീലനത്തിന് ഉണ്ടായിരുന്നത്. പരിശീലനത്തിനുശേഷം അനിൽ തെങ്ങുകയറ്റ യന്ത്രവുമായി തൊഴിലിനിറങ്ങി. കൃഷി ഭവനിലും മറ്റ് അനുബന്ധ ഓഫീസുകളിലും അനിൽ തന്റെ മൊബൈൽഫോൺ നമ്പർ നൽകിയതുകൊണ്ട് അനിലിനെത്തേടി ധാരാളം ആവശ്യക്കാരെത്തുന്നു.

ഏറ്റെടുക്കുന്ന ജോലി കൃത്യസമയത്ത് ചെയ്തുകൊടുക്കണമെന്നുള്ളത് അനിലിന് നിർബന്ധമാണ്. അതിനാൽ ഹോസ്പിറ്റലിലെ ജോലി ഉച്ചയ്ക്ക് മൂന്ന് മണിക്ക് ശേഷമാക്കി. സ്ഥിരവരുമാനമായതോടെ തന്റെ ബാദ്ധ്യതകളെല്ലാം കുറഞ്ഞെന്ന് അനിൽ പറയുന്നു. "വീട് പുതുക്കി, പണയത്തിലായിരുന്ന ഭാര്യയുടെ ആഭരണങ്ങൾ തിരികെ എടുത്തു". അനിലിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പാണാവള്ളിയിലെ പത്തൊൻപതോളം ചെറുപ്പക്കാർ പിന്നീട് പരിശീലനത്തിനെത്തി. രണ്ടുപേർ കായംകുളം കൃഷി വിജ്ഞാന കേന്ദ്രത്തിലും ബാക്കിയുള്ളവർ കലവൂരുള്ള സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിലുമാണ് പരിശീലനം നേടിയത്. ഇപ്പോൾ ഇവർ ചെറുസംഘങ്ങളായാണ് ജോലി ചെയ്യുന്നത്. തങ്ങളുടെയെല്ലാം ഫോൺനമ്പർ സഹിതമുള്ള ഫ്ളക്സ് ബോർഡ് ജംഗ്ഷനിൽ സ്ഥാപിച്ചത് ഏറെ സഹായകരമായതായി ഇവർ പറഞ്ഞു.

ഫോണിലൂടെ ആവശ്യക്കാർ മുൻഗണന ക്രമമനുസരിച്ച് ഡേറ്റ് നൽകും. ഒരേ ദിവസം ഒന്നിലധികം ബുക്കിംഗുകൾ വരാതെ ഇവർ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്.



*ചങ്ങാതിക്കൂട്ടം കൃഷി വിജ്ഞാനകേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ. മുരളീധരൻ, അരൂക്കുറ്റി കൃഷി ഓഫീസർ ശ്രീ. ശിവദാസൻ, ചാർജ്ജ് ഓഫീസർ ശ്രീമതി ഡി.എസ് രശ്മി എന്നിവർക്കൊപ്പം*

കൃത്യദിവസം തന്നെ പണിക്ക് ചെല്ലുക എന്നതിൽ സംഘാംഗങ്ങൾ വിട്ടുവീഴ്ച വരുത്താറില്ല. അതിനാൽ ഒരിക്കൽ തേങ്ങയിടാൻ വിളിച്ചവർ വീണ്ടും ഇവരെത്തന്നെ സ്ഥിരമായി വിളിക്കുകയാണിപ്പോൾ. രാവിലെ 6 മണിമുതൽ ഉച്ചയ്ക്ക് 3 മണി വരെയാണ് ജോലിസമയം. മെഷീൻ ഉപയോഗിച്ച് ഒരാൾക്ക് 30-40 തെങ്ങ് കയറാൻ യാതൊരു ബുദ്ധിമുട്ടുമില്ല എന്നിവർ സാക്ഷ്യപ്പെടുത്തുന്നു. തെങ്ങൊന്നിന് 20-25 രൂപ വരെ നൽകാൻ വീട്ടുകാരും മടികാണിക്കാറില്ലെന്ന് ഇവർ പറയുന്നു. തെങ്ങിന്റെ എണ്ണം അനുസരിച്ച് കൂലി കുറച്ച് കൊടുത്തും ഇവർ കൃഷിക്കാരെ സഹായിക്കുന്നു.

ആദ്യഘട്ടത്തിൽ ഈ പ്രദേശത്തെ പാരമ്പര്യ തെങ്ങുകയറ്റക്കാരിൽ നിന്ന് എതിർപ്പ് ഉണ്ടായിരുന്നു. എന്നാൽ രമ്യമായി പ്രശ്നം പരിഹരിച്ചതിനാൽ പ്രായമായ പാരമ്പര്യതെങ്ങുകയറ്റക്കാർ ഇപ്പോൾ ഇവർക്ക് ധാരാളം ഓർഡർ പിടിച്ച് കൊടുക്കുന്നു എന്നതിൽ ഇവർ സന്തുഷ്ടരാണ്.

അരൂക്കുറ്റി കൃഷി ഓഫീസർ ശ്രീ.ശിവദാസനും കൃഷി വിജ്ഞാന കേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ. മുരളീധരനും ചങ്ങാതിക്കൂട്ടത്തെ കാണാനെത്തിയിരുന്നു. ചങ്ങാതിക്കൂട്ടത്തെക്കുറിച്ച് ഡോ. മുരളീധരന്റെ വാക്കുകളിങ്ങനെ, " ഇവരുടെ സേവനം നാളികേര മേഖലയ്ക്ക് ഉണർവ്വ് നൽകിയിട്ടുണ്ട്. നാളികേരോത്പാദകസംഘങ്ങളുമായി ചങ്ങാതിക്കൂട്ടം ചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. കൂടുതൽ ചെറുപ്പക്കാർ ഈ രംഗത്ത് പ്രവർത്തിക്കാൻ സന്നദ്ധരായാലേ നാളികേരകൃഷിയിലെ തൊഴിലാളിക്ഷാമത്തിന് പൂർണ്ണപരിഹാരമാകൂ".

"പരസ്യം കൊടുത്താൽ ഇവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുമെന്ന് മാത്രമല്ല, മറ്റ് പ്രദേശത്തെ യുവജനങ്ങൾക്ക് ഈ തൊഴിലിലേക്ക് വരാൻ അത് പ്രചോദനവുമാകും" എന്ന് കൃഷിഓഫീസർ ശ്രീ. ശിവദാസൻ കൂട്ടിച്ചേർത്തു. തേങ്ങയുടെ വിലയിടിയുന്ന സമയത്ത് കയറ്റക്കൂലി കുറച്ചാൽ നന്നായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.



*മങ്കൊമ്പിലെ ചങ്ങാതിക്കൂട്ടം ശ്രീ. വി.എം. തോമസിന്റെ തോട്ടത്തിൽ*

സംഘാംഗമായ ബാബു പരിശീലനത്തിന് മുൻപ് മത്സ്യത്തൊഴിലാളി ആയിരുന്നു. ദിവസവും ചുരുങ്ങിയത് 750 രൂപ സമ്പാദിക്കുവാൻ പറ്റുന്നുവെന്ന വസ്തുതയാണ് തന്നെ ഈ തൊഴിലിൽതന്നെ തുടരാൻ പ്രേരിപ്പിക്കുന്നതെന്ന് ബാബു പറയുന്നു.

ഇലക്ട്രീഷ്യനായ രാജേഷിന് പറയാനുള്ളതും ഇതുതന്നെ. സ്ഥിരം ജോലി, നല്ല വരുമാനം, വീട്ടുകാർക്കും സന്തോഷം. എല്ലാവരുടേയും വാക്കുകളിൽ ആത്മവിശ്വാസവും അഭിമാനവും നിറഞ്ഞിരുന്നു.

**മങ്കൊമ്പിലെ ചങ്ങാതിമാർ**

പുളിങ്കുന്ന് പഞ്ചായത്തിലെ ശ്രീ. വി.എം. തോമസിന്റെ തോട്ടത്തിൽ തേങ്ങയിടുന്ന തിരക്കിലായിരുന്നു മങ്കൊമ്പിലെ ചങ്ങാതിമാർ. കൃഷിവിജ്ഞാന കേന്ദ്രത്തിലും കലവൂരിലും പരിശീലനം നേടിയ എട്ട് പേരാണ് ഇവിടെയുള്ളത്. പരിശീലനം കഴിഞ്ഞയുടനെതന്നെ ചങ്ങനാശ്ശേരി, മാവേലിക്കര, എടത്വ എന്നിവിടങ്ങളിൽ നിന്നൊക്കെ ആവശ്യക്കാരെത്തി.

സുധീർ, ദീപു, പ്രവീൺ, സഞ്ചു, അനീത്,റെജി, സുരേഷ് എന്നിവരടങ്ങുന്നതാണ് ഈ സംഘം. രാവിലെ 6.30 മുതൽ വൈകീട്ട് 4 മണിവരെയാണ് ഇവരുടെ പ്രവർത്തന സമയം.

ഒരുദിവസം 1000 രൂപയോളം വരുമാനമുണ്ടാക്കുന്നുണ്ട് ഈ ചെറുപ്പക്കാർ. മുൻപ് പെയിന്റിംഗിന് പോയിരുന്ന പ്രവീൺ ഇപ്പോൾ മുഴുവൻ സമയതെങ്ങുകയറ്റക്കാരനാണ്. കലവൂർ സെന്ററിൽ പരിശീലനം കഴിഞ്ഞ റെജിക്കും പ്രദീപിനും വരുമാനം കൂടിയതിൽ ഏറെ സന്തോഷം. മെഷീൻ വെച്ച് കയറുമ്പോൾ ജോലി അനായാസകരമാകുന്നതിനാൽ കൂടുതൽ തെങ്ങിൽ കയറാം. അഞ്ച് മണിവരെ പോലും തെങ്ങ് കയറിയ ദിവസങ്ങളുണ്ടെന്ന് ഓർക്കുന്നിവർ. മഴയുള്ളപ്പോൾ പോലും മെഷീൻ ഉപയോഗിച്ച് കയറാൻ ബുദ്ധിമുട്ടില്ലാത്തതിനാൽ അവരുടെ പണിക്ക് മഴക്കാലത്തും മുടക്കം വന്നിട്ടില്ല. എറണാകുളം, വൈറ്റില, വെണ്ണല പ്രദേശങ്ങളിൽ നിന്നുള്ള ആവശ്യക്കാരെയും ഈ സംഘം നിരാശപ്പെടുത്തിയിട്ടില്ല. മെഷീൻ കൊണ്ടു പോകുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കൊണ്ട് മാത്രമാണ് ദൂരസ്ഥലങ്ങളിലെ ജോലി ഏറ്റെടുക്കാത്തത് എന്നിവർ പറയുന്നു.

ചങ്ങാതിയായ സഞ്ചുവിന് സഹോദരിയെ ബികോമിന് ചേർക്കാൻ കഴിഞ്ഞതിലാണ് ഏറെ സന്തോഷം. പെയിന്റിംഗ് ഉപേക്ഷിച്ച് ഇപ്പോൾ മുഴുവൻ സമയ തെങ്ങുകയറ്റക്കാരനാണ് സഞ്ചു.

ചങ്ങാതിക്കൂട്ടം വന്നതിന്ശേഷം കൃത്യമായി തേങ്ങയിടാൻ കഴിയുന്നുണ്ടെന്നാണ് കൃഷിക്കാരനായ തോമസ്സ് പറയുന്നത്. "ഇതിനുമുമ്പ് 4-5 മാസം കൂടുമ്പോഴാണ് തേങ്ങയിട്ടിരുന്നത്. മണ്ടയൊന്നും വൃത്തിയാക്കിയിരുന്നില്ല. ഇപ്പോൾ ഇവർ ഒരുമിച്ചു വന്ന് എല്ലാ പണിയും നല്ല വൃത്തിയായി ചെയ്തു തരും. ഒരു തെങ്ങിന് ഞാൻ 25 രൂപ കൊടുക്കാറുണ്ട്".

മങ്കൊമ്പിലേയും, ചമ്പക്കുളത്തേയും നാളികേരോത്പാദക സംഘങ്ങളുമായി ചേർന്ന് പ്രവർത്തിക്കാൻ ഒരുങ്ങുകയാണ് ഈ ചെറുപ്പക്കാർ.

ഹരിപ്പാട് ചെട്ടിക്കുളങ്ങരയിലെ ചങ്ങാതിമാരും ഏറെ തിരക്കിലാണ്. ചങ്ങാതിമാരായ സുബാഷ്, സുലേജ്, അനിൽ, അനു, ശിവരാമൻ, സന്ധ്യ എന്നിവർ അവരുടെ അനുഭവങ്ങൾ വളരെ ആവേശത്തോടെയാണ് വിവരിച്ചത്.

കൃഷിവിജ്ഞാന കേന്ദ്രത്തിൽ ട്രെയിനിംഗ് കഴിഞ്ഞദിവസം തന്നെ ആദ്യബുക്കിംഗ് ഒരു അനുഗ്രഹമായിട്ടാണ് വന്നത്. സിപിസിആർഐ കായംകുളം പ്രാദേശിക കേന്ദ്രം മേധാവി കോട്ടയത്തെ തന്റെ പുരയിടത്തിൽ തേങ്ങയിടാൻ ഈ സംഘത്തെ നിയോഗിച്ചു. ഇതുകൂടാതെ മറ്റനേകം തോട്ടങ്ങളിലും ഇവർ സ്ഥിരം കരാറുകാരാണ്. ദിവസത്തിൽ 800 രൂപയിൽ കുറയാതെ വരുമാനം ഉണ്ടാക്കുന്നതിൽ ഏറെ സന്തുഷ്ടരാണിവർ.

തേങ്ങയിടുന്നതുകൂടാതെ, ഓണാട്ടുകര ഗവേഷണകേന്ദ്രത്തിൽ സങ്കരയിനം തൈകൾ ഉത്പാദിപ്പിക്കുന്ന ജോലികൾക്കും സംഘത്തിലെ ഏകവനിതാ സാന്നിദ്ധ്യമായ സന്ധ്യ പോകാറുണ്ട്. എടയ്ക്കാട്ട് കൃഷിഭവനിൽ തെങ്ങുകയറ്റ പരിശീലനത്തിന് നേതൃത്വം നൽകാൻ കഴിഞ്ഞതും രസകരമായ അനുഭവമായി സന്ധ്യ അനുസ്മരിച്ചു.

മെഷീനുമായി ദൂരസ്ഥലങ്ങളിൽ പോകുന്നതിൽ ബുദ്ധിമുട്ടുണ്ടെന്നും ചെയ്ത് തീർക്കാൻ കഴിയുന്നതിലും അധികം ഓർഡർ കിട്ടുന്നുണ്ടെന്നും സംഘത്തിലെ പ്രായം കൂടുതലുള്ള ശിവരാമൻ പറഞ്ഞു.

"ഈ പ്രദേശത്ത് കൂടുതൽപേർ പരിശീലനത്തിൽ പങ്കെടുത്ത്, തെങ്ങുകയറ്റം തൊഴിലാക്കിയാൽ മാത്രമേ ആവശ്യക്കാർക്കെല്ലാം ഇവരുടെ സേവനം കൃത്യസമയത്ത് ലഭിക്കൂ" എന്ന് കൃഷിക്കാരനായ ശ്രീ. ശ്രീരംഗൻ അഭിപ്രായപ്പെടുന്നു.

"കൂടുതൽ വരുമാനം, സ്ഥിരം ജോലി, ഞങ്ങൾ സന്തുഷ്ടരാണ്", ചങ്ങാതിമാർ ഒന്നടങ്കം ഒരേസ്വരത്തിൽ പറയുന്നു.

---

*ടെക്നിക്കൽ ഓഫീസർ,*
*നാളികേര വികസന ബോർഡ്*




# കണ്ടു പഠിക്കൂ, ഇടുക്കിയിലെ ചങ്ങാതിമാരെ

**ദീപ്തി ആർ.**

നാളികേര വികസന ബോർഡിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി കഴിഞ്ഞ ചിങ്ങത്തിൽ ആരംഭിച്ചെങ്കിലും ഇടുക്കി ജില്ലയിലെ ആദ്യബാച്ച് പുറത്തിറങ്ങിയത് കഴിഞ്ഞ ക്രിസ്തുമസിന് തലേദിവസമാണ്. പരിശീലനംനേടി 5 മാസം പിന്നിടുമ്പോൾ ഈ തൊഴിലിൽതന്നെ ഉറച്ച് നിൽക്കുകയാണ് എല്ലാവരും.

തൊടുപുഴയിലെ ഗാന്ധിജി സ്റ്റഡി സെന്ററിൽ വെച്ചാണ് ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി സംഘടിപ്പിച്ചത്. ഇടുക്കിയിൽ നിന്നും ആകെ പരിശീലനം പൂർത്തിയാക്കിയത് 164 പേരാണ്. ഇതിൽ 23 പേർ സ്ത്രീകളായിരുന്നു. പരിശീലനത്തിന് മുൻപ് പലതൊഴിലുകളും ചെയ്തിരുന്ന പലരും ഇന്ന് ഇടുക്കിയിലേയും പരിസരപ്രദേശങ്ങളിലേയും അറിയപ്പെടുന്ന ചങ്ങാതിമാരാണ്. ഏപ്രിൽ 22ന് നടന്ന ചങ്ങാതിക്കൂട്ടത്തിന്റെ അവലോകനത്തിൽ പങ്കെടുത്ത എല്ലാ ചങ്ങാതിമാരും തികഞ്ഞ സംതൃപ്തരാണ്. ഇടുക്കിയിലെ ചങ്ങാതിമാരുടെ വിശേഷങ്ങളിലേക്ക്.

പരിശീലനത്തിനുശേഷം അധികവരുമാനം ലഭിക്കുന്നുവെന്നാണ് ചങ്ങാതിമാരുടെ ഏകാഭിപ്രായം. പുറപ്പുഴയിലെ സി. പി. ചാക്കോ, ശാന്തിഗ്രാമിലെ ദിലീപ്കുമാർ, ഇരട്ടയാറിലെ ജോസ്, കരുണാപുരത്തെ സജിമോൻ, കുടയത്തൂരെ ജോജോ ജോസഫ് തുടങ്ങിയവർ ഇവരിൽ ചിലർമാത്രം. ഈ തൊഴിലിൽ സ്ത്രീസാന്നിദ്ധ്യം ഉറപ്പ് വരുത്തുകയാണ് രാധ കുഞ്ഞുമോനും, സുശീല ബാലകൃഷ്ണനും, ലിസ്സി മാത്യുവും.

പരിശീലനം കഴിഞ്ഞവരിൽ എടുത്ത് പറയേണ്ടത് 'എൽറോയ് ചങ്ങാതിക്കൂട്ടത്തെപ്പറ്റിയാണ്. വഴിത്തലയിൽ നിന്നും വന്ന മുപ്പത്തിയെട്ടുകാരൻ മനോജ് ജോസഫ് ചിന്തിച്ചത് മറ്റൊരു രീതിയിലാണ്. മനോജിനോടൊപ്പം പരിശീലനം നേടിയ ചങ്ങാതിമാരെക്കൂട്ടി 'എൽറോയ് ചങ്ങാതിക്കൂട്ടം' എന്നപേരിൽ ഒരു കൂട്ടായ്മ രൂപീകരിച്ചു. എൽറോയ് ചങ്ങാതിക്കൂട്ടത്തിന്റെ സഹായം എപ്പോൾ വേണമെങ്കിലും ലഭ്യമാണ്. മനോജ് അല്ലെങ്കിൽ മറ്റൊരാൾ, ആവശ്യക്കാരന്റെ ഫോൺവിളിക്ക് മറുപടിയേകും. സംഘടിതമായ രീതിയിലുള്ള തെങ്ങ്കയറ്റത്തോടൊപ്പം ഇളനീർ വിപണനവും മറ്റും ഈ ചങ്ങാതിമാർ ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. നാട്ടിലെങ്ങും എൽറോയ് ചങ്ങാതിക്കൂട്ടത്തിന്റെ പരസ്യം കാണാം. "തെങ്ങിന്റെ രോഗപ്രതിരോധത്തിനും തേങ്ങ ഇടീലിനും വിളിക്കുക - എൽറോയ് ചങ്ങാതിക്കൂട്ടം". നാളികേരോത്പാദക സംഘമായി മാറി തങ്ങളുടെ പ്രവർത്തനമേഖല കൂടുതൽ വിപുലമാക്കുകയാണ് ഇവരിപ്പോൾ.



*രാധ കുഞ്ഞുമോൻ*

രാധാകുഞ്ഞുമോനും, സുശീല ബാലകൃഷ്ണനും, ലിസ്സി മാത്യുവിനും പറയുവാനുള്ളത് മറ്റ് ചിലതാണ്. പരിശീലനം പൂർത്തിയാക്കിയ ആദ്യനാളുകളിൽ പലരും പരിഹസിച്ച് തള്ളി തെങ്ങ് കയറ്റം തൊഴിലാക്കിയ ഇവരെ. എന്നാൽ ഈ തൊഴിലേൽപ്പിച്ചവരെല്ലാം ഇവരുടെ തെങ്ങുകയറ്റത്തിലെ കഴിവ് തിരിച്ചറിയുകയായിരുന്നു. ഇപ്പോൾ ആവശ്യത്തിന് തൊഴിൽ ലഭിക്കുന്നു, ഒപ്പം ആളുകളുടെ അസൂയയോടെയുള്ള നോട്ടവും. ഉയരം കൂടിയ തെങ്ങുകളിലും മറ്റും കയറുവാനുള്ള ഭയം ഇപ്പോൾ ലവലേശമില്ല. ന്യായമായ കൂലിമാത്രം വാങ്ങുന്നു എന്നതിനാൽ നല്ല ജനസമ്മതിയും ഇവർക്കുണ്ട്.

ഇടുക്കിയിലെ ചങ്ങാതിമാർ തെങ്ങ്കയറ്റം മാത്രമല്ല ഇപ്പോൾ ചെയ്യുന്നത്. തെങ്ങുകയറ്റ പരിശീലനവും നൽകുന്നുണ്ട്. സ്വയംതൊഴിൽ കണ്ടെത്തുന്നതോടൊപ്പം മറ്റുള്ളവർക്ക് തൊഴിൽദാതാക്കൾ കൂടിയാവുകയാണ് ഈ ചങ്ങാതിമാർ. മാസവരുമാനം ഇരുപതിനായിരത്തിൽ കൂടുതൽ ലഭിക്കുന്നവരാണ് പലരും.പരിശീലനത്തിന്റെ ഭാഗമായി ലഭിച്ച വ്യക്തിത്വ വികസനക്ലാസ്സുകൾ പലരുടേയും ജീവിതം മാറ്റി മറിച്ചിരിക്കുകയാണ്. പരിശീലനം കഴിഞ്ഞ ഓരോചങ്ങാതിയും കേരകൃഷി മേഖലയിൽതന്നെ ഉപജീവനമാർഗ്ഗം കണ്ടെത്താനുള്ള തയ്യാറെടുപ്പിലാണ്. തേങ്ങ ഇടീലിനൊപ്പം ഇളനീർ വിപണനവും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉത്പാദനവും, കൃത്രിമ പരാഗണ ജോലികളും ഏറ്റെടുക്കുകയാണ് ഇവർ.

*ടെക്നിക്കൽ ഓഫീസർ,*
*നാളികേര വികസന ബോർഡ്*

# തെങ്ങിനോട് ചേർന്നു നിൽക്കുന്നു എറണാകുളത്തെ ചങ്ങാതിമാർ

**എം. എ. ലീനമോൾ**

എറണാകുളം ജില്ലയിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി ആറ് കേന്ദ്രങ്ങളിലായാണ് നടന്നത്. 28 ബാച്ചുകളിലായി 569 പേർ പരിശീലനം പൂർത്തിയാക്കി. ഇവരിൽ ഈ രംഗത്ത് സജീവമായി നിൽക്കുന്ന തെങ്ങുകൃഷിയെ ആത്മാർത്ഥമായിക്കാണുന്ന രണ്ടുചങ്ങാതിമാരെയാണ് ഈ ലേഖനത്തിൽ പരിചയപ്പെടുത്തുന്നത്.

എറണാകുളം ജില്ലയിലെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയുടെ തുടക്കത്തിൽതന്നെയുള്ള അപേക്ഷകരിലൊരാളായിരുന്നു പറവൂർ തത്തംപള്ളിയിൽ നിന്നുള്ള എം.ജി. ഉണ്ണിക്കൃഷ്ണൻ (ഫോൺ 9744908114). 2011 സെപ്തംബർ 19 മുതൽ 24 വരെ കറുകുറ്റി അസ്സീസ്സി ശാന്തി കേന്ദ്രത്തിൽ വെച്ച് നടത്തിയ 3-ാമത്തെ ബാച്ചിൽ വളരെ താൽപര്യപൂർവ്വം വരികയും ഉത്സാഹപൂർവ്വം പങ്കെടുക്കുകയും ചെയ്ത ഉണ്ണിക്കൃഷ്ണൻ യന്ത്രമുപയോഗിച്ചുള്ള തെങ്ങുകയറ്റം ഒരു തൊഴിലും വരുമാനമാർഗ്ഗവും എന്നതിലുപരി ഒരു നിയോഗമായി കരുതുന്നു.

കള്ളുചെത്ത് തൊഴിലിൽ ഏർപ്പെട്ടിരുന്ന ഉണ്ണിക്കൃഷ്ണൻ മൂന്നരവർഷം മുമ്പ് മുയൽ വളർത്തലിലേക്ക് തിരിയുകയും, പറവൂർ ബ്ലോക്കിലെ ഏറ്റവും നല്ല മുയൽ കർഷകനുള്ള 2010 ലെ ആത്മ അവാർഡ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. മുയൽ വളർത്തലും താൽക്കാലികമായി നിർത്തിവെച്ച് മുഴുവൻ സമയ തെങ്ങിൻചങ്ങാതിയായിരിക്കുകയാണ് ഉണ്ണിക്കൃഷ്ണൻ.

ചങ്ങാതിക്കൂട്ടം പരിശീലനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഈ തൊഴിലിൽ ഇറങ്ങിയ ഉണ്ണിക്കൃഷ്ണൻ നാട്ടിലുള്ള നാളികേര കർഷകർക്ക് പ്രത്യാശ പകർന്നെങ്കിലും മിതമായ നിരക്കിൽ ഉത്തരവാദിത്വത്തോടെയുള്ള ജോലി ഈ രംഗത്തുള്ള മറ്റു തൊഴിലാളികളിൽ നിന്നും ചില്ലറ എതിർപ്പുകൾക്ക് കാരണമായി.

മത്സരത്തിനു മുതിരാതെ തന്റെ ജോലി കൃത്യമായും, വൃത്തിയായും ഉത്തരവാദിത്വത്തോടുകൂടിയും ചെയ്ത് മുന്നേറിയ ഉണ്ണിക്കൃഷ്ണൻ ഇന്ന് പറവൂർ കൂടാതെ കൊടുങ്ങല്ലൂർ, ചെറായി, വൈപ്പിൻ, വള്ളുവള്ളി തുടങ്ങിയ സ്ഥലങ്ങളിലും എറണാകുളം നഗരപ്രദേശങ്ങളിലും കർഷകർക്ക് പ്രിയങ്കരനാണ്.

രാവിലെ 7 മണിക്ക് തുടങ്ങുന്ന ജോലി ഉച്ചയ്ക്ക് 2 മണിയോടുകൂടി അവസാനിപ്പിക്കുമ്പോൾ ഒരുദിവസം ശരാശരി 40 തെങ്ങുകൾ വരെയാണ് കയറുന്നതെങ്കിലും 72 തെങ്ങുകൾ വരെ കയറിയ ദിനങ്ങളുമുണ്ട്. ടൂ വീലറിൽ തെങ്ങുകയറ്റയന്ത്രവുമായി ഇറങ്ങുന്ന ഉണ്ണിക്കൃഷ്ണൻ കർഷകർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ചെന്ന് ജോലി തീർത്ത് കൊടുക്കുന്നു.



*ഉണ്ണിക്കൃഷ്ണൻ (ഇടത്തേയറ്റം) ചങ്ങാതിക്കൂട്ടം പരിശീലകനായി*

പിന്നീട്, എറണാകുളം ജില്ലയിലെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ ട്രെയിനറായും ഉണ്ണിക്കൃഷ്ണൻ സേവനം അനുഷ്ഠിച്ചു. യന്ത്രമുപയോഗിച്ച് തെങ്ങ് കയറുമ്പോഴും തേങ്ങ ഇടുമ്പോഴും മറ്റും ചങ്ങാതിമാർ കൂടുതൽ ശ്രദ്ധാലുക്കളായിരിക്കുന്നത് നന്നായിരിക്കുമെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ ഉണ്ണിക്കൃഷ്ണൻ പറയുന്നു. തെങ്ങിൻ തലപ്പ് ഇലക്ട്രിക് ലൈനിൽ തട്ടുക, കാലങ്ങളായി കയറാതെയുള്ള തെങ്ങുകളിൽ കടന്നലാക്രമണമുണ്ടാകുക, ഇത്തരം തെങ്ങുകളിൽ യന്ത്രം ലോക്ക് ചെയ്ത് ഓല അടർത്തുമ്പോൾ തന്നെ തേങ്ങ പൊഴിഞ്ഞുവീഴുക തുടങ്ങിയ ചെറിയ ചെറിയ കാര്യങ്ങൾ മുൻകൂട്ടിക്കണ്ട് കരുതലോടെ ജോലി ചെയ്യണമെന്നാണ് ചങ്ങാതിമാരോട് ഉണ്ണിക്കൃഷ്ണന്റെ ഉപദേശം.

ഭാര്യ ഷീബയും മക്കളായ പ്ലസ്ടു വിദ്യാർത്ഥി അമലും എസ്എസ്എൽസി വിദ്യാർത്ഥി അജിത്തും ഉണ്ണിക്കൃഷ്ണന് പിന്തുണയേകി ഒപ്പമുണ്ട്.സ്ഥിരമായ വരുമാനം ലഭിക്കുന്ന ഈ തൊഴിലിൽ കുടുംബം സംതൃപ്തമാണെന്ന് ഉണ്ണിക്കൃഷ്ണൻ. ഉണ്ണിക്കൃഷ്ണന്റെ പുരയിടത്തിലെ 20-ഓളം വരുന്ന തെങ്ങുകളിൽ യന്ത്രമുപയോഗിച്ച് കയറി തേങ്ങയിടുന്നത് വിദ്യാർത്ഥികളായ മക്കളാണ്.

തെങ്ങുകയറ്റയന്ത്രം സുരക്ഷിതമാണെങ്കിലും മുകളിലെ ലൂപ്പ് ഉൾപ്പെടെ മുഴുവൻ ഭാഗങ്ങളും സ്റ്റീൽ ആക്കുന്നതും നല്ല വെൽഡിംങ്ങും 'ചങ്ങാതി'മാർക്ക് കൂടുതൽ ധൈര്യം പകരുമെന്ന് ഉണ്ണിക്കൃഷ്ണൻ അഭിപ്രായപ്പെടുന്നു.

ആരോഗ്യവും അദ്ധ്വാനിക്കാനുള്ള മനസ്സുമുണ്ടെങ്കിൽ ഏതൊരു യുവാവിനും സ്ഥിരമായ വരുമാനമാർഗ്ഗമായി സ്വീകരിക്കാവുന്നതാണ് ഈ തൊഴിലെന്ന് അവ



*ഉണ്ണിക്കൃഷ്ണൻ ചങ്ങാതിക്കൂട്ടം പരിശീലനാർത്ഥിയായി*



*ജിജോ ജോലിക്കിടയിൽ*

കാശപ്പെടുന്ന ഉണ്ണിക്കൃഷ്ണൻ, ഇതു തന്നെ തന്റെ കർമ്മരംഗമെന്നുറപ്പിച്ചുകഴിഞ്ഞു. കൂടുതൽ അദ്ധ്വാനിച്ചാൽ കൂടുതൽ വരുമാനം ഉറപ്പാക്കുവാൻ പറ്റുന്ന ഒരു തൊഴിൽ രംഗമാണിതെന്ന് യുവാക്കളെ ആഹ്വാനം ചെയ്യുന്നു ഉണ്ണിക്കൃഷ്ണൻ.

ഇനി ജിജോയെ പരിചയപ്പെടൂ. 45 ദിവസത്തിനുള്ളിൽ ഓരോ തെങ്ങിലും വിളവെടുപ്പ് നടത്തുന്ന ശീലത്തിലേക്ക് കർഷകരെ തിരികെ കൊണ്ടു വരാനുള്ള സഹായഹസ്തമായിരിക്കുകയാണ് അങ്കമാലി തുറവൂരിൽ നിന്നുള്ള ജിജോ ജോർജ്ജ് (ഫോൺ 9496310403, 7403001414, ഇമെയിൽ : jijoimage@gmail.com) എന്ന 26 വയസുകാരൻ ചങ്ങാതി.

ഇലക്ട്രീഷ്യനായി ജോലി നോക്കിയിരുന്നയാളാണ് ജിജോ. എറണാകുളം ജില്ലയിലെ ചങ്ങാതിക്കൂട്ടം പരിശീലനപരിപാടിയുടെ പാമ്പാക്കുട സമന്വയ റിട്രീറ്റ് സെന്ററിൽ വെച്ച് 2011 ഒക്ടോബർ 10 മുതൽ 15 വരെ നടത്തിയ 4-ാം ബാച്ചിൽ പരിശീലനം പൂർത്തിയാക്കി. അതിനു ശേഷം യന്ത്രമുപയോഗിച്ച് തെങ്ങുകയറുന്ന മുഴുവൻ സമയ 'തെങ്ങിൻ ചങ്ങാതി'യായി തുടരുന്നു. രാവിലെ 8.30 നു തുടങ്ങുന്ന ജോലി വൈകിട്ട് 7 മണിവരെ നീളാറുണ്ടെന്ന് ജിജോ. തുടർച്ചയായി ജോലി ചെയ്യുവാനുള്ള ഊർജ്ജം കരിക്കിൽ നിന്നും ലഭിക്കുന്നുവത്രേ.

തുടക്കത്തിൽ തുറവൂർ - അങ്കമാലി - കറുകുറ്റി പ്രദേശങ്ങളിൽ ജോലി ചെയ്ത ജിജോ ഇപ്പോൾ പരിചയക്കാരായ കർഷകരുടെ അന്വേഷണത്തെത്തുടർന്ന് കാലടി, തൃപ്പൂണിത്തുറ എന്നിവിടങ്ങളിലും എറണാകുളം നഗരത്തിലും വരെ വന്ന് തെങ്ങുകയറി തേങ്ങ ഇട്ടുകൊടുക്കുകയും, തെങ്ങിന്റെ മണ്ടവൃത്തിയാക്കുകയും ചെയ്യുന്നതിനു പുറമെ ആവശ്യമനുസരിച്ച് മരുന്ന് പ്രയോഗവും നടത്തിക്കൊടുക്കാറുണ്ട്. എറണാകുളം ജില്ലയുടെ ഏതു ഭാഗത്തും കർഷകരുടെ ആവശ്യമനുസരിച്ച് എത്തി ജോലി ചെയ്യാൻ ജിജോ തയ്യാറാണ്. പകൽ ജോലിക്ക് പോകുന്ന കർഷകരുടെ ആവശ്യപ്രകാരം വൈകുന്നേരങ്ങളിൽ 7 മണിവരെ, ചിലപ്പോൾ ടോർച്ച് വെളിച്ചത്തിലും തെങ്ങുകയറിക്കൊടുത്തിട്ടുണ്ട്. ശരാശരി 40 തെങ്ങുകൾ വരെ ഒരു ദിവസം കയറുമ്പോൾ നഗരപ്രദേശത്ത്, അടുത്തടുത്ത് വീടുകളുള്ളിടങ്ങളിലും, കെട്ടിയിറക്കേണ്ടയിടത്തും, നാളുകളായി കയറാതെയുള്ള തെങ്ങുകളിലും കൂടുതൽ സമയം വേണ്ടതിനാൽ 15-20 തെങ്ങുകൾ വരെയേ കയറാൻ സാധിക്കുകയുള്ളൂവെന്ന് ജിജോ പറയുന്നു.

മറ്റൊരു ചങ്ങാതിയായ അബി (ഫോൺ 9665000545)നുമായി ചേർന്ന് ജിജോ ജോലി ചെയ്യുന്നുണ്ട്. ഒരിക്കൽ വിളവെടുപ്പ് നടത്തിയ തോട്ടത്തിലെ കർഷകർക്ക് 45 ദിവസത്തിനുശേഷം അടുത്ത വിളവെടുപ്പിന് സമയമായിയെന്ന് അറിയിക്കുന്ന എസ്എംഎസ് അയച്ചുകൊടുക്കാനും കർഷകരുടെ ആവശ്യ പ്രകാരം വിളവെടുപ്പ് നടത്തിക്കൊടുക്കാനും പദ്ധതിയിടുന്നുണ്ട് ഇരുവരും. അതോടൊപ്പം ഫോൺനമ്പർ സഹിതമുള്ള കാർഡ് അടിച്ചു വിതരണം ചെയ്യുവാനും ഉദ്ദേശിക്കുന്നു. ഐടിഐ (ആട്ടോ ഇലക്ട്രിക്കൽ) പാസ്സായ ജിജോ അച്ഛന്റെ പഴയ ബൈക്കിലാണ് തെങ്ങ് കയറ്റ യന്ത്രവുമായി യാത്ര ചെയ്യുന്നത്. വിപണിയിലുള്ള എഞ്ചിൻ ഓയിലിനുപകരം വെളിച്ചെണ്ണയാണ് ബൈക്കിൽ ഉപയോഗിക്കുന്നത്. ഇതുമൂലം കൂടുതൽ മൈലേജ്, കുറഞ്ഞ ചെലവ്, കുറവ് എഞ്ചിൻ പ്രശ്നങ്ങൾ തുടങ്ങിയ പ്രയോജനങ്ങളുണ്ടെന്ന് ജിജോ സാക്ഷ്യപ്പെടുത്തുന്നു. ആവശ്യാനുസരണം എവിടെയും ഏതുസമയത്തും തെങ്ങുകയറിക്കൊടുക്കുവാൻ ജിജോ തയ്യാറാണ്.

---

*ടെക്നിക്കൽ ഓഫീസർ,*
*നാളികേര വികസന ബോർഡ്*

# തൃശ്ശൂരിൽ ചങ്ങാതിക്കൂട്ടം ജോലി ത്തിരക്കിലാണ്, ദ്വീപുകാരും

**ശശികുമാർ സി.**



ദ്വീപിലെ ചങ്ങാതി

തൃശൂർ ജില്ലയിൽ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി പൂർത്തിയാക്കിയവർ ഇന്ന് മുഴുവൻ സമയ തൊഴിലാളികളും തൊഴിൽ ദാതാക്കളുമാണ്. വടക്കാഞ്ചേരിയിലെ യേശുദാസും മാളയിലെ ഹരിദാസനും ബിനോയിയുമെല്ലാം അവരിൽ ചിലർ മാത്രം.

തൃശ്ശൂർ ജില്ലയിൽ ഇരുപത്തിമൂന്നു ബാച്ചുകളിലായി 627 ചങ്ങാതിമാരാണ് പരിശീലനം പൂർത്തിയാക്കിയത്. ഇവരിൽ ലക്ഷദ്വീപിൽ നിന്നുള്ള 102 പേരും ഉൾപ്പെടുന്നു.

പരമ്പരാഗത കൃഷിക്കാരനായിരുന്ന ബിനോയ് ഇപ്പോൾ തെങ്ങ് കയറുന്നതിനൊപ്പം തെങ്ങിലെ കൃത്രിമപരാഗണ ജോലികളും ഏറ്റെടുത്ത് നടത്തുന്നു. കാർഷിക യൂണിവേഴ്സിറ്റിയിലെ തെങ്ങിൻ തോട്ടങ്ങളിലെ വിളവെടുപ്പ് മുഴുവൻ നടത്തുന്നത് ബിനോയിയും സംഘവുമാണ്. തെങ്ങ് കയറ്റത്തോടൊപ്പം കൃത്രിമ പരാഗണം കൂടി നടപ്പിലാക്കിക്കൊണ്ട് പുതിയ പരീക്ഷണങ്ങളിലേക്ക് ഇവർ വ്യാപൃതരാകുകയാണ്. പതിനായിരം രൂപയ്ക്കടുത്ത് മാസവരുമാനം ഈ തൊഴിലിൽ നിന്നുമാത്രമായി ലഭിക്കുന്നു. ഒരു തെങ്ങ് കയറുന്നതിന് 15 രൂപയാണ് ലഭിക്കാറ്. ആറുമാസത്തോളമായി ഈ ജോലിയിൽ സജീവമായി പ്രവർത്തിക്കുന്ന ബിനോയ് ഈ പദ്ധതിയെക്കുറിച്ച് തികച്ചും സംതൃപ്തനാണ്. പരിശീലനത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിരിക്കുന്ന ക്ലാസ്സുകൾ വളരെയധികം ഫലപ്രദമായിരുന്നുവെന്ന് ബിനോയ് പറയുന്നു. വ്യക്തിത്വവികസനത്തിനും മറ്റുമായി നടത്തിയ ക്ലാസ്സുകൾ ആത്മവിശ്വാസം വളർത്തിയെന്ന് ബിനോയ് സാക്ഷ്യപ്പെടുത്തുന്നു. ജോലിക്കുള്ള വേതനം ഉടൻ തന്നെ ലഭിക്കുന്നുവെന്നതാണ് മറ്റ് ജോലികളെ അപേക്ഷിച്ച് തെങ്ങ്കയറ്റത്തിനുള്ള പ്രത്യേകത. ഒപ്പം കുടുംബത്തിന്റെ പിന്തുണ കൂടിയാകുമ്പോൾ ബിനോയ് സന്തുഷ്ടനാണ്.

തെങ്ങ് കയറ്റ പരിശീലനത്തിന് വരുന്നതിനുമുൻപുതന്നെ തെങ്ങ്കയറ്റ തൊഴിലാളിയായിരുന്നു ഹരിദാസൻ. യന്ത്രമുപയോഗിക്കുവാൻ തുടങ്ങിയതോടെ കയറുന്ന തെങ്ങുകളുടെ എണ്ണവും വർദ്ധിച്ചു; ഒപ്പം വരുമാനവും. നനവുള്ള തെങ്ങുകളിൽ കയറുമ്പോൾ അനുഭവപ്പെടുന്ന വഴുക്കൽ യന്ത്രമുപയോഗിക്കുമ്പോൾ ഇല്ല എന്ന വസ്തുതയാണ് ഹരിദാസനെ കൂടുതൽ ആകർഷിക്കുന്നത്. ഇപ്പോൾ 26,000 തെങ്ങുകളുടെ പതിവ് തെങ്ങുകയറ്റക്കാരനാണ് ഹരിദാസൻ. ബോർഡിന്റെ ചങ്ങാതിക്കൂട്ടത്തെപ്പറ്റി സംസാരിക്കുമ്പോൾ വളരെയധികം സന്തോഷവാനായി കാണപ്പെട്ടു.

വടക്കാഞ്ചേരിയിലെ യേശുദാസ് ഇപ്പോൾ അധികവരുമാനം ഉണ്ടാക്കുന്നത് തെങ്ങുകയറ്റംപോലെ പല തൊഴിലുകളിൽ ഏർപ്പെട്ടുകൊണ്ടാണ്. ഖോ-ഖോ പരിശീലകൻ കൂടിയായ യേശുദാസും തൃശൂർ ചങ്ങാതിക്കൂട്ടം പരിശീലനം പൂർത്തിയാക്കിയവരിലുണ്ട്. തെങ്ങിൽ കയറാൻ അൽപ്പം ധൈര്യവും താൽപര്യവും വേണമെന്ന് യേശുദാസിന് അഭിപ്രായമുണ്ട്. തെങ്ങ് കയറ്റത്തിനിടെ തേനീച്ചകളുടെ അക്രമണത്തിനിരയായിരിക്കുകയാണ് യേശുദാസ്. എങ്കിലും തെങ്ങിനേയും തെങ്ങുകയറ്റത്തേയും കൈയ്യൊഴിയുവാൻ വയ്യ.

ലക്ഷദ്വീപിൽ നിന്ന് പരിശീലനം നേടിയവർ രാവിലെയാണ് തെങ്ങ് കയറാൻ പോകുന്നത്. ഉച്ചയ്ക്ക് ശേഷം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരാണ് എല്ലാവരും തന്നെ. ഒരു തെങ്ങിൽ കയറുന്നതിന് 20 രൂപയാണ് വാങ്ങുന്നത്. ഒരു ദിവസം 25 മുതൽ 30 തെങ്ങു വരെ കയറുന്നുണ്ട്. ഖിൽത്താൻ ദ്വീപിൽ നിന്ന് പരിശീലനം നേടിയ ഇരുപതു ചങ്ങാതിമാരെ പഞ്ചായത്തു തന്നെ



കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നതിനായി തെരഞ്ഞെടുത്തു. അവർ തെങ്ങു കയറി തേങ്ങ ഇടുന്നതിനൊപ്പം കള്ളു ചെത്തുകയും ചെയ്യുന്നുണ്ട്.

പരിശീലനം കഴിഞ്ഞവരെല്ലാം തികഞ്ഞ സംതൃപ്തരാണ്. ദൂരെയുള്ള തോട്ടങ്ങളിൽ തെങ്ങ് കയറാൻ എത്തിച്ചേരാൻ എല്ലാവരും ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഒരു ബൈക്ക് എന്നത് ഏവരുടേയും സ്വപ്നമാണ്. ബോർഡ് സഹായത്തോടെ ബൈക്ക് ലഭ്യമാക്കിയാൽ കൂടുതൽ ജോലി സാദ്ധ്യതകൾ തെളിയുമെന്നാണ് ഏവരുടേയും അഭിപ്രായം.

*ടെക്നിക്കൽ ഓഫീസർ,*
*നാളികേര വികസന ബോർഡ്, കൊച്ചി-11*

# കഠിനാദ്ധ്വാനം പാഴാവില്ല ഒരിക്കലും

**കെ. മൃദുല**

"കഠിനാദ്ധ്വാനത്തിന് എന്നും ഫലമുണ്ടാകും. എന്റെ കഠിനാദ്ധ്വാനം എന്റെ ജീവിതം തന്നെ മാറ്റിമറിച്ചു", കോഴിക്കോട് ജില്ലയിലെ മുതുകാട് സ്വദേശിനി ശ്രീമതി ഷാജി പോളിന്റെ വാക്കുകളാണിത്. പെരുവണ്ണാമൂഴി കൃഷി വിജ്ഞാനകേന്ദ്രത്തിൽ നിന്നാണ് ഷാജിപോൾ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം നേടിയത്. പരിശീലനത്തിൽ പങ്കെടുക്കുന്നതിന് മുൻപ് ഷാജി ദിവസവേതനത്തിന് ജോലിയെടുക്കുകയായിരുന്നു; അതാകട്ടെ പതിവായി ലഭിച്ചിരുന്നുമില്ല. അതിന് മുൻപ് ജോലി ചെയ്തിരുന്ന ഫാൻ നിർമ്മാണ കമ്പനി അടച്ചുപൂട്ടിയത് ഷാജിയുടെ ജീവിതത്തിന് തന്നെ ഒരു തിരിച്ചടിയായി. അതോടെ ജീവിതച്ചെലവുകൾ നടത്താനുള്ള സ്ഥിരം വരുമാനമാണ് ഷാജിക്ക് നഷ്ടമായത്. ആടിനെ വളർത്തിയും ആട്ടിൻകുഞ്ഞുങ്ങളെ വിൽപ്പന നടത്തിയും മറ്റുമാണ് അവർ ജീവിതം തള്ളിനീക്കിയിരുന്നത്.

പെരുവണ്ണാമൂഴി കൃഷി വിജ്ഞാനകേന്ദ്രത്തിൽ വനിതകൾക്ക് മാത്രമായി നടത്തിയ പരിശീലനത്തിലാണ് ഷാജി പങ്കെടുത്തത്. വർത്തമാനപത്രത്തിൽ നിന്ന് പരിശീലനപരിപാടിയെക്കുറിച്ചറിഞ്ഞ് കൃഷി വിജ്ഞാനകേന്ദ്രവുമായി ബന്ധപ്പെടുകയാണ് ചെയ്തത്. തെങ്ങിനെക്കുറിച്ച് പ്രത്യേക പരിജ്ഞാനമൊന്നുമില്ലാതിരുന്ന ഷാജി പരിശീലനത്തിനുശേഷം "തെങ്ങ് വിദഗ്ദ്ധ" യായി മാറിക്കഴിഞ്ഞു.

ഭർത്താവും രണ്ട് പെൺമക്കളുമടങ്ങുന്ന കുടുംബത്തിന്റെ സകലപിന്തുണയും തെങ്ങുകയറ്റത്തിൽ ഷാജിയ്ക്കുണ്ട്. തൊഴിലാളിയായ ഭർത്താവ് പോളിന് മാസത്തിൽ 15 ദിവസം മാത്രമേ ജോലി ഉണ്ടാകുകയുള്ളൂ. ഭർത്താവിനേക്കാൾ കൂടുതൽ വരുമാനം സമ്പാദിക്കുവാൻ സാധിക്കുന്നതിലും കുടുംബം നന്നായി നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നതിലും ഷാജി സന്തോഷവതിയാണ്. തെങ്ങുകയറ്റത്തിൽ നിന്ന് വരുമാനം ഉണ്ടാക്കുവാൻ സാധിച്ചതിലൂടെ ജീവിതനിലവാരവും മെച്ചപ്പെട്ടിട്ടുണ്ട്. കടങ്ങൾ വീട്ടുവാൻ സാധിച്ചതിൽ ഷാജി സംതൃപ്തിയടയുന്നു.

തെങ്ങുകയറാൻ ആവശ്യപ്പെട്ട് ധാരാളം അന്വേഷണങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും സമീപപ്രദേശങ്ങളിൽ മാത്രമേ പതിവായി പോകാറുള്ളൂ. ഒരു ദിവസം 40 തെങ്ങുകളിൽ വരെ കയറുന്നുണ്ട്. കയറുന്ന തെങ്ങുകളുടെ എണ്ണം ഒരുമാസം 700 തെങ്ങായി നിജപ്പെടുത്തിയിരിക്കുന്നു. യന്ത്രത്തിന് ഭാരമുള്ളതിനാൽ ആവശ്യക്കാർ വീട്ടിലെത്തി കൂട്ടിക്കൊണ്ടു പോകുകയാണ് ചെയ്യുന്നത്.

പരിശീലനത്തിനുശേഷം മെച്ചപ്പെട്ട വരുമാനമുണ്ടാക്കി സ്വയംപര്യാപ്തത നേടിയതിനാൽ ആത്മവിശ്വാസം വർദ്ധിച്ചുവെന്ന് ഷാജി വ്യക്തമാക്കുന്നു. ഉയരമേറിയ തെങ്ങിൽപോലും നിർഭയം കയറാൻ സാധിക്കുന്നുണ്ട്. സമൂഹത്തിൽ തനിക്ക് മാന്യമായ സ്ഥാനം ലഭിക്കുന്നുണ്ടെന്ന് ഷാജി പറഞ്ഞു.

സമീപപ്രദേശങ്ങളിലെ കർഷകരും സംതൃപ്തരാണ്. നേരത്തേതിൽ നിന്നു വിഭിന്നമായി തടസ്സമൊന്നുമില്ലാതെ യഥാസമയത്ത് തേങ്ങയിടാനും മറ്റ് സസ്യസംരക്ഷണപ്രവർത്തനങ്ങൾ നടത്താനും സാധിക്കുന്നു. വിളവെടുപ്പിനായി 7–8 മാസങ്ങൾ വരെ കാത്തിരിക്കേണ്ടി വന്നിരുന്ന സ്ഥാനത്താണിത്. തെങ്ങുകയറാൻ പോകുന്നിടങ്ങളിലെല്ലാം തെങ്ങിന്റെ മണ്ട വൃത്തിയാക്കുകയും സസ്യസംരക്ഷണത്തിൽ കർഷകർക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. തന്റെ ജോലിക്ക് നല്ല ജനസമ്മതി ലഭിക്കുന്നുണ്ടെന്ന് ഷാജി സാക്ഷ്യപ്പെടുത്തുന്നു.

രാവിലെ തെങ്ങ് കയറാൻ പോകുകയും ഉച്ചയ്ക്ക്ശേഷമുള്ള സമയം വീട്ടുകാര്യങ്ങൾക്കായി വിനിയോഗിക്കുകയുമാണ് ചെയ്യുന്നത്. ഒഴിവുസമയം സാമൂഹ്യപ്രവർത്തനങ്ങൾക്കും നീക്കിവെയ്ക്കുന്നു. അതുകൊണ്ട് തന്നെ നാട്ടിലെ ജനങ്ങൾക്ക് സുപരിചിതയാണ് ഷാജി ഇന്ന്. മക്കളുടെ വിദ്യാഭ്യാസചെലവുകൾക്ക് പണം കണ്ടെത്താൻ കഴിയുന്നതിലും അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്നതിലും ഈ അമ്മ സന്തുഷ്ടയാണ്. സ്വന്തം സമ്പാദ്യം സ്വരൂപിക്കുവാൻ സഹകരണ ബാങ്കിൽ അക്കൗണ്ട് തുടങ്ങിയതും ഇൻഷൂറൻസ് പോളിസി എടുത്തതും മറ്റ് ചില നിക്ഷേപ പദ്ധതികളിൽ അംഗമാ



*ഷാജിപോൾ*



*രമേഷ് കുമാർ*

യതും ഷാജി നേട്ടങ്ങളായി എടുത്തുകാട്ടി. കൃഷി വിജ്ഞാനകേന്ദ്രത്തിലെ പരിശീലനം തന്റെ ജീവിതഗതിയാകെ മാറ്റിമറിച്ചുവെന്ന് ഷാജിപോൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

വൻ തോട്ടമുടമകളുടെ തോട്ടങ്ങളിൽ തെങ്ങ് കയറുവാനുള്ള ആവശ്യം, ഒരു ദിവസംകൊണ്ട് തെങ്ങ്കയറ്റം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ, പലപ്പോഴും നിരാകരിക്കേണ്ടിവരുന്നതായി ഷാജി പറഞ്ഞു. ഇതിനൊരു പരിഹാരമെന്ന നിലയ്ക്ക് പരിശീലനം സിദ്ധിച്ച വനിതകളുടെ കൂട്ടായ്മ രൂപീകരിക്കുവാനുള്ള ആലോചനയിലാണ് ഷാജി. പരിശീലനം നേടിയ വനിതകൾ പലരും തങ്ങളുടെ കഴിവുകൾ വിനിയോഗിക്കുവാൻ മടികാണിക്കുന്നത് മോശമാണെന്ന അഭിപ്രായമാണിവർക്ക്. വരുമാന സമ്പാദനത്തിനുതകുന്ന ഈ തൊഴിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്ന് മറ്റുള്ളവരോട് ഇവർ ആഹ്വാനം ചെയ്യുന്നു. സ്വന്തം കുടുംബത്തിലും സമൂഹത്തിലും മാന്യമായ സ്ഥാനം നേടാനുള്ള എളുപ്പവഴിയും കൂടിയാണിതെന്ന് മനസ്സിലാക്കണം. കഠിനാദ്ധ്വാനം തനിക്ക് മാന്യമായൊരു ഉപജീവന മാർഗ്ഗമൊരുക്കിയെന്ന് ഷാജി വിശ്വസിക്കുന്നു.

മുതുകാട് സ്വദേശിയായ കെ. കെ. രമേഷ്കുമാർ ചങ്ങാതിക്കൂട്ടം പരിശീലനം നേടുന്നതിന് മുമ്പ് തന്റെ 'കാരുണ്യം' ഓട്ടോറിക്ഷ ഓടിച്ചാണ് ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്നത്. ഇപ്പോൾ തെങ്ങുകയറ്റത്തിന്റെ തിരക്ക് കാരണം ഓട്ടോ ഓടിക്കാൻ കഴിയാതെ വരുന്നതിനാൽ ഓട്ടോ വാടകയ്ക്ക് ഓടിയ്ക്കാൻ കൊടുത്തിരിക്കുകയാണ്. രമേഷ്കുമാർ ഒരുദിവസം 50 തെങ്ങുകൾ വരെ കയറുന്നുണ്ട്. വീട്ടിൽ നിന്ന് 8 കി.മി. അകലെ വരെയുള്ള പ്രദേശങ്ങളിലാണ് പതിവായി തെങ്ങ് കയറുന്നത്. അകലെയുള്ള സ്ഥലങ്ങളിൽ പോകാൻ ഓട്ടോയാണ് സഹായം. ഭാര്യയും രണ്ട് പെൺമക്കളും അടങ്ങിയതാണ് ചക്കിട്ടപ്പാറ സ്വദേശിയായ രമേഷിന്റെ കുടുംബം. പുതിയ തൊഴിൽ നൽകുന്ന സ്ഥിരവരുമാനത്തിൽ സന്തുഷ്ടയായ ഭാര്യയുടെ എല്ലാവിധ പിന്തുണയും തെങ്ങുകയറുന്നതിൽ രമേശ്കുമാറിനുണ്ട്. ഓട്ടോ വാങ്ങാൻ എടുത്ത വായ്പ തിരിച്ചടയ്ക്കാൻ പുതിയ തൊഴിൽ സഹായകമായതിൽ അദ്ദേഹം സന്തുഷ്ടനാണ്.

പെരുവണ്ണാമൂഴി കൃഷി വിജ്ഞാനകേന്ദ്രത്തിൽ ആഗസ്റ്റ് 17-ാം തീയതി ആരംഭിച്ച പരിശീലനപരിപാടിയുടെ പ്രഥമ ബാച്ചിലാണ് രമേഷ്കുമാർ പങ്കെടുത്തത്. പരിശീലനത്തിൽ പങ്കെടുത്തതോടെ തന്റെ ആത്മവിശ്വാസം വർദ്ധിച്ചുവെന്നും

## കിസാൻ ക്രെഡിറ്റ് കാർഡിന് എങ്ങനെ അപേക്ഷിക്കാം?

സമയനിഷ്ഠമായ ഏതൊരു കാർഷിക പ്രവർത്തനത്തിനും കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നതാണ്. താൽപര്യമുള്ള കർഷകർക്ക് ഏറ്റവും അടുത്തുള്ള ബാങ്ക് ബ്രാഞ്ചിനെ സമീപിക്കാവുന്നതാണ്. നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ ഭൂനികുതി അടച്ചതിന്റെ ഏറ്റവും പുതിയ രസീത്, മറ്റ് ബാങ്കുകളിൽ ബാദ്ധ്യതയൊന്നുമില്ലെന്നുള്ള സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ഒരു സ്മാർട്ട് കാർഡ് നൽകും; അത് ക്രെഡിറ്റ് കാർഡായി ഉപയോഗിക്കാവുന്നതാണ്. കാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ 3 ദിവസത്തിനുള്ളിൽ പൂർത്തിയാവുന്നതാണ്.

സ്വയംപര്യാപ്തത ആർജ്ജിക്കുവാൻ പരിശീലനം സഹായകരമായെന്നും സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭിച്ചുവെന്നും പറഞ്ഞ് സംതൃപ്തി അടയുകയാണ് അദ്ദേഹം. സ്വയംതൊഴിൽ കണ്ടെത്താൻ കഴിഞ്ഞതിൽ രമേഷിന് ചാരിതാർത്ഥ്യമുണ്ട്. ഒരു തെങ്ങിൽ കയറുന്നതിന് 15 രൂപയാണ് വേതനം വാങ്ങുന്നത്. പത്ത് തെങ്ങിൽ കയറുമ്പോൾ ഒരു തേങ്ങയും കൂടി ലഭിക്കുന്നുണ്ട്. 100 തെങ്ങിൽ കയറുമ്പോൾ 1500രൂപയും പത്ത് തേങ്ങയും ലഭിക്കുന്നു.

രമേഷിന്റെ പിതാവ് പരമ്പരാഗത തെങ്ങുകയറ്റ തൊഴിലാളിയായിരുന്നു. ആരോഗ്യസ്ഥിതി വഷളായപ്പോഴാണ് തെങ്ങുകയറ്റം ഉപേക്ഷിച്ചത്. പരമ്പരാഗത രീതിയിൽ തെങ്ങ് കയറുന്നത് താൽപര്യജനകമായി തോന്നിയെങ്കിലും രമേഷ് ആ വഴി പിന്തുടർന്നില്ല. പിന്നീട് പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ പരിശീലനം നടക്കുന്നതായി ആകാശവാണിയിലൂടെ അറിഞ്ഞാണ് രമേഷ് പരിശീലനത്തിനായി പേര് രജിസ്റ്റർ ചെയ്തത്. പരിശീലനത്തിലൂടെ കൈവന്ന നേട്ടങ്ങൾ മറ്റ് യുവാക്കളെ ഈ തൊഴിലിലേക്കിറങ്ങുവാൻ പ്രേരിപ്പിക്കുന്നതിന് രമേഷിന് പ്രചോദനമായി മാറി.

തെങ്ങ് കയറുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിൽ ഒരുപങ്ക് സമ്പാദിക്കുവാനും ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുവാനും സാധിച്ചതിൽ രമേഷ് കൃതാർത്ഥനാണ്.

*ടെക്നിക്കൽ ഓഫീസർ,*
*നാളികേര വികസന ബോർഡ്*

# തെങ്ങ് ചങ്ങാതിയായൊരു കണ്ണൂർക്കഥ

**കെ. എം. വിജയൻ**

തെങ്ങിനും തെങ്ങ് കൃഷിക്കാരനും ചങ്ങാതിമാരെ സൃഷ്ടിക്കുവാൻ ലക്ഷ്യമിട്ടാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിക്ക് രൂപം കൊടുത്തത്. തെങ്ങിൽ യഥാസമയം വിളവെടുപ്പും, മണ്ടവൃത്തിയാക്കി രോഗ-കീട നിയന്ത്രണവും സസ്യപരിപാലനവും നടത്തുന്ന ചങ്ങാതിമാർ തെങ്ങുകയറ്റക്കാരെ അന്വേഷിച്ച് നെട്ടോട്ടമോടുന്ന കർഷകനൊരു കൈത്താങ്ങാകുന്നു. ഇവിടെയിതാ, തെങ്ങ് തന്നെ ചങ്ങാതിയായി മാറിയ, ശോഭനമായ ജീവിതം നൽകിയ കണ്ണൂർക്കാരുടെ കഥ. ഇത് ഒറ്റപ്പെട്ടൊരു കഥയല്ല; ഇതുപോലുള്ള പലകഥകളിൽ ചിലതുമാത്രം.

കണ്ണൂർ ജില്ലയിലെ കാക്കര അടൂക്കാടൻ വീട്ടിൽ എ. മനോജ് കഴിഞ്ഞ മൂന്ന് കൊല്ലമായി തെങ്ങുകയറ്റം തൊഴിലായി സ്വീകരിച്ചിട്ട്. നാളികേര വികസന ബോർഡ് കണ്ണൂർ ജില്ലയിലെ മണക്കടവ് കാരിക്കയത്ത് വെച്ച് നടന്ന ചങ്ങാതിക്കൂട്ടം പരിശീലനത്തിൽ 21-ാമത്തെ ബാച്ചിലാണ് മനോജ് പരിശീലനം പൂർത്തിയാക്കിയത്. രാവിലെ 7 മണിമുതൽ ഉച്ചകഴിഞ്ഞ് 1-2 മണിവരെയുള്ള സമയത്ത് ജോലി ചെയ്യുന്ന മനോജ് ഒരുദിവസം 80 തെങ്ങിൽ കുറയാതെ കയറുന്നു. ഒരു തെങ്ങിന് 15 രൂപയാണ് വാങ്ങുന്നത്. ഒരു മാസം 25 ദിവസത്തോളം ജോലിചെയ്യുന്ന മനോജിന് ഏകദേശം 30,000 രൂപയോളം വരുമാനം ലഭിക്കുന്നുണ്ട്. മൂന്ന് വർഷക്കാലയളവിൽ ഏകദേശം 60000ൽപ്പരം തെങ്ങിൽ നിന്ന് വിളവെടുപ്പ് നടത്തിയിട്ടുണ്ട്. ഏകദേശം 6 ലക്ഷത്തിലധികം രൂപ വരുമാനമുണ്ടാക്കുവാൻ സാധിച്ചതിൽ മനോജ് സന്തുഷ്ടനാണ്. ഒന്നര - രണ്ടു ലക്ഷം രൂപ ചെലവഴിച്ച് ഒരു വീട് പണിയുവാനും, 58000 രൂപയ്ക്ക് ഒരു ബൈക്ക് വാങ്ങുവാനും സാധിച്ചുവെന്ന് സന്തുഷ്ടനായി പറയുന്നു മനോജ്. തെങ്ങുകയറ്റം തൊഴിലായി സ്വീകരിക്കുന്നതിനുമുമ്പ് സാമ്പത്തിക ബാധ്യതയുണ്ടായിരുന്ന മനോജിന് ഇന്ന് അത്തരം ബാധ്യതയൊന്നും ഇല്ലായെന്ന് മാത്രമല്ല, 10000 രൂപയിൽ കുറയാതെ ബാങ്ക് ബാലൻസും ഉണ്ട്. ബൈക്ക് ഉള്ളതിനാൽ 25 കിലോമീറ്റർ ദൂരെ വരെ പോയി ജോലിചെയ്യുവാൻ കഴിയുന്നുണ്ട്.

ചങ്ങാതിയാകുന്നതിന് മുൻപ് ചുമട്ട് തൊഴിൽ ചെയ്തിരുന്ന മനോജിന്റെ ദിവസ വരുമാനം 300 - 350 രൂപ മാത്രമായിരുന്നു, തൊഴിലാകട്ടെ ആയാസകരവും. മാത്രമല്ല പകലന്തിയോളം ജോലിയും ചെയ്യണമായിരുന്നു. അന്ന് സമൂഹത്തിൽ യാതൊരു സ്ഥാനവും ലഭിച്ചിരുന്നില്ല. ഇപ്പോഴാണെങ്കിൽ ആൾക്കാർ വളരെ സ്നേഹത്തോടെ ഇടപെടുന്നു. പുതിയ ജോലി നൽകിയ അവസരങ്ങളിൽ ആഹ്ലാദഭരിതനാണ് മനോജ്. ബൈക്കിൽ യന്ത്രവും കെട്ടിവെച്ചുള്ള യാത്രയും ജോലിസ്ഥലത്തെത്തുമ്പോഴുള്ള സ്വീകരണവും മാന്യമായ പെരുമാറ്റവും തിരക്കുള്ള ജോലിയും ജീവിതമാകെ മാറിമറിഞ്ഞിരിക്കുന്നു.

ചങ്ങാതിക്കൂട്ടം പരിശീലനം ലഭിക്കും മുമ്പ് തെങ്ങുകയറ്റം തൊഴിലായി സ്വീകരിച്ചിരുന്നെങ്കിലും, തെങ്ങിനെക്കുറിച്ച് അറിയുവാനും, പഠിക്കുവാനും സാധിച്ചത് പരിശീലനപരിപാടിയിൽ നിന്നുമാണെന്ന് മനോജ് സമ്മതിക്കുന്നു. രോഗ-കീടബാധ തിരിച്ചറിയുവാനും തെങ്ങിന്റെ പരിപാലനമുറകളെക്കുറിച്ച് മനസ്സിലാക്കുവാനും സാധിച്ചു. അതുകൊണ്ടുതന്നെ ജോലി ചെയ്യുന്ന തോട്ടത്തിന്റെ ഉടമകളെ പരിപാലനരീതികൾ പറഞ്ഞ്മനസ്സിലാക്കുവാനും, വിളവെടുപ്പിന്റെ കൂട്ടത്തിൽ രോഗ-കീട നിയന്ത്രണ മാർഗ്ഗങ്ങൾ ചെയ്തുകൊടുക്കുവാനും സാധിക്കുന്നു. എരമറ്റൂർ, ചപ്പാരപ്പടവ്, ആലക്കോട് പഞ്ചായത്തുകളിൽ ഒറ്റയ്ക്കും, ഗ്രൂപ്പായിട്ടുമാണ് വിളവെടുപ്പ് നടത്തുന്നത്.


അമ്മയും ഭാര്യയും സഹോദരനും രണ്ട് മക്കളുമടങ്ങിയ കുടുംബത്തിന്റെ പൂർണ്ണപിന്തുണയുമുണ്ട് ജോലിയിൽ. "ഗൾഫിൽ ജോലി ചെയ്യുന്ന അനുജന് കിട്ടുന്നതിലും വരുമാനം എനിക്കുണ്ട്. അവൻ ഗൾഫിൽ നിന്ന് തിരികെ വന്നാൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയ്ക്ക് അയയ്ക്കണം. അതിനുശേഷം ചങ്ങാതിയായി കൂടെക്കൂട്ടണമെന്നുമാണ് എന്റെ ആഗ്രഹം" മനോജ് പറഞ്ഞു നിർത്തി.

രണ്ടു സുഹൃത്തുക്കളെ യന്ത്രമുപയോഗിച്ച് തെങ്ങിൽ കയറുന്നത് പരിശീലിപ്പിക്കുകയും അവരെ തെങ്ങ് കയറ്റത്തിൽ കൂടെ കൂട്ടുകയും ചെയ്തിട്ടുണ്ട് മനോജ്.

കണ്ണൂർ ജില്ലയിൽ മണക്കടവ് പൊട്ടൻപ്ലാക്കൽ പി.ആർ. രാജേഷ് 19-ാം ബാച്ച് ചങ്ങാതിക്കൂട്ടം ട്രെയിനിയാണ്. പരിശീലനത്തിനുശേഷം 3 മാസമായി രാജേഷ് തെങ്ങുകയറ്റത്തൊഴിലാളിയാണ്. രാവിലെ 7 മുതൽ ഉച്ചയ്ക്ക് 1 മണി വരെ ജോലി ചെയ്യുന്ന രാജേഷ് ദിവസം 70 തെങ്ങിൽ കുറയാതെ കയറുന്നുണ്ട്. ഒരു തെങ്ങിന് 15 രൂപ നിരക്കിൽ ദിവസം 1000ത്തിലധികം രൂപ സമ്പാദിക്കുന്ന രാജേഷിന്റെ മാസവ



മനോജ്



രാജേഷ്

## ചങ്ങാതി, സിപിഎസ്സ്ന് ആശ്വാസം

കണ്ണൂർ ജില്ലയിൽ പെരുമ്പടവിലുള്ള കരിപ്പാൽ നാളികേരോത്പാദകസംഘം പ്രസിഡന്റ് സൈമൺ ജോർജ്ജ് സംഘത്തിലെ വിളവെടുപ്പിനെക്കുറിച്ച് വാചാലനായി. കഴിഞ്ഞ മാർച്ചിൽ ഏതാണ്ട് ഏഴ് മാസമായി തൊഴിലാളിക്ഷാമത്താൽ വിളവെടുക്കാതെ ഉണങ്ങിയ കുലകളും, ഓലകളും മറ്റ് അവശിഷ്ടങ്ങളും നിറഞ്ഞ് വൃത്തികേടായിരുന്ന സിപിഎസ് പരിധിയിലുള്ള തെങ്ങിൻ തോപ്പുകളിൽ മണക്കടവ് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ആറ് ചങ്ങാതിമാർ വിളവെടുത്ത് തരുവാൻ സന്നദ്ധത പ്രകടിപ്പിച്ചപ്പോൾ കർഷകരിൽ പ്രതീക്ഷയുണർന്നു. ഏതാണ്ട് മൂന്ന് ആഴ്ചകൊണ്ട് 13 രൂപ നിരക്കിൽ പ്രസ്തുത ചങ്ങാതിമാർ വിളവെടുത്ത് തന്നപ്പോൾ അത് സിപിഎസ് കർഷകർക്ക് ആശ്വാസദായകമായിരുന്നു. സാധാരണ തെങ്ങുകയറ്റക്കാർ തേങ്ങാക്കുല മാത്രം വെട്ടിയിറക്കുകയും മണ്ടയിലെ ഉണങ്ങിയ വസ്തുക്കൾ നീക്കി വൃത്തിയാക്കുകയും ചെയ്യാതിരുന്ന സ്ഥാനത്ത് ചങ്ങാതിക്കൂട്ടം ഏഴ് മാസമായി തെങ്ങിൽ ഉണ്ടായിരുന്ന ഉണങ്ങിയ കുലഞ്ഞിലും കോഞ്ഞാട്ടയും മറ്റും നീക്കിക്കളഞ്ഞു കൊടുക്കുകയും കൂടിചെയ്തത് കർഷകർക്കിടയിൽ ചങ്ങാതിമാരുടെ വിശ്വാസ്യത വർദ്ധിപ്പിച്ചു. ഈ ഒരു കൂട്ടായ്മ സിപിഎസിൽ ചേരാതെ സംശയാലുക്കളായിരുന്ന കർഷകർക്ക്കൂടി സിപിഎസിൽ ചേരുവാനുള്ള പ്രേരണ നൽകുകയുണ്ടായി. ഇപ്പോൾ അതേ ചങ്ങാതിമാർ അടുത്ത വിളവെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തവണ കൂലി തെങ്ങൊന്നിന് 15 രൂപയാണ്.

പെരുമ്പടവ് കേന്ദ്രീകരിക്കുന്ന കരിപ്പാൽ, തോക്കാട്, പെരുമ്പടവ്, മലനാട്, പെരുമ്പടവ് വെസ്റ്റ് എന്നീ അഞ്ച് സിപിഎസുകളിൽ ആണ് മണക്കടവ് ചങ്ങാതിമാർ വിളവെടുപ്പ് നടത്തുന്നത്. എല്ലാ സിപിഎസുകളിലേയും കർഷകർ സംതൃപ്തരാണ് കാരണം ചങ്ങാതിമാർ കാര്യക്ഷമമായും കൃത്യനിഷ്ഠയോടെയും ജോലി ചെയ്യുമെന്നതിനാൽ. സിപിഎസുകളിൽ അംഗങ്ങളായ കർഷകർ തമ്മിൽ നല്ല ഐക്യം നിലവിൽ വന്നു. ഇപ്പോൾ സിപിഎസിന്റെ പൊതുയോഗമൊക്കെ വിളിക്കുമ്പോൾ 75ശതമാനത്തിലധികം കർഷകരും പങ്കെടുക്കുന്നുണ്ട്. നേരത്തെ 25 ശതമാനത്തോളമായിരുന്നു പങ്കാളിത്തം. സിപിഎസ് അതിർത്തിക്കുള്ളിൽ 10 തെങ്ങിൽ കുറവില്ലാത്ത കർഷകരെല്ലാം സിപിഎസിൽ ഇപ്പോൾ അംഗങ്ങളാണ്.

"ചങ്ങാതിമാർ തങ്ങളുടെ കൂടെയുണ്ടെങ്കിൽ കുറിയ ഇനം തെങ്ങുകളുടെ ഒരു നഴ്സറി, പരിയാരം മെഡിക്കൽ കോളേജ് പരിസരത്ത് കരിക്ക് പാർലർ, കൊപ്ര സംഭരണം തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുവാൻ ഞങ്ങൾ ലക്ഷ്യമിടുന്നുണ്ട്. ഞങ്ങളുടെ 5 സിപിഎസുകളിൽ നിന്ന് കുറച്ച് യുവാക്കളെ ചങ്ങാതിക്കൂട്ടം പരിശീലനത്തിന് അയയ്ക്കുവാനും തീരുമാനിച്ചിട്ടുണ്ട്."

"ഇനി ഞങ്ങൾ പിന്നോട്ടില്ല. നാളികേര വികസന ബോർഡുമായി ചേർന്ന് നാളികേരത്തിന്റെ പഴയപ്രതാപം വീണ്ടെടുത്തിരിക്കും."



*അരുൺകുമാർ*

രുമാനം 25000 രൂപയിൽ കവിയുന്നു.

തെങ്ങിന്റെ ചങ്ങാതി ആകുന്നതിനു മുമ്പ് റബ്ബർ ടാപ്പിംഗ് ആയിരുന്നു തൊഴിൽ. അതിൽ നിന്ന് ദിവസം 500 രൂപ വച്ച് മാസം 15000 രൂപയേ വരുമാനം ഉണ്ടായിരുന്നുള്ളൂ. തെങ്ങിന്റെ ചങ്ങാതിയായതിനുശേഷം വരുമാനവർദ്ധവിനൊപ്പം തന്നെ സമൂഹത്തിൽ തനിക്കൊരു മാന്യസ്ഥാനവും ലഭിച്ചിരിക്കുന്നുവെന്ന് രാജേഷ് പറയുന്നു. തന്നേത്തേടി ദൂരെദിക്കുകളിൽ നിന്നുപോലും കർഷകരെത്തുന്നു. കൃത്യനിഷ്ഠയോടെ ജോലി നോക്കുന്നതിനാൽ എല്ലാവർക്കും നല്ല മതിപ്പുണ്ട്.

തൊഴിൽ ആരംഭിച്ച് മൂന്ന് മാസക്കാലം കൊണ്ട് കടബാധ്യതകളെല്ലാം വീട്ടുവാനും മക്കളുടെ വിദ്യാഭ്യാസച്ചെലവുകളും വീട്ടുചെലവുകളും ബുദ്ധിമുട്ടില്ലാതെ നടത്തുവാനും വീടിന്റെ അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കുവാനും കഴിഞ്ഞുവെന്നത് വലിയൊരു കാര്യമായിക്കാണുന്നു രാജേഷ്.

മണക്കടവ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ചങ്ങാതിക്കൂട്ടത്തിൽ അംഗമാണ് രാജേഷ്. ഇവർ സിപിഎസുകളിൽ കരാർ അടിസ്ഥാനത്തിൽ വിളവെടുപ്പ് നടത്തിക്കൊടുക്കുന്നു. സമീപപ്രദേശങ്ങളിൽ തനിച്ചും ജോലി ചെയ്യാറുണ്ട്. ഇവർ കരിപ്പാൽ, പെരുമ്പടവ്, കാരിക്കയം സിപിഎസുകളിൽ വിളവെടുപ്പ് നടത്തുന്നുണ്ട്. ഓട്ടോറിക്ഷ വാടകയ്ക്കെടുത്ത് ദൂരസ്ഥലങ്ങളിൽ വിളവെടുപ്പിന് പോകുന്നുണ്ട്. കാരിക്കയത്ത് വെച്ച് പരിശീലനം നേടാൻ സാധിച്ചതും ഈ ജോലിയിലേക്ക് തിരിയുവാനായതും ഒരു നിയോഗമായി കണക്കാക്കുന്നു രാജേഷ്.

കണ്ണൂർ ജില്ലയിൽ പറവൂർ ചന്ദനയ്ക്കാംപാറ പള്ളത്ത് വീട്ടിൽ അരുൺകുമാർ പി. നാളികേര വികസനബോർഡ് കണ്ണൂർ ജില്ലയിലെ കാരിക്കയത്ത് വെച്ച് നടത്തിയ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ 23-ാം ബാച്ചിൽ നിന്ന് പരിശീലനം നേടിയതാണ്. ചങ്ങാതിക്കൂട്ടം പരിശീലനത്തിനുമുൻപ് കൂലിപ്പണിയായിരുന്നു ചെയ്തിരുന്നത്. ദിവസവും പരമാവധി 450 രൂപയാണ് ലഭിച്ചിരുന്നത്. എന്നാൽ ചങ്ങാതിക്കൂട്ടം പരിശീലനം ലഭിച്ചതിനുശേഷം തെങ്ങുകയറ്റം തൊഴിലായി സ്വീകരിക്കുകയും ദിവസം എഴുപതിലധികം തെങ്ങ് കയറുകയും ചെയ്യുന്നുണ്ട്. അരുണിന് ദിവസവും 1000 രൂപയിൽ കുറയാതെ വരുമാനം ലഭിക്കുന്നുണ്ട്. പരിശീലനത്തിനുശേഷം ഇതുവരെ 3000ത്തിലധികം തെങ്ങുകൾ കയറിയിട്ടുണ്ട്. തൊഴിലിൽ നിന്ന് ലഭിക്കുന്ന അധികവരുമാനം കൊണ്ട് സഹോദരിയുടെ പഠനച്ചെലവും വീട്ടുചെലവുംകഴിഞ്ഞ് ഇത്രയും കുറഞ്ഞ ദിവസത്തിനുള്ളിൽ 5000 രൂപ കരുതൽ ധനമായി കൈയ്യിൽ സൂക്ഷിക്കുവാനും സാധിച്ചിട്ടുണ്ടെന്ന് അഭിമാനത്തോടെ പറയുന്നു അരുൺകുമാർ.

ചങ്ങാതികളോടൊപ്പവും തനിച്ചും വിളവെടുപ്പ് നടത്തുന്നു. മണക്കടവ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചങ്ങാതിക്കൂട്ടത്തിലെ അംഗമാണ് അരുൺ. ഇവർ കരിപ്പാൽ, പെരുമ്പടപ്പ് സിപിഎസുകളിൽ കരാർ അടിസ്ഥാനത്തിൽ വിളവെടുപ്പ് നടത്തിക്കൊടുക്കുന്നുണ്ട്. പയ്യാവൂരിലും ജോലി ചെയ്യുന്നുണ്ട്.

ജോലിയിൽ കൃത്യനിഷ്ഠ കാണിക്കുന്നതിനാൽ കർഷകർ പൂർണ്ണതൃപ്തരാണ്. പഴയ ജോലിയെ അപേക്ഷിച്ച് കുറഞ്ഞ അദ്ധ്വാനത്തിൽ കൂടുതൽ വരുമാനം നേടാമെന്നതിനേക്കാളുപരി സമൂഹത്തിൽ മാന്യമായൊരു സ്ഥാനം നേടിയെടുക്കുവാൻ സാധിച്ചുവെന്നതിൽ അരുൺ സംതൃപ്തനാണ്. "ഇത് നാളികേര വികസന ബോർഡാണ് എനിക്ക് സാധ്യമാക്കിയത്. നാട്ടുകാരും കൃഷിക്കാരും നല്ലരീതിയിൽ പെരുമാറുന്നതിനാൽ ഞാൻ ജോലിയിൽ സംതൃപ്തനാണ്" അരുൺ പറയുന്നു.

"ബോർഡ് പുതിയ സാങ്കേതിക വിദ്യകളിലും, പുതിയ യന്ത്രങ്ങളിലും പരിശീലനം നൽകുകയാണെങ്കിൽ തീർച്ചയായും പങ്കെടുത്തിരിക്കും. പുതിയ ചങ്ങാതിമാർക്ക് പരിശീലനം നൽകുവാനുള്ള ആത്മവിശ്വാസവും എനിക്കുണ്ട്". അരുൺ പറഞ്ഞുനിർത്തി.

---

*ഫീൽഡ് ഓഫീസർ,*
*നാളികേര വികസന ബോർഡ്*

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം-സുസ്ഥിര കേരവികസനത്തിന്

സി. തമ്പാൻ[1], മനോജ് കുമാർ[2], എസ്. ലീന[3], കെ. മുരളീധരൻ[4]



വിവിധ ഏജൻസികൾ കാർഷിക മേഖലയിൽ സാധാരണ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾ ലക്ഷ്യം വെയ്ക്കുന്നത് കർഷകരെയാണ്. പൊതുവേ കാർഷിക പരിശീലന പരിപാടികൾ ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി ഒരു വിദഗ്ധന്റെ പ്രഭാഷണത്തിലും തുടർന്നുള്ള ചർച്ചയിലും ഒതുങ്ങുന്ന രീതിയിലാണ് നടത്താറ് പതിവ്. ഒരു നൂതന സാങ്കേതിക വിദ്യ ഫലപ്രദമായി കൃഷിയിടത്തിൽ പ്രാവർത്തികമാക്കുന്നതിനു വേണ്ട വിജ്ഞാനവും നൈപുണ്യവും പകർന്നു നൽകുന്നതിന് ഇത്തരത്തിൽ നടത്തപ്പെടുന്ന പരിശീലനപരിപാടികൾക്ക് ഏറെ പരിമിതികളുണ്ട്. മാത്രമല്ല, നമ്മുടെ കർഷകരിൽ ഏറെപ്പേരും സ്വന്തം നിലയിൽ അദ്ധ്വാനിക്കുന്നവരല്ല, കർഷക തൊഴിലാളികളെ ഉപയോഗപ്പെടുത്തി കൃഷിയിട പരിപാലനം സാദ്ധ്യമാക്കുന്ന മാനേജർമാർ മാത്രമാണ് ഭൂരിപക്ഷം ഭൂവുടമകളും അതുകൊണ്ടുതന്നെ കൃഷിയിടങ്ങളിൽ കായികമായി അദ്ധ്വാനിക്കുന്ന തൊഴിലാളികൾക്ക് വേണ്ടിയുള്ള പരിശീലനങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം നൽകേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ നാളികേര വികസന ബോർഡ് നടപ്പിലാക്കിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടി സാധാരണ നടത്താറുള്ള കാർഷിക പരിശീലന പരിപാടികളിൽ നിന്നും വളരെ വ്യത്യസ്തവും നൂതനവും ഏറെ യാഥാർത്ഥ്യബോധത്തോടെ സംഘടിപ്പിച്ചതുമാണെന്ന് കാണാം.

വളരെ കാര്യക്ഷമമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ കാർഷിക പരിശീലന പരിപാടിയുടെ മാതൃകയാണ് 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' എന്നതിന്റെ സൂചനകളാണ് ലക്ഷ്യമിട്ടതിലും കൂടുതൽ ആളുകളെ ചങ്ങാതിക്കൂട്ടം പരിപാടിയിലൂടെ പരിശീലിപ്പിച്ചെടുക്കാൻ കഴിഞ്ഞതും പരിശീലനം സിദ്ധിച്ച തെങ്ങിന്റെ ചങ്ങാതിമാരുടെ സേവനം കേരകർഷകർ ഫലപ്രദമായി വിനിയോഗിക്കുന്നതിന്റെ അനുഭവങ്ങൾ എല്ലാ കേരകൃഷി മേഖലകളിൽ നിന്നും കേട്ടുകൊണ്ടരിക്കുന്നതും. വിളവെടുപ്പിനും മരുന്നു തളിക്കുന്നതിനും മറ്റു കൃഷിപ്പണികൾ ചെയ്യുന്നതിനും വേണ്ടത്ര തൊഴിലാളികളെ കിട്ടാനില്ലാതെ കേര കർഷകർ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയിലൂടെ പരിശീലനം നേടിയ യുവാക്കളുടെ സേവനം ലഭ്യമാക്കാൻ കഴിയുന്നത് കർഷകർക്ക് ഏറെ ആശ്വാസം പകരുന്നുണ്ട്.

### തെങ്ങിന്റെ ചങ്ങാതിക്കൂട്ടം: അനുഭവങ്ങൾ, ഭാവി പ്രവർത്തനങ്ങൾ

കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയുടെ ഭാഗമായി പത്ത് ബാച്ചുകളിലായി ഇതേവരെ 200 പേരെ പരിശീലിപ്പിച്ചു. അവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 50 പേരുടെ കൂട്ടായ്മ ഇക്കഴിഞ്ഞ മെയ് 8-ാം തീയ്യതി സി.പി.സി.ആർ.ഐയിൽ സംഘടിപ്പിച്ചിരുന്നു. ചങ്ങാതിക്കൂട്ടത്തിലെ അംഗങ്ങളെന്ന നിലയിൽ പരിശീലനം കഴിഞ്ഞതുമുതൽ ഇതേവരെയുള്ള അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി കേര മേഖലയിൽ പ്രവർത്തിക്കുന്നതിനുള്ള സമീപനങ്ങൾ ചർച്ച ചെയ്യുന്നതിനുമായിരുന്നു കൂട്ടായ്മ സംഘടിപ്പിച്ചത്. ചങ്ങാതിക്കൂട്ടത്തിൽ പരിശീലനം പൂർത്തിയാക്കിയവരിൽ 70 ശതമാനം പേരും അവരുടെ സേവനം തെങ്ങുകൃഷിക്കാർക്ക് ലഭ്യമാക്കുന്നുണ്ട്. പരിശീലനത്തിനുമുമ്പ് 15% അംഗങ്ങൾ പരമ്പരാഗത രീതിയിൽ തെങ്ങു കയറ്റ തൊഴിലാളികളായിരുന്നു. അവർക്ക് പ്രതിദിനം ശരാശരി 300-400 രൂപ പ്രതിദിന വരുമാനം ലഭിച്ചിരുന്നു. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം പൂർത്തിയാക്കിയതിനുശേഷം അവരുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. യന്ത്രമുപയോഗിച്ചുള്ള തെങ്ങു കയറ്റം വഴി ജോലിയിലെ ആയാസം ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചു. യന്ത്രമുപയോഗിച്ച് പ്രതിദിനം ശരാശരി 60



*ചങ്ങാതിക്കൂട്ടം പരിശീലനക്ലാസ്സ്*

തെങ്ങുകളിൽ കയറാൻ കഴിയുന്നുണ്ട്. അതുവഴി ശരാശരി പ്രതിദിന വരുമാനമായി 750-900 രൂപ നേടാനും കഴിയുന്നു. തേങ്ങ പറിക്കുന്നതിനു പുറമേ തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്ന ജോലിയും ചെയ്തു കൊടുക്കാൻ കഴിയുന്നുണ്ട്. ചില കൃഷിയിടങ്ങളിൽ തെങ്ങിന്റെ കീടരോഗ നിയന്ത്രണത്തിനായി, പ്രത്യേകിച്ച് കാസറഗോഡ് ജില്ലയിൽ വ്യാപകമായുള്ള ചെന്നീരൊലിപ്പ് നിയന്ത്രണത്തിനായുള്ള നിയന്ത്രണപരിപാടികൾ അനുവർത്തിക്കുന്നതിന് കേര കർഷകരെ സഹായിക്കുന്നതിന് ചങ്ങാതിക്കൂട്ടം അംഗങ്ങൾക്ക് കഴിയുന്നു. തെങ്ങു കയറ്റത്തിനു പുറമേ തെങ്ങിന്റെ ശാസ്ത്രീയ വിള പരിപാലനത്തിനു കർഷകരെ സഹായിക്കുന്നതിന് വേണ്ട വൈദഗ്ദ്ധ്യം നേടാൻ പരിശീലനത്തിലൂടെ കഴിഞ്ഞതായി മുഴുവൻ ചങ്ങാതിക്കൂട്ടം അംഗങ്ങളും അഭിപ്രായപ്പെട്ടു.

വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന കേര വികസന പദ്ധതികൾ കൃഷിയിടത്തിൽ പ്രാവർത്തികമാക്കുന്നതിന് കർഷകർക്ക് സേവനം ലഭ്യമാക്കാൻ കഴിയുമെന്നും ചങ്ങാതിക്കൂട്ടം അംഗങ്ങൾ വിശ്വസിക്കുന്നു. അതിനുള്ള ഔദ്യോഗിക സംവിധാനങ്ങൾക്ക് രൂപം കൊടുക്കേണ്ടതുണ്ടെന്നാണ് അവരുടെ അഭിപ്രായം. കൃഷി വകുപ്പ്, ഗ്രാമപഞ്ചായത്ത് തുടങ്ങിയ വിവിധ ഏജൻസികളുമായി ബന്ധപ്പെടുന്നതിനും അവരുമായി ആശയവിനിമയം നടത്തുന്നതിനും പരിശീലനം സഹായിച്ചതായി അംഗങ്ങൾ പറയുന്നു. ചില പ്രദേശങ്ങളിൽ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി രൂപീകരിക്കുന്നതിന് കേര കർഷകരെ സംഘടിപ്പിക്കുന്നതിനും തെങ്ങിന്റെ ചങ്ങാതിക്കൂട്ടം അംഗങ്ങൾ മുൻകൈയെടുത്തിട്ടുണ്ട്.

പരിശീലനത്തിനുശേഷം ലഭ്യമാക്കിയ തെങ്ങുകയറ്റ യന്ത്രം കുറച്ചുകൂടി പരിഷ്കരിക്കേണ്ടതുണ്ടെന്നാണ് ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അഭിപ്രായം. പ്രത്യേകിച്ച് യന്ത്രത്തിൽ കേബിൾ കൊണ്ടുരയുന്ന ഭാഗത്തുണ്ടാകുന്ന തേയ്മാനം ഒഴിവാക്കേണ്ടതുണ്ട്. യന്ത്രത്തിന്റെ കേബിൾ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടും നന്നാക്കിയെടുക്കുന്നതിനുള്ള പ്രയാസവും പരിമിതികളാണ്. അതുപോലെ യന്ത്രത്തിന് സുരക്ഷാ സംവിധാനം ഘടിപ്പിക്കുന്നതിന്റെ ആവശ്യകതയും അവർ ചൂണ്ടിക്കാണിക്കുന്നു. നാളികേര വികസന ബോർഡിന്റെ വെബ്സൈറ്റിൽനിന്നും ലഭ്യമായ വിവരങ്ങളുപയോഗിച്ച് കേര കർഷകർ വിദൂര പ്രദേശങ്ങളിൽ നിന്നു പോലും ഫോൺ വിളിച്ച് സേവനം ആവശ്യപ്പെട്ടതായി ചില ചങ്ങാതിക്കൂട്ടം അംഗങ്ങൾ പറയുന്നു. പരിശീലനം നേടിയ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽനിന്നുള്ള വനിതകളിൽ അഞ്ചുപേർ ഒരു കൂട്ടായ്മ രൂപീകരിച്ച് സ്വന്തം നാട്ടിലും അയൽ പഞ്ചായത്തുകളിലും തെങ്ങിൻ തോട്ടങ്ങളിൽ സേവനം ലഭ്യമാക്കുന്ന അനുഭവം തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടി സ്ത്രീ ശാക്തീകരണത്തിനു ശക്തി പകർന്നതിന്റെ ഒരു മാതൃകയാണ്. സ്വന്തം നാട്ടിലെ ചില കർഷകർക്കും യുവാക്കൾക്കും തെങ്ങു കയറ്റത്തിൽ പരിശീലനം നൽകാൻ താൽപര്യമെടുത്തതായി നിരവധി ചങ്ങാതിക്കൂട്ടം അംഗങ്ങൾ വെളിപ്പെടുത്തി. അവസരം ലഭിച്ചാൽ തെങ്ങുകൃഷി വികസന പദ്ധതി കൃഷിയിടങ്ങളിൽ പ്രാവർത്തികമാക്കുന്നതിനായി തങ്ങളുടെ സേവനം ലഭ്യമാക്കുമെന്ന് ഭൂരിഭാഗം ചങ്ങാതികൂട്ടം അംഗങ്ങളും അഭിപ്രായപ്പെടുന്നു.

കേരമേഖലയുടെ സുസ്ഥിര വികസനത്തിന് തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിലെ അംഗങ്ങളുടെ സേവനം ഏതുരീതിയിൽ ഫലപ്രദമായി വിനിയോഗിക്കാനാവുമെന്ന് നാം ആലോചിക്കേണ്ടതുണ്ട്.

**1. തെങ്ങിന്റെ ചങ്ങാതികളുടെ 'കൂട്ടായ്മ' ശക്തിപ്പെടുത്തുക:** ഓരോ പ്രദേശത്തിന്റെയും തെങ്ങുകൃഷി സാഹചര്യങ്ങൾക്കനുസൃതമായി ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ ചെറിയ ഗ്രൂപ്പുകൾ തൊഴിൽസേന പോലെ സംഘടിപ്പിച്ച് അവരുടെ സേവനം കൂട്ടായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏറെ ഗുണകരമായിരിക്കും. ഇത്തരം കൂട്ടായ്മകൾ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന രീതിയിൽ സംഘടിപ്പിക്കുന്നതായിരിക്കും ഉചിതം. ഓരോ ചങ്ങാതിക്കൂട്ടായ്മയും തൊഴിൽ സേന എന്ന രീതിയിൽ വരുന്ന വർഷത്തേക്കുള്ള കർമ്മ പരിപാടി തയ്യാറാക്കണം. കർമ്മപരിപാടി ആവിഷ്ക്കരിക്കുമ്പോൾ അതാത് പ്രദേശത്തെ കേര കർഷകരുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. കർമ്മ പരിപാടിയിൽ തെങ്ങു കയറ്റത്തിനുപുറമേ വിള പരിപാലനം, കീട രോഗ നിയന്ത്രണം എന്നിവയും പ്രാദേശിക സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് ഉൾപ്പെടുത്തണം.

**2. തുടർ പരിശീലനം:** യന്ത്രമുപയോഗിച്ചുള്ള തെങ്ങുകയറ്റം ഉൾപ്പെടെ, തെങ്ങിന്റെ സമഗ്രവിള പരിപാലനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ, പ്രത്യേകിച്ച് കീട-രോഗ നിയന്ത്രണത്തിനായുള്ള സംയോജിത മാർഗ്ഗങ്ങളിൽ, ആവശ്യാനുസൃതം തുടർ പരിശീലനം ലഭ്യമാക്കുന്നത് ചങ്ങാതിക്കൂട്ടങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനു സഹായിക്കും. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചങ്ങാതിക്കൂട്ടങ്ങളുടെ തുടർപരിശീലനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

**3. കർഷക-കർഷകത്തൊഴിലാളി കൂട്ടായ്മ:** അതാത് പ്രദേശങ്ങളിൽ തെങ്ങുകൃഷിക്കാരും തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിലെ അംഗങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ തെങ്ങുകൃഷിക്കാരുടെ കൂട്ടായ്മകളും ചങ്ങാതിക്കൂട്ടവും ഒരുമിച്ചിരുന്ന് ചങ്ങാതിക്കൂട്ടത്തിൽ നിന്നും കർഷകർക്ക് ലഭിക്കേണ്ടുന്ന അഥവാ പ്രതീക്ഷിക്കുന്ന സേവനങ്ങളുടെ തോതും ഗുണമേന്മയും അതോടൊപ്പം ചങ്ങാതിക്കൂട്ടം അംഗങ്ങൾക്ക് നൽകേണ്ടുന്ന കൂലി നിരക്കും മറ്റും ചർച്ച ചെയ്ത് നിശ്ചയിക്കാവുന്നതാണ്. അത്ത

രമൊരു കർഷക-കർഷക തൊഴിലാളി പാരസ്പര്യം സുസ്ഥിര കേരവികസനത്തിനായുള്ള പ്രാദേശിക തലത്തിലെ ഇടപെടലുകളുടെ ഫലപ്രാപ്തി മെച്ചപ്പെടുത്തും.

**4. കേര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് പങ്കാളികളാവുക**: നാളികേര വികസന ബോർഡ്, സംസ്ഥാന കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന കേര വികസന പദ്ധതികൾ കൃഷിയിടങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് കേര കർഷകരെ സഹായിക്കുന്ന വിധത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിന്റെ കർമ്മപരിപാടികൾ പ്രാദേശിക തലത്തിൽ രൂപപ്പെടുത്തേണ്ടതുണ്ട്.

സങ്കരയിനം തൈകളുണ്ടാക്കുന്നതിനുള്ള കൃത്രിമ പരാഗണം, കേര നഴ്സറി പരിപാലനം, വളപ്രയോഗമുൾപ്പെടെയുള്ള ശാസ്ത്രീയ വിള പരിപാലനം, ഇടവിളകൃഷി, കീടരോഗ നിയന്ത്രണം, ഉൽപ്പന്ന വൈവിധ്യവൽക്കരണം തുടങ്ങിയ വിവിധ ഘടകങ്ങൾ കേരവികസന പദ്ധതികളിൽ ഉൾപ്പെടുന്നവയാണ്. ഇവ തെങ്ങിൻ തോട്ടങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് കർഷകർക്ക് ചങ്ങാതിക്കൂട്ടത്തിന്റെ സേവനം ലഭ്യമാക്കുന്ന വിധത്തിൽ ഏകോപനം സാദ്ധ്യമാക്കേണ്ടതുണ്ട്.

**5. പങ്കാളിത്ത സമീപനവും ഫലപ്രദമായ ഏകോപനവും :** സുസ്ഥിര കേരവികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ പങ്കാളിത്ത സമീപനം ഉറപ്പു വരുത്തുകയും പ്രാദേശിക തലത്തിൽ കർഷക-കർഷക തൊഴിലാളി കൂട്ടായ്മകൾ ശക്തിപ്പെടുത്തുകയും വേണം. തെങ്ങു കൃഷിക്കാരുടെയും,



*ചങ്ങാതിമാർ പരിശീലകർക്കൊപ്പം*

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം അംഗങ്ങളുടെയും ഗവേഷണ-വികസന- വിജ്ഞാന വ്യാപന ഏജൻസികളുടെയും ഏകോപിച്ചുള്ള പ്രവർത്തനം സുസ്ഥിര കേരവികസനം ലക്ഷ്യമാക്കിയുള്ള കൂട്ടായ്മകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് അനിവാര്യമാണ്.

കേരളത്തിലെ സാഹചര്യത്തിൽ ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിലുള്ള വികേന്ദ്രീകൃതാസൂത്രണ പരിപാടിയാണ് ഈ രീതിയിൽ ഏകോപനം സാദ്ധ്യമാക്കുന്നതിന് പ്രാദേശിക തലത്തിലുള്ള ഒരു സംവിധാനം. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾക്കും ഗ്രാമതല ഏകോപനത്തിന് ഫലപ്രദമായ നേതൃത്വം നൽകാൻ കഴിയും.

**സുസ്ഥിര കേര വികസനത്തിന് ഏകോപിത സമീപനം**: സുസ്ഥിര കേര വികസനത്തിനായുള്ള സമീപനങ്ങളിലും വിവിധ കർമ്മ പരിപാടികളിലും തെങ്ങിന്റെ ചങ്ങാതിക്കൂട്ടം അംഗങ്ങൾക്ക് ഒരു പ്രധാന സ്ഥാനമുണ്ട്. തെങ്ങിന്റെ ചങ്ങാതികളുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നതിനുവേണ്ട സംഘടനാ സംവിധാനങ്ങളൊരുക്കുകയെന്നത് അതുകൊണ്ടുതന്നെ വളരെ പ്രധാനമാണ്.

*1&4 കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം കാസറഗോഡ്, 2&3. കൃഷി വിജ്ഞാനകേന്ദ്രം*

# തെങ്ങുമന

രാജ്യത്തെതന്നെ ആദ്യത്തെ കോക്കനട്ട് പബ്ബ് ആയ തെങ്ങുമന ബാംഗ്ലൂർ നഗരത്തിൽ രാജാജി നഗറിൽ പ്രവർത്തിക്കുന്നു. ബാംഗ്ലൂർ നിവാസികൾക്ക് നീരയുടേയും മറ്റ് നിരവധി തേങ്ങ അധിഷ്ഠിത പാനീയങ്ങളുടേയും സ്നാക്കുകളുടേയും സ്വാദ് നുകരാൻ തെങ്ങുമനയിൽ എത്തുകയേ വേണ്ടൂ.

തെങ്ങുമനയിലെത്തിയാൽ ദാഹശമനം മാത്രമല്ല ആരോഗ്യവും വർദ്ധിക്കും. നീര ഏറ്റവും ആരോഗ്യദായകമായ പാനീയമാണ്. നീരയ്ക്ക് പുറമേ, തേങ്ങാപ്പാൽ ഉപയോഗിച്ചുണ്ടാക്കിയ ഐസ്ക്രീം, സൂഫ്ളേ, ബർഫി, ലസ്സി, ഫ്രൂട്ട് സലാഡ്, തേങ്ങാചിപ്സ്, ജെല്ലി തുടങ്ങിയ നാനാതരം സ്വാദിഷ്ഠമായ പദാർത്ഥങ്ങളും ഇവിടെ ലഭ്യമാണ്. എല്ലാ ഉൽപന്നങ്ങളും ജൈവകൃഷിയിലൂടെ ഉത്പാദിപ്പിക്കുന്നതാണ്. ബാംഗ്ലൂർ ആസ്ഥാനമായ



*നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐഎഎസ് തെങ്ങുമനയിൽ*

കിസ്സാൻ അഗ്രി പ്രൊഡക്ട്സിന്റെ സംരംഭമാണിത്. ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായൊരിടം എന്നതിലുപരി കർഷകർക്ക് കരിക്ക് വിൽക്കാൻ വേഗം കണ്ടെത്താവുന്നൊരിടം എന്ന ഉദ്ദേശ്യം കൂടെ തെങ്ങ്മനയ്ക്ക് പിറകിലുണ്ട്.

നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐഎഎസ് മെയ് 5-ാം തീയതി തെങ്ങുമന സന്ദർശിച്ചു.കേരോൽപന്ന വൈവിദ്ധ്യവത്ക്കരണത്തിലും വൈവിധ്യമാർന്ന വിധം കേരോൽപന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിലും തെങ്ങുമനയുടെ സംഭാവനകളെ അദ്ദേഹം ശ്ലാഘിച്ചു.

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം, തൊടുപുഴയിൽ

**വി. ജെ. ജോർജ്ജ്**

കേന്ദ്ര നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ ഗാന്ധിജി സ്റ്റഡി സെന്റർ നടപ്പിലാക്കിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി നാളികേര കർഷകർക്ക് ആവേശമായി മാറിയിരിക്കുകയാണ്. ഗാന്ധിജി സ്റ്റഡിസെന്റർ 6 ബാച്ചുകളിലായി 6 ജില്ലയിലെ 164 പേരെ ചങ്ങാതിക്കൂട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലിപ്പിച്ചു. ഇടുക്കി ജില്ലയിലെ 137 പേരും എറണാകുളം ജില്ലയിൽ നിന്ന് 9 പേരും, കോട്ടയം ജില്ലയിൽ നിന്ന് 4 പേരും, തൃശൂർ ജില്ലയിൽ നിന്ന് ഒരാളും വയനാട് ജില്ലയിൽ നിന്ന് 13 പേരും പരിശീലനത്തിൽ പങ്കെടുത്തു.

തെങ്ങ്കൃഷിയുടെ വിവിധ വശങ്ങളും ഗ്രൂപ്പ് പ്രവർത്തനങ്ങൾ വിജയത്തിൽ എത്തിക്കുന്നതിനുള്ള അറിവും വ്യകതിത്വവികസനത്തിന്റെ പലമേഖലകളും ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു ആറ് ദിവസത്തെ പരിശീലനപരിപാടി. തെങ്ങുകയറ്റയന്ത്രം ഉപയോഗിച്ച് തെങ്ങിൽ കയറി തേങ്ങ ഇടുന്നതിനും, മരുന്ന് പ്രയോഗിക്കുന്നതിനും മറ്റുമുള്ള വിദഗ്ദ്ധ പരിശീലനം നൽകി. പരിശീലനത്തിൽ പങ്കെടുത്ത മുഴുവൻ പേർക്കും തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകുകയും ചെയ്തു. ജോലിക്കാരെ ലഭ്യമല്ലാതായ ഈ തൊഴിൽ മേഖലയിലേക്ക് ചെറുപ്പക്കാരെ ആകർഷിക്കുവാനും നല്ല വരുമാനം ഉണ്ടാക്കുവാനും ഇത് സഹായകമായി. ഈ പദ്ധതിയുടെ പ്രയോജനം മനസ്സിലാക്കിയതിനാൽ 10 ബാച്ചിനുള്ള അപേക്ഷകൾ ഇപ്പോൾ തന്നെ സ്റ്റഡിസെന്ററിൽ ലഭിച്ചിട്ടുണ്ട്.

## ബഹു. സംസ്ഥാന ജലസേചന വകുപ്പ് മന്ത്രി ശ്രീ. പി. ജെ. ജോസഫിന്റെ സന്ദേശം



നാളികേര വികസന ബോർഡും ഗാന്ധിജി സ്റ്റഡിസെന്ററും സംയുക്തമായി തൊടുപുഴയിൽ നടത്തിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി വളരെയധികം വിജയമായിരുന്നുവെന്ന് അറിഞ്ഞതിൽ അതിയായ സന്തോഷം ഉണ്ട്.

അടുത്തകാലങ്ങളിൽ വളരെയധികം തൊഴിൽക്ഷാമം അനുഭവപ്പെടുന്ന മേഖലയാണ് തേങ്ങയിടീൽ. ഇതിന് വേണ്ടത്ര തൊഴിലാളികളെ ലഭിക്കുന്നില്ല. തെങ്ങിൽ കയറി തേങ്ങയിടുന്നതിനും, മരുന്ന് പ്രയോഗിക്കുന്നതിനും വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. നാളികേര വികസന ബോർഡ് പരിശീലന പരിപാടികൾ നടത്തുന്നതും ഇതിന് പുറമേ ഓരോ ഗ്രാമങ്ങളിലും നാളികേരോത്പാദക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും കേരകർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ചെയ്യുന്ന പ്രവർത്തനങ്ങൾ വളരെ ഗുണകരമായിത്തീർന്നിട്ടുണ്ട്. സൗജന്യമായി തെങ്ങുകയറ്റയന്ത്രം ലഭ്യമാക്കുന്നതിലൂടെ, ഒരുപരിധിവരെ ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ കഴിയും. ഇത്തരം പ്രവർത്തനങ്ങളിലൂടെ കേരകൃഷിക്ക് പുത്തനുണർവ്വുണ്ടാകും എന്നകാര്യത്തിൽ സംശയമില്ല.

ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് നാളികേര വികസന ബോർഡ് നടത്തുന്ന പരിശീലന പരിപാടികൾ വളരെയധികം അഭിനന്ദനീയമാണ്. ഇത് നാളികേരകൃഷിയിലേക്ക് വീണ്ടും ജനങ്ങൾ തിരിച്ചുവരുന്നതിന് കാരണമാകും. നാളികേര വികസന ബോർഡിന്റെ ക്ഷേമപ്രവർത്തനങ്ങളിലൂടെ നാളികേരകൃഷി വ്യാപകമാകുമെന്നതിൽ സംശയമില്ല. ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് വിജയാശംസകൾ!

സ്നേഹപൂർവ്വം,

**പി. ജെ. ജോസഫ്**

ഗാന്ധിജി സ്റ്റഡി സെന്റർ നടപ്പിലാക്കിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ അവലോകന യോഗം ഇക്കഴിഞ്ഞ ഏപ്രിൽ 22 ന് ഗാന്ധിജി സ്റ്റഡിസെന്റർ കോൺഫറൻസ് ഹാളിൽ മന്ത്രി പി.ജെ. ജോസഫ് ഉദ്ഘാടനം ചെയ്തു. ഓരോപ്രദേശത്തേയും കേരകർഷകരെ ഒരുമിച്ച് ചേർത്ത് നാളികേരോത്പാദക സംഘങ്ങൾ രൂപീകരിക്കുവാൻ മന്ത്രി നിർദ്ദേശം നൽകി. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി വഴി തൊഴിൽ നേടിയ യുവതീയുവാക്കളുടെ സാമ്പത്തിക നേട്ടത്തിൽ മന്ത്രി സംതൃപ്തി പ്രകടിപ്പിച്ചു.



*തൊടുപുഴയിൽ ഏപ്രിൽ 22 ന് നടന്ന ചങ്ങാതിക്കൂട്ടത്തിന്റെ അവലോകന യോഗത്തിൽ സംസ്ഥാന ജലസേചനമന്ത്രി ശ്രീ. പി. ജെ. ജോസഫ് ചങ്ങാതികളുമായി സംവദിക്കുന്നു*

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി തുടർപദ്ധതിയായിട്ടാണ് നാളികേര വികസന ബോർഡ് കണക്കാക്കിയിരിക്കുന്നത്. ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് ഇരുചക്രവാഹനങ്ങൾ സബ്സിഡി നിരക്കിൽ ബാങ്കിൽ നിന്നും ലഭ്യമാക്കുവാൻ പദ്ധതി തയ്യാറായിട്ടുണ്ട്.

ഇതിനുപുറമേ ഓരോ ഗ്രാമങ്ങളിലും നാളികേരോത്പാദക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും കേരകർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതി തയ്യാറായിട്ടുണ്ട്. മുന്തിയ ഇനം വിത്ത് തേങ്ങ ലഭ്യമാക്കൽ, നഴ്സറി സജ്ജമാക്കുന്നതിന് സഹകരണം, കൊപ്രഡ്രയർ തുടങ്ങിയവയ്ക്ക് സബ്സിഡി തുടങ്ങിയവയെല്ലാം നാളികേര വികസന ബോർഡിന്റെ പദ്ധതികളാണ്.

എല്ലാ മാസത്തിലും പരിശീലനം പൂർത്തിയായവരുടെ ഒത്തുചേരലിനും തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവരുടെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സംവിധാനവും സ്റ്റഡിസെന്ററിന്റെ ഭാഗത്ത് നിന്നുണ്ടാവും

*പ്രോജക്ട് അഡ്മിനിസ്ട്രേറ്റർ, ഗാന്ധിജി സ്റ്റഡിസെന്റർ, തൊടുപുഴ*

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടവും ആകാശവാണിയും

**മുരളീധരൻ തഴക്കര**

മാധ്യമപ്രവർത്തനം എന്നാൽ ഉചിതമായ ഇടപെടലാണ്. അത് പുരോഗമനപരമാവുകയും വേണം. വികസനോന്മുഖ മാധ്യമ പ്രവർത്തനത്തിന്റെ സാദ്ധ്യതകൾ അത്രമേൽ ഉപയോഗപ്പെടുത്താത്ത ഒരു സമൂഹമാണ് നമ്മുടേത്. നാം സർക്കാർ പരിപാടികളുടെ സാരസംഗ്രഹം പ്രസിദ്ധീകരിക്കുന്നതിനെയാണ് വികസന മാധ്യമപ്രവർത്തനം എന്ന് വിളിക്കുന്നത്. അതിൽ നിന്ന് മുന്നോട്ടുപോയി അങ്ങേയറ്റം ക്രിയാത്മകമായ ചുവടുവെയ്പുകൾ കണ്ടെത്താനും അവയ്ക്ക് തുണ നിൽക്കാനും, ചിലപ്പൊഴെങ്കിലും അത്തരം ചില നീക്കങ്ങൾക്ക് നിമിത്തമാകാനും മാധ്യമങ്ങൾക്ക് കഴിയണം. അതിലൂടെ മാത്രമേ രാജ്യപുരോഗതിയിൽ എന്റെ മാധ്യമം കൈവെച്ചുവെന്ന് ഒരു മാധ്യമപ്രവർത്തകന് അഭിമാനിക്കുവാൻ കഴിയൂ. ആകാശവാണി ഇത:പര്യന്തം ഇടപെട്ട്പോന്ന വിഷയങ്ങൾ വികസനോന്മുഖ മാധ്യമപ്രവർത്തനത്തിന്റെ ഉദാഹരണങ്ങളാണ്.

കേരളത്തിന്റെ കാർഷികവൃത്തിക്ക് അപചയം നേരിട്ട കാലം മുതൽ ആകാശവാണി അതിന്റെ സമസ്ത ശ്രദ്ധയും കൃഷിക്കാരുടെ തിരിച്ചുവരവിലേക്ക് തിരിച്ചു. അക്ഷീണമായ പരിശ്രമമാണ് ഇതിനായി നടത്തിയത്. അതിന്റെ സദ്ഫലം പലദിശകളിലും പ്രത്യക്ഷമായിട്ടുണ്ട്. ആരോഗ്യപൂർണ്ണമായ ജീവിതത്തിന് കൃഷിയിലേക്കുള്ള തിരിച്ചുപോക്ക് കൂടിയേതീരൂ എന്ന് സമൂഹത്തിന് ബോദ്ധ്യപ്പെട്ടുതുടങ്ങിയിരിക്കുന്നു. നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ സമീപകാലത്ത് നടക്കുന്ന ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ നമ്മെ ആഹ്ലാദത്തിലേക്ക് നയിച്ചു. അതൊടൊപ്പം ചില പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള ചർച്ചകളും ആരംഭിച്ചു. ആശയങ്ങൾ പലതും ഉരുത്തിരിഞ്ഞു. മാനത്തുനിൽക്കുന്ന തേങ്ങ എങ്ങിനെ താഴെ എത്തിക്കാം എന്ന ആലോചനയാണ് 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' എന്ന ആശയത്തിൽ എത്തിയത്. ആ ശീർഷകം നിർദ്ദേശിച്ചതുപോലും ആകാശവാണിയാണ് എന്ന ആഹ്ലാദത്തോടെയാണ് ഈ ചിന്തയുടെ തുടക്കം.

രാജ്യത്തിനാകെ മാതൃകയായ 'കുടുംബശ്രീ'യുടെ രചനാത്മകമായ പ്രവർത്തനങ്ങളിലൂടെ, നൂതന കർമ്മപദ്ധതികളിലൂടെ വികസന സങ്കൽപ്പങ്ങൾക്ക് പുതിയ മാനം നൽകിയ ശ്രീ. ടി. കെ. ജോസ് ഐഎഎസ് നാളികേര വികസന ബോർഡ് ചെയർമാനായി ചുമതലയേറ്റപ്പോൾ അതൊരു ശുഭോദർക്കമായ കാര്യമായാണ് കേരളത്തിലെ മാധ്യമലോകം വിലയിരുത്തിയത്. തെങ്ങുമായി ബന്ധപ്പെട്ട് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും കാതലായ പ്രശ്നപരിഹാരത്തിനാണ് അദ്ദേഹം പ്രഥമ പരിഗണന നൽകിയത്. തെങ്ങിന്റെ മണ്ടയിൽ നിൽക്കുന്ന തേങ്ങ നിലത്ത് കൊണ്ടു വരിക – അതാണല്ലോ പ്രധാനം? അതിന് അദ്ദേഹത്തിന്റെ പ്രായോഗിക ചിന്തയിൽ ഉണർന്ന ആശയമാണ് 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം'. കേരളത്തിൽ ഇത് നടക്കുമോ? കുടം കമിഴ്ത്തിവെച്ച് വെള്ളമൊഴിക്കലാകുമോ? എന്നെല്ലാം ചോദിച്ചവർ ധാരാളമുണ്ട്. പക്ഷേ, ആകാശവാണി തുടക്കം മുതൽ ചങ്ങാതിക്കൂട്ടത്തിന്റെ ഉറ്റ ചങ്ങാതിയായി സഹയാത്രികനായി ഒപ്പമുണ്ടായിരുന്നു. കേരളം ആഗ്രഹിച്ച ഈ ആവശ്യാധിഷ്ഠിത ജനപങ്കാളിത്ത പദ്ധതിയുടെ സന്ദേശം ജനമനസ്സുകളിലെത്തിക്കുവാൻ നിരന്തരമായ ബോധനപ്രവർത്തമാണ് ആകാശവാണി നടത്തിയത്. രാവിലെയുള്ള കാർഷിക മേഖലാ വാർത്തകളിൽ എല്ലാ ദിവസവും ചങ്ങാതിക്കൂട്ടത്തിന്റെ അറിയിപ്പുകളും വാർത്തകളും ഉൾപ്പെടുത്തിയിരുന്നു! നിരന്തരം ഇതേക്കുറിച്ച് പറഞ്ഞുകൊണ്ടേയിരുന്നു.

ചങ്ങാതിക്കൂട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ മാധ്യമശ്രദ്ധയിൽ സജീവമാക്കുന്നതിനായി കേരളത്തിലെ എല്ലാ ദൃശ്യ–ശ്രവ്യ മാധ്യമങ്ങളുടേയും പ്രതിനിധികളുടെ യോഗം നാളികേര വികസന ബോർഡ് കൊച്ചിയിൽ നടത്തുകയുണ്ടായി. കേരളത്തിലെ ആകാശവാണി നിലയങ്ങളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം പ്രത്യേകമായി കൊച്ചിയിൽ ബോർഡ് ആസ്ഥാനത്ത് ചെയർമാൻ വിളിച്ചുചേർക്കുകയുണ്ടായി. ആകാശവാണി മാത്രമല്ല മറ്റെല്ലാ മാധ്യമങ്ങളും ചങ്ങാതിക്കൂട്ടത്തിന് കലവറയില്ലാത്ത പിന്തുണ നൽകി. മാതൃഭൂമിയടക്കമുള്ള പത്രങ്ങൾ എഡിറ്റോറിയൽ തന്നെ എഴുതി.

സമഗ്രവും സംയോജിതവുമായ'ചങ്ങാതിക്കൂട്ടം' പരിശീലനം നടന്ന കേന്ദ്രങ്ങളിലെല്ലാം മൈക്രോഫോണുമായി എത്തി അനുഭവസാക്ഷ്യങ്ങൾ ശബ്ദലേഖനം ചെയ്ത് പ്രക്ഷേപണം ചെയ്തു. പരിശീലനം വിജയകരമായി പൂർത്തിയാക്കി തെങ്ങിന്റെ ചങ്ങാതിമാരായി മാറിയ നിരവധിപേരുടെ അചഞ്ചലമായ ആത്മവിശ്വാസത്തിന്റേയും അഭിമാനാർഹമായ ഒരു പുത്തൻ തൊഴിൽ സംസ്ക്കാരത്തിന്റേയും സർവ്വോപരി അതിലൂടെ കൈവന്ന സാമ്പത്തിക സുസ്ഥിരതയുടേയും സുവാർത്തകൾ 'വയലും വീടും' ജനങ്ങളിലെത്തിച്ചു. ആകാശവാണി നടത്തിയ ഈ വികസനോന്മുഖ മാധ്യമദൗത്യം സാർത്ഥകമായതിൽ വലിയ ചാരിതാർത്ഥ്യമുണ്ട്.


നാളികേരത്തിന്റെ നാട്ടിലിതാ അയ്യായിരത്തിലധികം 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടങ്ങൾ' പ്രവർത്തന സജ്ജരായിരിക്കുന്നു. ഇരുന്നൂറ്റി അറുപതോളം ബാച്ചുകൾക്ക് ഇതിനകം പരിശീലനം നൽകിക്കഴിഞ്ഞിരിക്കുന്നു. ഈ കഴിഞ്ഞ ചിങ്ങം ഒന്നിനാണ് ഔപചാരികമായി 'ചങ്ങാതിക്കൂട്ടം' പിറവിയെടുത്തത്. ഒമ്പത് മാസങ്ങൾക്കുള്ളിൽ ഈ പദ്ധതിയിലൂടെ നാളികേരവികസനബോർഡിന്റെ സാന്നിദ്ധ്യം കർഷകരുടെ മാത്രമല്ല – ഓരോ മലയാളിയുടെ മനസ്സിലും അടയാളപ്പെടുത്തുവാൻ കഴിഞ്ഞിരിക്കുന്നു.

ഇങ്ങനെ കർഷകരുടേയും, കൃഷിയെ സ്നേഹിക്കുന്നവരുടേയും പങ്കാളിത്തത്തോടെ ഈ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമ്പോൾ ചില പരിമിതികളും പ്രശ്നങ്ങളും സ്വാഭാവികമായും ഉണ്ടാകാം. പരിശീലനം നേടിയവരിൽ പലരും ഈ രംഗത്ത് നിന്നും പോയെന്നുവരാം, ലഭിച്ച പരിശീലനം സ്വന്തം ആവശ്യത്തിനുമാത്രമായി പ്രയോജനപ്പെടുത്തിയവരുണ്ടാകാം. ഈവിധ പ്രശ്നങ്ങളൊക്കെ നിലനിൽക്കുമ്പോഴും നാം എത്രയോ കാലമായി നേരിടുന്ന തെങ്ങുകയറ്റക്കാരെ കിട്ടാനില്ല എന്ന ദുരിതപൂർണ്ണമായ പ്രശ്നത്തിന് ഇതിനേക്കാൾ ജനകീയമായ ഒരു പ്രായോഗിക പരിഹാരം മറ്റെന്താണ്?

തെങ്ങിന്റെ ചങ്ങാതിമാർ എല്ലാ ഗ്രാമങ്ങളിലും യഥേഷ്ടം ഉണ്ടാകുക എന്നതാണ് ഇനി പ്രധാനം. നാളികേര ബോർഡിന്റെ ഒരു പദ്ധതിയായി മാത്രം ഇതിനെ കാണരുത്. പൊതുസമൂഹം ഇതേറ്റെടുക്കണം. ഓരോ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും ഈ വർഷത്തെ വികസന അജണ്ടയിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിനും നാളികേരോത്പാദക സംഘങ്ങൾക്കും പ്രഥമ പരിഗണന നൽകി പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യണം. ഇതിനായി 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പ്രത്യേക ഗ്രാമസഭകൾ' ചേർന്ന് തെങ്ങിന്റെ രക്ഷയ്ക്കായി, കേരളത്തിന്റെ സാമ്പത്തിക സുരക്ഷയ്ക്കായി പ്രതിജ്ഞാബദ്ധതയോടെ പ്രാദേശികമായി പദ്ധതികൾ ആസൂത്രണം ചെയ്യുകയും നമ്മുടെ പങ്കാളിത്തം ഉറപ്പാക്കുകയും വേണം. ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ടെന്നാണല്ലോ, അതെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടവും, നാളികേരോത്പാദക സംഘങ്ങളും സക്രിയവും സാർവ്വത്രികവുമാകുമ്പോൾ കേരകർഷകന് ആശങ്കയെന്തിന്?

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പുത്തനാശയമാണ്. ആവശ്യത്തിന്റെ, അത്യാവശ്യത്തിന്റെ സന്തതിയാണ്. പ്രായോഗികതലത്തിൽ അത് വിജയിക്കുന്നുവെന്ന് കാണുമ്പോൾ ആകാശവാണി ആഹ്ലാദിക്കുന്നു. മാധ്യമങ്ങളുടെ'സ്ഥിരം താല്പര്യങ്ങൾക്കിടയിൽ' മങ്ങി മറഞ്ഞുപോകുമായിരുന്ന ഒരു മഹദ് സംരംഭത്തെ ജനശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യമാണ് ആഹ്ലാദത്തിന് പ്രേരണ; ഇപ്പറഞ്ഞ വാക്കുകളോടെ ഈ കുറിപ്പ് ചുരുക്കുകയാണ്. പക്ഷേ'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' തുടരും, അതിനോട് ആകാശവാണിക്കുള്ള ആഭിമുഖ്യവും തുടരും. നന്മയോടൊപ്പം നടന്ന് നന്മ വർദ്ധിപ്പിക്കുക എന്ന മഹദ്കർമ്മത്തിന് എവിടെയാണവസാനം?

*പ്രോഗ്രാം എക്സിക്യൂട്ടീവ്, വയലും വീടും,*
*ആകാശവാണി, തിരുവനന്തപുരം*



# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം കാലഘട്ടത്തിന്റെ ആവശ്യം

ടോണി ജോസ് കെ.

കേര സമ്പദ്‌വ്യവസ്ഥ 1980 കൾ വരെ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായിരുന്നു. കൃഷി ഭൂമിയുടെ വിസ്തൃതിയും ഉത്പാദനക്ഷമതയും ക്രമേണ കുറഞ്ഞുവരികയും തത്ഫലമായി നാളികേരോത്പാദനം കുറയുകയും ചെയ്തു. രോഗ-കീട ബാധ, പ്രായാധിക്യമുള്ളതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകളുടെ ബാഹുല്യം, കുറിയയിനം, സങ്കരയിനം തെങ്ങുകളുടെ ലഭ്യതക്കുറവ്, ഇടവിളക്കൃഷി ചെയ്യാതിരിക്കുക എന്നീ ഘടകങ്ങൾക്കൊപ്പം തെങ്ങ് കയറ്റക്കാരുടെ ദൗർലഭ്യവും കേര കാർഷിക മേഖലയുടെ ദുരവസ്ഥയ്ക്ക് കാരണമായി.

കേരകർഷകർക്ക് പലതവണ അപേക്ഷിച്ചും, കാലുപിടിച്ചും തെങ്ങുകയറ്റക്കാരനുവേണ്ടി മൂന്നോ നാലോ മാസം വരെ കാത്തിരിക്കേണ്ടി വന്നു. ഒറ്റത്തടി വൃക്ഷമായ തെങ്ങിന്റെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഏതൊരു സംരംഭത്തിനും തെങ്ങുകയറ്റക്കാരുടെ പങ്കാളിത്തം അനിവാര്യമായിരുന്നു.

ബോർഡിന്റെ പുതിയ ഉദ്യമമായ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം കേരമേഖലയൊട്ടാകെ പരിവർത്തനത്തിന്റെ നവതരംഗമുണർത്തി. കേരളം ഒട്ടാകെയുള്ള കേരകർഷകരുടെ ദുരവസ്ഥ തന്നെ മാറ്റിമറിക്കുന്നതിന് ഈ നൂതന പരിപാടി തുടക്കം കുറിച്ചു. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം കേരമേഖല അഭിമുഖീകരിച്ചുകൊണ്ടിരുന്ന അടിസ്ഥാന പ്രശ്നത്തിന് അദ്വിതീയവും പ്രായോഗികവും സമയോചിതവുമായ ഒരു പരിഹാരമാർഗ്ഗമായിരുന്നു. ചങ്ങാതിക്കൂട്ടം പരിശീലനത്തിന്റെ ഫലമായി കേരമേഖലയിൽ തെങ്ങുകയറ്റക്കാരുടെ കുതിച്ചുചാട്ടമുണ്ടായി; മേഖലയുടെ തന്നെ അഭയകേന്ദ്രമായി അവർ മാറി.

എറണാകുളത്തുള്ള ലോക്കൽ എക്കണോമിക്സ് ഡെവലപ്മെന്റ് സൊസൈറ്റി (ലെഡ്സ്) ചെറുകിട ഉത്പാദകരുടേയും കർഷകരുടേയും സാമ്പത്തിക ശാക്തീകരണത്തിനായി പ്രവർത്തിക്കുന്ന ഏജൻസിയാണ്. വിപണിയധിഷ്ഠിത നയങ്ങൾ രൂപീകരിച്ചും, പ്രൊഫഷണൽ മാനേജ്മെന്റ് സേവനങ്ങൾ ലഭ്യമാക്കിയും അവരുടെ കഴിവുകൾ വളർത്തുന്നതിലും സംരംഭങ്ങൾ സ്ഥാപിക്കുന്നതിലും കൂട്ടായ്മയിലൂടെ നേട്ടങ്ങൾ കൊയ്യുന്നതിലും ലെഡ്സ് സഹായം നൽകുന്നു.

ലെഡ്സ് എറണാകുളം ജില്ലയിലും കോട്ടയം ജില്ലയിലും തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടി നടപ്പാക്കുവാൻ മുൻകൈ എടുത്തു. എറണാകുളത്ത് 531 പേർക്കും കോട്ടയത്ത് 43 പേർക്കുമാണ് പരിശീലനം നൽകിയത്. പരിശീലന പരിപാടിയിലൂടെ അറിവുകൾ പകർന്ന് നൽകിയും സാങ്കേതിക പാടവം വളർത്തിയും നാളികേരത്തിനുവേണ്ടി നിലകൊള്ളാൻ അവരെ പ്രാപ്തരാക്കി. ആറ് ദിവസം ദൈർഘ്യമുള്ള പരിശീലന പരിപാടി പഠിതാക്കൾക്ക് താമസിച്ച് പരിശീലനം നേടുവാൻ തക്കവണ്ണമാണ് രൂപം നൽകിയത്. യന്ത്രമുപയോഗിച്ച് തെങ്ങിൽ കയറുന്നതിനൊപ്പം സസ്യസംരക്ഷണത്തിലും വളപ്രയോഗത്തിലും പരിശീലനം നൽകുകയും വ്യായാമമുറകൾ അഭ്യസിപ്പിക്കുകയും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ആശയവിനിമയത്തിലും പ്രഥമ ശുശ്രൂഷയിലും മറ്റും പ്രാപ്തരാക്കുകയും ചെയ്തു.

മികച്ച യോഗാദ്ധ്യാപകരെയാണ് ലെഡ്സ് പരിശീലനാർത്ഥികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ചത്. പരിശീലനകാലയളവിനുശേഷവും യോഗ അഭ്യസിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പരിശീലനാർത്ഥികൾക്ക് അവരിൽ അന്തർലീനമായ കഴിവുകൾ മനസ്സിലാക്കുവാനും ശുഭാപ്തി വിശ്വാസം വളർത്തിയെടുക്കുവാനും ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കാനും പരിശീലനപരിപാടിയിലെ ക്ലാസ്സുകൾ സഹായകരമായി.

വനിത പരിശീലനാർത്ഥികളുടെ സാന്നിദ്ധ്യം പരിശീലന പരിപാടിയിൽ കാണപ്പെട്ട പ്രധാനപ്പെട്ട ഒരു സാമൂഹിക പരിവർത്തനമെന്ന് തന്നെ പറയാം. ഭക്ഷ്യ - കാർഷിക സംഘടനയുടെ കണക്കനുസരിച്ച് വികസ്വര രാഷ്ട്രങ്ങളിലെ സ്ത്രീ തൊഴിലാളികളുടെ മൂന്നിൽ രണ്ട് ഭാഗവും കാർഷിക മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. കേരമേഖലയിലാകട്ടെ തോട്ടം ഒരുക്കുന്നതും തേങ്ങ ഇടുന്നതും വളപ്രയോഗവുമെല്ലാം പ്രധാനമായും പുരുഷതൊഴിലാളികളാണ് ചെയ്തുപോരുന്നത്. സ്ത്രീ തൊഴിലാളികൾ തൊണ്ടു തല്ലുന്നതിലും കയർ പിരിക്കുന്നതിലുമെല്ലാമാണ് ഏർപ്പെട്ടിരിക്കുന്നത്. അതിനാൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനത്തിൽ പങ്കെടുക്കുവാൻ വനിതകൾ മുന്നോട്ടുവന്നതും പരിശീലനം വിജയകരമായി പൂർത്തിയാക്കിയതും

വിസ്മയിപ്പിക്കുന്ന കാഴ്ചയായി. കോക്കനട്ട് ഒളിമ്പിക്സിൽ വനിതകൾ സജീവമായി പങ്കെടുക്കുകയും പുരുഷന്മാർക്ക് ശക്തരായ പ്രതിയോഗികളാകുകയും ചെയ്തു. പലരും സമ്മാനങ്ങൾ നേടുകയുമുണ്ടായി.

അർഹരായ പരിശീലനാർത്ഥികളെ കണ്ടെത്തുക എന്നതായിരുന്നു ഞങ്ങൾ നേരിട്ട വെല്ലുവിളി. ലെഡ്സ് പലമാർഗ്ഗങ്ങളിലൂടെ താഴെക്കിടയിലേക്ക് വരെ ഇറങ്ങിചെന്നു. ഇതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സജീവമായി ഇടപെടേണ്ടി വന്നു. മൂന്ന് വ്യത്യസ്ത ബ്ലോക്കുകളിലെ മൂന്ന് വ്യത്യസ്ത കേന്ദ്രങ്ങളിലാണ് പ്രധാനമായും പരിശീലനം സംഘടിപ്പിച്ചത്. പരിശീലനം സംബന്ധിച്ച വിവരങ്ങൾ ഗ്രാമങ്ങളിലേക്ക് എത്തിക്കുവാൻ കുടുംബശ്രീ അംഗങ്ങളുടെ സേവനവും ലെഡ്സ് തേടിയിരുന്നു. പ്രാദേശിക അച്ചടി - ദൃശ്യമാധ്യമങ്ങളെ ഉപയോഗിച്ചും ജനങ്ങളിലേയ്ക്ക് കടന്നുചെന്നു.

പരിശീലനത്തിൽ പങ്കെടുത്തവരെല്ലാം ഊർജ്ജസ്വലരായി മടങ്ങുകയും നാളികേരത്തിന്റെ നന്മയ്ക്കായി നിലകൊള്ളുകയും ചെയ്തപ്പോൾ ലെഡ്സിലുള്ള ഞങ്ങളേവരും കൃതാർത്ഥരായി. പരിശീലനത്തിൽ പങ്കെടുത്തവർ ബുദ്ധിമുട്ട് നിറഞ്ഞ ജീവിതത്തിനിടയിൽ മെച്ചപ്പെട്ട ഉപജീവന മാർഗ്ഗം കണ്ടെത്താൻ പരിശീലനം സഹായകരമായതായി വിളിച്ചറിയിച്ചു. വരുമാന മാർഗ്ഗം കണ്ടെത്തിയതോടെ അവരിൽ ആത്മവിശ്വാസം വളർന്നു, സ്വന്തം കഴിവുകളിൽ അവർക്ക് വിശ്വാസം ജനിച്ചു.

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം സംസ്ഥാനത്തെ കേരമേഖലയിൽ പ്രകടമായ സ്വാധീനമുണ്ടാക്കി. ഈ ഉദ്യമത്തിൽ ഗുണാത്മകമായ മാറ്റങ്ങൾ വരുത്തേണ്ടതിനെക്കുറിച്ച് ചിന്തിക്കാനുള്ള സമയമാണിത്. തെങ്ങിന്റെ ചങ്ങാതിക്കൂട്ടവും കേരോത്പാദക സംഘങ്ങളേയും (സിപിഎസ്) കൂട്ടിയിണക്കേണ്ടത് അത്യാവശ്യമാണ്. പരിശീലനാർത്ഥികളെ കണ്ടെത്തുന്നതിനും പരിശീലനത്തിനുശേഷം അവരെ തൊഴിലിൽ സജീവമായി ഏർപ്പെടുത്തുവാനും സിപിഎസുകൾക്ക് കഴിയും. അർഹരായ പരിശീലനാർത്ഥികളെ കണ്ടെത്തി, പരിശീലനം സിദ്ധിച്ച ചങ്ങാതികൾക്ക് സാമ്പത്തിക സഹായം നൽകി, പ്രാദേശിക കൃഷിഭവനുകളുമായി കൂട്ടിയിണക്കി കൊണ്ടുപോകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. അർഹരായവരെ കണ്ടെത്തുന്നത് ഒരു വെല്ലുവിളിയായിതന്നെ നിലനിൽക്കുന്നു. ഇതിനൊരു പരിഹാരം കണ്ടെത്താൻ ആവശ്യമായ തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. പ്രാദേശിക ദൃശ്യമാധ്യമങ്ങളുടെ ഉപയോഗം പരിശീലനം സംബന്ധിച്ച് അവബോധമുണ്ടാക്കാൻ ഫലപ്രദമായിരിക്കും. പരിശീലനത്തിന്റെ ഭാഗമായി മാതൃകാ കൃഷിത്തോട്ടങ്ങൾ കണ്ടുപിടിക്കേണ്ടത് മറ്റൊരു വെല്ലുവിളിയാണ്. ഓരോ ജില്ലയിലേയും മാതൃകാ കൃഷിത്തോട്ടങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള ഒരു നടപടിക്രമത്തിന് രൂപം കൊടുക്കേണ്ടത് ആവശ്യമാണ്. ഇപ്പോൾ ആറ് ദിവസത്തെ ദൈർഘ്യമാണ് പരിശീലനപരിപാടിയ്ക്കുള്ളത്. പരിശീലനാർത്ഥികളുടെ അഭിപ്രായം പരിശീലനപരിപാടി അഞ്ച് ദിവസമായി ചുരുക്കണമെന്നാണ്. കേരളത്തിലെ തൊഴിലവസരങ്ങൾ ദൈനംദിനം ചുരുങ്ങി വരുന്നതിനാൽ ഹയർ സെക്കണ്ടറി, കോളേജ് തലത്തിലുള്ളവർക്കും പരിശീലനം നൽകേണ്ടതാണ്. അത്തരമൊരു പരിതസ്ഥിതിയിൽ നാലോ അഞ്ചോ ശനി, ഞായർ ദിവസങ്ങളിലായി പരിശീലനപരിപാടി നടത്താവുന്നതാണ്.

പരിശീലനം കഴിഞ്ഞുള്ള സ്ഥിതിവിശേഷത്തെക്കുറിച്ച് അന്വേഷണമൊന്നും ഉണ്ടായിട്ടില്ല. പരിശീലനം നേടിയവർ തെങ്ങിൽ കയറുന്നുണ്ടോ എന്നും കർഷകർക്ക് തൊഴിലാളികളെ ലഭിക്കുന്നുണ്ടോ എന്നും ഉറപ്പാക്കേണ്ടത് ആവശ്യമാണ്. മൂല്യവർദ്ധിത നാളികേരോൽപന്നങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ കൂടി പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തേണ്ടതാണ്. അതുവഴി പരിശീലനാർത്ഥികൾക്ക് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യാൻ സാധിക്കും.

ഇപ്പോഴുള്ള അച്ചടക്കം നിലനിർത്തിക്കൊണ്ട് കൂടുതൽ അവബോധം സൃഷ്ടിക്കുകയും പരിശീലനപരിപാടിയുടെ നിലവാരം വർദ്ധിപ്പിക്കുകയും വേണം. കൂടുതൽ ജനങ്ങളിലേക്ക് പരിശീലനത്തിന്റെ പ്രയോജനം എത്തണം. തൊഴിലാളിക്ഷാമം അനുഭവപ്പെടുന്ന ലോകമെമ്പാടുമുള്ള കാർഷിക മേഖലയ്ക്ക് ഈ ഉദ്യമം ഒരു മാതൃകയാകണം.

*വൈസ് പ്രസിഡന്റ് പ്രോജക്ട്സ്, ലെഡ്സ്, ഇടപ്പള്ളി, എറണാകുളം*


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | **60 ക.** | **1600 ക.** |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | **200 ക.** | **5000 ക.** |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | **40 ക.** | **1000 ക.** |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | **40 ക.** | **1000 ക.** |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | **40 ക.** | **1000 ക.** |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്) | **40 ക.** | **1000 ക.** |

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്ക്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

*കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.*

**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**



# കേര സംരക്ഷണത്തിന്റെ ഉണർത്തു പാട്ടായി തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**

കൃഷിയുടെയും കാർഷിക സംസ്ക്കാരത്തിന്റെയും ഈറ്റില്ലമായ കേരളത്തിൽ നാനാവിധമായ സാഹചര്യങ്ങളാൽ ഇന്ന് കൃഷിയും കാർഷിക മേഖലയും മുഖ്യധാരയിൽ നിന്നും വേർപെട്ട് പൊയ്ക്കൊണ്ടരിക്കുകയാണ്. നാടിന്റെ പുരോഗതിയുടെ നട്ടെല്ലായ കാർഷിക മേഖല ഇന്ന് പലവിധ പ്രതിസന്ധികൾ നേരിട്ടു കൊണ്ടിരിക്കുന്നു. കാർഷിക മേഖലയുടെയും കാർഷിക ഉൽപന്നങ്ങളുടെയും വളർച്ചയും വ്യാപനവും അത്യന്താപേക്ഷിതമായിരിക്കുന്നു.

കാർഷിക മേഖലക്ക് കൂടുതൽ കരുത്തും ഊർജ്ജവും പകരുന്നതോടൊപ്പം കേരളത്തിന്റെ സംസ്ഥാന വൃക്ഷമായ തെങ്ങിനെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി കേര കർഷകർക്കും കാർഷിക മേഖലക്കും പുത്തൻ ഉണർവും ഉണർത്തു പാട്ടുമായി മാറി. തെങ്ങിനെ സ്നേഹിക്കുന്നവരുടെ കൂട്ടായ്മ വളർത്തി കേരകൃഷിയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ പദ്ധതി വഴിയൊരുക്കും എന്നതിൽ സംശയമില്ല.

നാളികേര വികസന ബോർഡിന്റെ ഈ വികസന പദ്ധതിയിൽ പങ്കാളിയാവുക വഴി കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (കെഎസ്എസ്എസ്) കാർഷിക വികസന സംസ്കാരത്തിന്റെ മറ്റൊരു അദ്ധ്യായത്തിനു തുടക്കം കുറിയ്ക്കുകയായിരുന്നു. ജാതി, മത, വർണ്ണ, വർഗ്ഗ വിവേചനമില്ലാതെ എല്ലാ വിഭാഗത്തിൽ പെട്ടവരേയും ഉൾപ്പെടുത്തികൊണ്ട് കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ പ്രവർത്തിക്കുന്ന കെ. എസ്.എസ്.എസ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി വഴി സമൂഹത്തിൽ വികസനത്തിന്റെ ഒരു പുത്തൻ തിരി തെളിയ്ക്കുകയായിരുന്നു.

നാളികേര വികസന ബോർഡിന്റെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി നടപ്പിലാക്കുന്ന കോട്ടയം ജില്ലയിലെ ഏക സന്നദ്ധ സംഘടനയാണ് കെ.എസ്.എസ്.എസ് എന്നതും അഭിമാനകരം തന്നെ. കെഎസ്എസ്എസിന്റെ നേതൃത്വത്തിൽ ഇതിനോടകം തന്നെ ഏഴ് ബാച്ചുകളിൽ നിന്നായി 143 പേർ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കി. പരിശീലനം പൂർത്തിയാക്കിയവരിൽ 26 വനിതകളും ഉണ്ട് എന്നതും ഏറെ ശ്രദ്ധേയം.

കൃഷി, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചു കൊണ്ടിരിക്കുന്ന കെഎസ്എസ്എസ് നാളികേര വികസന ബോർഡുമായി സഹകരിച്ച് തെങ്ങിന്റെ ചങ്ങാതിമാരെ സംഘടിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന പരിപാടിയോടനുബന്ധിച്ച് പരിശീലനാർത്ഥികൾക്കായി പ്രാഥമിക അവബോധ ക്ലാസ്സ് സംഘടിപ്പിച്ചതിനു ശേഷമാണ് താൽപര്യമുള്ളവർക്കായി ആറ് ദിവസത്തെ വിദഗ്ദ്ധ പരിശീലനം നൽകുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും ദിനബത്തയും തെങ്ങ് കയറ്റ ഉപകരണവും സൗജന്യമായി നൽകുന്നു. കൂടാതെ പദ്ധതി തുടർന്നു കൊണ്ട് പോകുന്നവർക്കായി ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നു.

നാളികേര കൃഷി രംഗത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിലാളിക്ഷാമത്തിന് പരിഹാരം കാണുന്നതോടൊപ്പം നൂതന തൊഴിൽ സാധ്യതകൾക്ക് വഴിയൊരുക്കുവാനും തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി വഴിയൊരുക്കി. പരിശീലനം പൂർത്തിയാക്കിയവരിൽ പലരും 20000 ലേറെ രൂപ മാസവരുമാനം നേടുന്നുണ്ട് എന്നതും ഏറെ അഭിമാനകരമാണ്.

വിവിധ ബാച്ചുകൾക്കായി തെള്ളകം ചൈതന്യ പാസ്റ്ററൽ സംഘടിപ്പിച്ച പരിശീലനത്തോടനുബന്ധിച്ച് തെങ്ങ് കയറ്റ പരിശീലനം തെങ്ങ് കയറ്റ മെഷീൻ, ഉപയോഗ രീതി, കേരസംരക്ഷ



*ബോർഡ് ചെയർമാൻ ശ്രീ. ടി.കെ.ജോസ് ഐഎഎസ് പരിശീലന പരിപാടി വീക്ഷിക്കുന്നു*




ണത്തിന്റെ ആവശ്യകതയും അനന്ത സാധ്യതകളും, മൂല്യ വർദ്ധിത ഉൽപന്നങ്ങളും വിപണന സാധ്യതകളും തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സുകൾ നയിച്ചു. പരിശീലനത്തോടനുബന്ധിച്ച് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ ജോസ് ഐഎഎസ് പരിശീലനാർത്ഥികളെ സന്ദർശിക്കുകയും സംവദിക്കുകയും ചെയ്തത് പുത്തൻ അനുഭവമായി തെങ്ങിന്റെ ചങ്ങാതിമാർക്ക്.

എല്ലാറ്റിനുമുപരി സ്വന്തം ഭവനത്തിൽ നിന്ന് 6 ദിവസം മാറി താമസിച്ച് വിജയകരമായി പരിശീലനം പൂർത്തിയാക്കി വീട്ടിലേക്ക് മടങ്ങുമ്പോൾ ഓരോ തെങ്ങിന്റെ ചങ്ങാതിയുടെയും മുഖത്ത് തെളിയുന്ന ആത്മവിശ്വാസം നാളികേര വികസന ബോർഡിനും കെഎസ്എസ്എസിനും പ്രതീക്ഷ പകരുന്നതാണ്. ജീവിതത്തിൽ ഇന്നേവരെ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്ക്, സ്റ്റേജിൽ കയറാത്തവർക്കും സദസ്സിനു മുൻപിൽ രണ്ട് വാക്ക് സംസാരിക്കാത്തവർക്കും അതിനുള്ള അവസരം തുറന്നു കൊടുത്തു തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി.

പുരുഷൻമാർ മാത്രം കൈയടക്കിയിരുന്ന മേഖല വനിതകൾക്ക് കൂടി പ്രാപ്യമാക്കുവാൻ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി അവസരമൊരുക്കി എന്നതാണ് പരിശീലനത്തിൽ പങ്കെടുത്ത വനിതകളുടെ അഭിപ്രായം, ഒപ്പം ഒരു പുത്തൻ തൊഴിൽ സാധ്യതയും ഉയർന്നുവന്നു. കാർഷിക മേഖലയ്ക്കും നാളികേരസംരക്ഷണത്തിനും കൂടുതൽ കരുത്ത് പകരുവാൻ പദ്ധതി വഴിയൊരുക്കിയെന്ന് പുരുഷ പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

നാളികേര സംരക്ഷണം മുൻനിർത്തി നാളികേര വികസന ബോർഡും കെഎസ്എസ്എസും നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിക്ക് മാധ്യമങ്ങൾ നൽകുന്ന സഹകരണവും വളരെ നിസ്തുലമാണ്. വിവിധ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ പദ്ധതിയെ ജനങ്ങളിൽ എത്തിക്കുവാൻ സഹായകമായി. ഒപ്പം കെഎസ്എസ്എസ് സംഘടിപ്പിച്ച ഹൈറേഞ്ച് കാർഷിക മേളയോടനുബന്ധിച്ച് നടത്തിയ റോഡ് ഷോ വാഹനവും പദ്ധതിക്ക് കൂടുതൽ പ്രചാരം നൽകി.

പരിശീലനം പൂർത്തിയാക്കിയ അംഗങ്ങളെ തുടർ പരിശീലനത്തിനായി കെഎസ്എസ്എസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു കൊണ്ട് തുടർ പ്രവർത്തന സാധ്യതകളും ഒരുക്കുന്നുണ്ട്. പരിശീലനം പൂർത്തിയാക്കിയ 143 അംഗങ്ങളുടെ അടുത്ത മീറ്റിംഗ് മെയ് മാസം 22-ാം തീയതി ചൈതന്യയിൽ നടത്തപ്പെടും.

പരിശീലനാർത്ഥികൾക്ക് അനായാസം ഗ്രാഹ്യമാക്കാവുന്ന പാഠ്യരീതിയാണ് പരിശീലനത്തോടനുബന്ധിച്ച് വിഭാവനം ചെയ്തിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. പരിശീലനം പൂർത്തിയാക്കിയ തെങ്ങിന്റെ ചങ്ങാതിമാർ മികച്ച രീതിയിൽ തൊഴിൽ കണ്ടെത്തുന്നതോടൊപ്പം നല്ല വരുമാനവും നേടുന്നുണ്ട് എന്നത് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ വിജയത്തെ സൂചിപ്പിക്കുന്നു.

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയിൽ പങ്കാളികളാകുവാൻ ധാരാളം ആളുകൾ മുൻപോട്ട് വരുന്നത് കേരവികസന ബോർഡിനും കേര കൃഷി വികസനത്തിനും ഏറെ പ്രതീക്ഷ നൽകുന്നുണ്ട്.

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ തുടർച്ചയായി നാളികേര വികസന ബോർഡിന്റെ കീഴിൽ കേരകർഷകരെ സംഘടിപ്പിച്ചു കൊണ്ട് നാളികേര ഉത്പാദക സംഘങ്ങൾ രൂപികരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും കെഎസ്എസ്എസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. നാളികേര ഉത്പാദക സംഘങ്ങളിലൂടെ കേരകൃഷിയുടെ സമഗ്ര വളർച്ച ഉറപ്പാക്കുവാനും നാളികേര കൃഷിയുടെ അനന്ത സാധ്യതകൾ കർഷകർക്ക് പ്രയോജനപ്പെടുത്തുവാനും സാധിക്കും.

കൂടാതെ ചൈതന്യ കേന്ദ്രമാക്കി വിദഗ്ധ പരിശീലനം പൂർത്തിയാക്കിയ തെങ്ങിന്റെ ചങ്ങാതിമാരെ സംഘടിപ്പിച്ചുകൊണ്ട് മൊബൈൽ കോക്കനട്ട് ക്ലിനിക്ക് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളും കെ.എസ്.എസ്.എസ് ആരംഭിച്ചു കഴിഞ്ഞു. പദ്ധതിയുടെ ഉദ്ഘാടനം ലോക പരിസ്ഥിതി ദിനത്തിനു മുന്നോടിയായി ജൂൺ 3 ന് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ കേരകൃഷി പ്രോത്സാഹനത്തിനും കേരകർഷകർക്കുമായി വിഭാവനം ചെയ്തിരിക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുവാനുള്ള ഒരുക്കത്തിലാണ് നാളികേര വികസന ബോർഡും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും. സമീപ ഭാവിയിൽ സംസ്ഥാന സർക്കാരിന്റെ സബ്സിഡിയോടു കൂടി സ്കൂട്ടർ വാങ്ങിച്ച് വീടുകൾ തോറും എത്തിച്ചേർന്ന് തേങ്ങയിടുകയും നാളികേര സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന തെങ്ങിന്റെ ചങ്ങാതിമാരെ നമുക്ക് കാണുവാൻ സാധിക്കും.

നാളികേര സംരക്ഷണത്തോടൊപ്പം സ്വയം തൊഴിൽ സാധ്യതകൾക്കും തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി വഴിയൊരുക്കി എന്നതിൽ സംശയമില്ല. ഏതു തൊഴിലിനും അതിന്റേതായ മഹിമയും മാന്യതയുമുണ്ട് എന്ന് തിരിച്ചറിയുന്നവർക്ക് ഒരു പുത്തൻ വെളിച്ചമായി മാറിയിരിക്കുന്നു തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി. താൽപര്യവും കഠിനാദ്ധ്വാനത്തിനുള്ള മനസ്സുമുള്ള 18 നും 40 നും ഇടയ്ക്ക് പ്രായമുള്ള പൂർണ്ണ ആരോഗ്യമുള്ള ആർക്കും പ്രയോജനപ്പെടുത്താവുന്ന ഒന്നാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി. കൃഷി-പരിസ്ഥിതി സംരക്ഷണ രംഗത്ത് ക്രിയാത്മക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുള്ള കെഎസ്എസ്എസ് നാളികേര വികസന ബോർഡുമായി കൈകോർത്തപ്പോൾ അത് കേര കർഷകർക്കും കേരകൃഷിക്കും ഉണർത്തു പാട്ടായി എന്നതിൽ രണ്ട് പക്ഷമില്ല.

---

*സെക്രട്ടറി, കെഎസ്എസ്എസ്, തെള്ളകം, കോട്ടയം*
*ഫോൺ: 9447365180*

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിലൂടെ സ്ത്രീശാക്തീകരണം

സി. തമ്പാൻ[1], മനോജ് കുമാർ[2], എസ്. ലീന[3]

കൃഷിയുമായി ബന്ധപ്പെട്ട വിവിധ കർമ്മ മേഖലകളിൽ സജീവ സാന്നിദ്ധ്യമാകുന്നതിലൂടെ സ്ത്രീശാക്തീകരണം സാദ്ധ്യമാക്കുന്നതിന്റെ ഒട്ടേറെ മാതൃകകൾ അടുത്ത കാലത്തായി നാം പരിചയിച്ചിട്ടുണ്ട്. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ഭാഗമായുള്ള സ്ത്രീകൂട്ടായ്മകൾ നെൽകൃഷിയിലും പച്ചക്കറി കൃഷിയിലും കാർഷിക സംസ്ക്കരണത്തിനും മൂല്യവർദ്ധിത ഉൽപന്നങ്ങൾക്കായുള്ള സംരംഭങ്ങളിലും കാര്യക്ഷമമായി പ്രവർത്തിച്ചതിന്റെ ഫലമായി മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. മൂല്യവർദ്ധിത കേരോൽപന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്ന ചുരുക്കം ചില വനിതാ സംരംഭകരൊഴികെ തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട മേഖലകളിൽ മാതൃകാപരമായി പ്രവർത്തിച്ചു വരുന്ന വനിതാ കൂട്ടായ്മകൾ അധികമില്ല.

എന്നാൽ നാളികേര വികസന ബോർഡ് നടപ്പിലാക്കിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയിൽ പങ്കെടുത്ത് പരിശീലനം നേടിയ വനിതകളുടെ കൂട്ടായ്മകൾ തെങ്ങുകൃഷി മേഖലയിൽ കർമ്മശേഷി വിനിയോഗിച്ച് സ്ത്രീശാക്തീകരണം സാദ്ധ്യമാക്കുന്നതിന്റെ മാതൃകകൾ അടുത്തിടെയായി ഉയർന്നു വരുന്നുണ്ട്. അത്തരമൊരു വനിതാ കൂട്ടായ്മയെ നമുക്ക് പരിചയപ്പെടാം.

ബിന്ദു.ടി, ഇ.വി. ശാരദ, എൻ.എ. നാരായണി, ബിന്ദു. സി.കെ, ശാരദ.ടി- കരുത്തിന്റെ പ്രതീകമായി അഞ്ചു വനിതകൾ. കാസർകോട് ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്തിൽ നിന്നുള്ളവരാണിവർ. സി.പി.സി.ആർ.ഐ യുടെ കീഴിൽ കാസർകോട് കൃഷി വിജ്ഞാനകേന്ദ്രം വഴി നടത്തിവന്ന 'യന്ത്രവത്കൃത തെങ്ങു കയറ്റം' പരിശീലന പരിപാടിയിലെ കഴിഞ്ഞ വർഷത്തെ (2011-12) അവസാന ബാച്ചിലെ പഠിതാക്കളായിരുന്നു ഇവർ. മുൻബാച്ചുകളിലെ പരിശീലനാർത്ഥികളിൽ നിന്നും 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' എന്ന ഈ പരിപാടിയെക്കുറിച്ച് മനസ്സിലാക്കിയ ഇവർ തെങ്ങിൻ ചങ്ങാതികളാകണമെന്ന ആഗ്രഹവുമായി കൃഷി വിജ്ഞാനകേന്ദ്രത്തിൽ പത്താമത് ബാച്ചിൽ പരിശീലനം നേടി. യന്ത്രമുപയോഗിച്ച് ആയാസ രഹിതമായി തെങ്ങിൽ കയറാം എന്ന അറിവും അത് ഒരു സ്ഥിര വരുമാനമാർഗ്ഗമാക്കാം എന്ന ആഗ്രഹവുമാണ് ഇവരെ കൃഷിവിജ്ഞാനകേന്ദ്രത്തിൽ എത്തിച്ചത്. കേര കാർഷിക മേഖലയിൽ തെങ്ങ് കയറാൻ ആളെ കിട്ടാനില്ലാത്ത അവസ്ഥയിൽ തൊഴിൽ ലഭ്യത ഒരു പ്രശ്നമേ അല്ലെന്ന് അവർക്ക് നല്ല ബോധ്യമുണ്ടായിരുന്നു. അങ്ങനെ പുരുഷൻമാർ ആധിപത്യം പുലർത്തുന്ന ഒരു കർമ്മമേഖലയിലേക്ക് കൂടി ഇവർ ധൈര്യപൂർവ്വം കടന്നുവന്നു.



*കുറ്റിക്കോൽ പഞ്ചായത്തിലെ വനിത കൂട്ടായ്മ*

ഇവരെല്ലാവരും കുടുംബശ്രീയുടെ സജീവ പ്രവർത്തകരായിരുന്നു. പക്ഷെ മൂന്നു കുടുംബശ്രീകളിൽപ്പെട്ട ഇവർ ഒന്നുചേർന്ന് ഒരു വനിതാകൂട്ടായ്മയായി മാറി, തെങ്ങിന്റെ വനിതാ ചങ്ങാതിമാർ എന്ന ഒരു സൗഹൃദ കൂട്ടായ്മ. യന്ത്രവുമായി ഒറ്റയ്ക്കൊറ്റയ്ക്ക് തെങ്ങു കയറാൻ പോകുന്നതിലുള്ള ബുദ്ധിമുട്ടും മതിയായ യാത്രാ സൗകര്യങ്ങളുടെ അഭാവവും സർവ്വോപരി കേരകർഷകരുടെ സൗകര്യവും കണക്കിലെടുക്കുമ്പോൾ ഒരു കൂട്ടായ്മ രൂപീകരിച്ച് ഈ തൊഴിൽ മേഖലയിൽ ചുവടുറപ്പിക്കാനായിരുന്നു അവരുടെ തീരുമാനം. ഒരേ പ്രദേശത്തെ താമസക്കാരായ, നല്ല അയൽക്കാരായ ഇവർ വിവേകപൂർവ്വം എടുത്ത ഈ തീരുമാനം കുറച്ചു കേരകർഷകർക്കെങ്കിലും ആശ്വാസമേകുന്നുണ്ട്.

തങ്ങളുടെ ജീവിതം കരുപ്പിടിപ്പിക്കാൻ ഈ പരിശീലന പരിപാടി വഴി കഴിഞ്ഞതായി അവർ ഏകസ്വരത്തിൽ പറയുന്നു. യന്ത്രം ഉപയോഗിച്ച് ഒട്ടും ആയാസമില്ലാതെ തെങ്ങു കയറി വിളവെടുപ്പ് മാത്രമല്ല, മണ്ട വൃത്തിയാക്കൽ തുടങ്ങിയ പണിയും ഇവർ നിഷ്പ്രയാസം ചെയ്യുന്നു. സ്ത്രീകൾ യന്ത്രവുമായി തെങ്ങ് കയറുന്നത് ഭയപ്പാടോടെയും ചിലപ്പോൾ ഒട്ടു പരിഹാസത്തോടെയും കണ്ടിരുന്ന മറ്റ് കുടുംബാംഗങ്ങളും അയൽക്കാരും ഇന്ന് സർവ്വവിധ പിന്തുണയുമായി ഇവർക്കൊപ്പമുണ്ട്. എന്നിരുന്നാലും മണ്ണിൽ ചവിട്ടിനിന്ന് ചെയ്യാൻ പറ്റുന്ന പണികൾ മാത്രം സ്ത്രീകൾ ചെയ്താൽപോരേ എന്നാശങ്കപ്പെടുന്നവരും കുറവല്ല. ആദ്യം ഒന്നു രണ്ടു തോട്ടത്തിലെ വിളവെടുപ്പ് ഇവർക്ക് ഏർപ്പാടാക്കികൊടുത്തത് ഇവരുടെ കുടുംബാംഗങ്ങൾ തന്നെയായിരുന്നു. അതിനുശേഷം കേരകർഷകർ തന്നെ അവരെ മറ്റു തോട്ടങ്ങളിലേക്ക് ശുപാർശ ചെയ്യുകയായിരുന്നു.

പരിസര പ്രദേശങ്ങളിൽ മാത്രമല്ല, ബണ്ടിച്ചാൽ, ചട്ടഞ്ചാൽ, ദേളി, ഉദുമ, ചാത്തങ്കൈ, കളനാട്, പൊയിനാച്ചി, കരിച്ചേരി തുടങ്ങിയ മറ്റു പ്രദേശങ്ങളിൽ നിന്നുപോലുമുള്ള കേരകർഷകർ ഇവരുടെ സഹായം തേടുന്നത് അവരുടെ സേവനത്തിന്റെ മഹത്വം വിളിച്ചോതുന്നു. ജോലിയിൽ അവർ കാട്ടുന്ന സാമർത്ഥ്യവും അച്ചടക്കവും കൃത്യതയും വളരെ അഭിനന്ദനം അർഹിക്കുന്നു. ഒരു തോട്ടത്തിലെ വിളവെടുപ്പിനുശേഷം സമയം കുറിച്ച് വെച്ച് കൃത്യമായി എല്ലാ വിളവെടുപ്പിനും അവർ അതേ തോട്ടത്തിൽ എത്തുന്നു. ഒരു മാസത്തേക്കുള്ള കർമ്മപദ്ധതി തയ്യാറാക്കി അതനുസരിച്ച് തന്നെ പണിയെടുക്കുകയും ചെയ്യുന്നു.

തെങ്ങുകളുടെ എണ്ണം അനുസരിച്ച് അല്ലെങ്കിൽ തോട്ടത്തിന്റെ വിസ്തൃതി അനുസരിച്ച് ഒരാൾ ഒരു ദിവസം 20 മുതൽ 66 വരെ തെങ്ങുകൾ കയറുന്നുണ്ട്. ഒരു തെങ്ങിന് 20 രൂപ നിരക്കിൽ ശരാശരി 35 തെങ്ങുകൾ കയറിയാൽ തന്നെ ദിവസം 700 രൂപ വരുമാനം ഒരാൾക്ക് ലഭിക്കുന്നുണ്ട്. പക്ഷെ 5 യന്ത്രങ്ങൾ കൊണ്ടുപോകാനായി വാഹന സൗകര്യം ഒരുക്കുന്നതിന് 250-500 രൂപ വരെ ചിലവ് ഉണ്ടാകാറുണ്ട്. എങ്കിലും 400-600 രൂപ വരെ ദിവസ വരുമാനം ലഭിക്കുന്നുണ്ട്. രാവിലെ ഏഴു മണിയോടെ തുടങ്ങുന്ന ജോലി ഉച്ചയ്ക്ക് ഒരു മണിക്ക് മുമ്പ് അവസാനിപ്പിക്കുകയാണ് പതിവ്. ആഴ്ചയിൽ 6 ദിവസവും ഇതു തുടരുന്നു. തയ്യാറാണെങ്കിൽ വിശ്രമ ദിവസവും ജോലി ലഭ്യമാണ്. പരിശീലനം നേടുന്നതിന് മുമ്പുള്ള ഇവരുടെ ദിവസ വരുമാനം 120-150 രൂപ വരെ മാത്രമായിരുന്നു.

കേര കാർഷിക മേഖലയിൽ സ്ത്രീകൾ ആധിപത്യം പുലർത്തിയിരുന്നത് കയർ നിർമ്മാണ മേഖലയിലായിരുന്നു. ഓല മെടയൽ, ചൂലുണ്ടാക്കൽ, കൊപ്ര നിർമ്മാണം തുടങ്ങി കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണം വരെയുള്ള മേഖലകളിൽ സ്ത്രീകൾ പങ്കാളികളായി. ഇനി കൂടുതൽ തൊഴിലവസരങ്ങൾ കേരമേഖല സ്ത്രീകൾക്ക് പ്രദാനം ചെയ്യാൻ പോകുന്നത് തെങ്ങുകയറ്റത്തിലും തുടർന്ന് കേര പരിപാലനത്തിലുമായിരിക്കും. സ്ത്രീ ശാക്തീകരണത്തിന് കേരകാർഷിക മേഖല താങ്ങും തണലുമാകുന്ന അവസ്ഥ അതിവിദൂരമല്ല.

എങ്കിലും ഈ മേഖലയിൽ അവർ ചില പ്രശ്നങ്ങളും നേരിടുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനമായി അവർ കാണുന്നത് തെങ്ങുകയറ്റ യന്ത്രം ഉപയോഗിച്ച് തെങ്ങുകയറുമ്പോൾ സുരക്ഷയെകുറിച്ചുള്ള ആശങ്കയാണ്. കടന്നൽ പോലുള്ള ക്ഷുദ്ര ജീവികളുടെ ഉപദ്രവവും ചിലപ്പോൾ പ്രശ്നമാകാറുണ്ട്. മച്ചിങ്ങയും ഉണങ്ങിയ തേങ്ങയും മറ്റും അടർന്ന് വീണ് അപകടം സംഭവിക്കാനുള്ള സാധ്യതയുമുണ്ട്. ഇത്തരം സാഹചര്യങ്ങളെ നേരിടാൻ തലയ്ക്ക് ക്ഷതമേൽക്കാത്ത രീതിയിലുള്ള തൊപ്പി ഉൾപ്പെടെ മാന്യമായ ഒരു ഡ്രസ്സ് കോഡും സുരക്ഷാബെൽറ്റും വേണമെന്ന് ഇവർ അഭിപ്രായപ്പെടുന്നു.



*വനിതകൾ ചങ്ങാതിക്കൂട്ടം പരിശീലനത്തിൽ*

തങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യമൊരുക്കാൻ പലിശരഹിത വാഹന, ഭവന വായ്പകൾ ലഭ്യമാക്കണമെന്നും ഇവർക്കഭിപ്രായമുണ്ട്. തങ്ങളുടെ അനുഭവം ഈ തൊഴിലിൽ പരിശീലനം തേടി കൂടുതൽ യുവതികൾ ഗ്രൂപ്പുകളായി ഈ മേഖലയിലേക്ക് കടന്നുവരാൻ പ്രചോദനമാകണമെന്നും ഇവർ ആഗ്രഹിക്കുന്നു. പഴയ കടം വീട്ടാൻ, മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ, കുടുംബത്തിലെ മറ്റാവശ്യങ്ങൾ നിറവേറ്റാൻ, അങ്ങനെ കുടുംബത്തിന്റെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുന്നിൽ നിൽക്കാൻ സാധിക്കുന്നതിന്റെ അഭിമാനവും സന്തോഷവും ഇവർക്ക് കുറച്ചൊന്നുമല്ല. പക്ഷെ, ഇതുവരെ സമ്പാദ്യം തുടങ്ങാൻ കഴിഞ്ഞിട്ടില്ല എന്ന ദുഃഖവും അവർക്കുണ്ട്. കടം വീട്ടി തീർന്നതിനു ശേഷമാകാം സമ്പാദ്യം എന്നതാണവരുടെ നയം.

അവരുടെ അഭിപ്രായത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചതിലൂടെയുള്ള നേട്ടങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയാണ്.

- സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്നതിൽ സന്തോഷം
- കുടുംബത്തെ സാമ്പത്തികമായി സഹായിക്കുന്നതിലെ അഭിമാനം
- സാമ്പത്തിക സുസ്ഥിരത
- സാമൂഹിക സ്വീകാര്യത
- ഉയർന്ന സ്ഥാനം, വർദ്ധിച്ച ആത്മവിശ്വാസം
- കേര കൃഷിയെക്കുറിച്ചും തൊഴിലവസരങ്ങളെക്കുറിച്ചുമുള്ള അറിവ്.

തെങ്ങിന്റെ ഭയപ്പെടുത്തുന്ന ഉയരം നിഷ്പ്രയാസം കീഴടക്കി അതിൽ ജീവനോപാധി കണ്ടെത്തിയ ഈ സഹോദരിമാരുടെ വിജയഗാഥ സ്ത്രീശാക്തീകരണത്തിന്റെ ഉത്തമ മാതൃകയാണെന്ന കാര്യത്തിൽ സംശയമില്ല. സമൂഹത്തിന്റെ താഴെ തട്ടിലുള്ള സ്ത്രീകളെ സ്വന്തം കാലിൽ നിൽക്കാൻ സുസജ്ജരാക്കുകയാണ് യഥാർത്ഥ സ്ത്രീ ശാക്തീകരണം. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയിലൂടെയുള്ള നാളികേര വികസന ബോർഡിന്റെ പ്രവർത്തനങ്ങൾ അതിന് ആക്കം കൂട്ടിയെന്ന് നമുക്കഭിമാനിക്കാം.

*1.കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം കാസറഗോഡ്, 2&3. കൃഷി വിജ്ഞാനകേന്ദ്രം*



# അമ്പലംകുന്ന് ചങ്ങാതിക്കൂട്ടം ജീവിതപാതയിൽ മുന്നേറുന്നു

ജയനാഥ് ആർ.[1], ജഗദീഷ് ശങ്കർ സി.എസ്[2]

പരമ്പരാഗത ചെത്തുതൊഴിലാളി കുടുംബത്തിൽ ജനിച്ചയാളാണ് കൊല്ലം ജില്ലയിൽ ഇളമാട് പഞ്ചായത്തിൽ അമ്പലംകുന്ന് സലീൽ മന്ദിരത്തിൽ എസ്. അനിൽ. കുടുംബത്തിലെ നാല് മക്കളിൽ രണ്ടാമൻ. പഠനത്തിൽ നല്ല നിലവാരം പുലർത്തിയിരുന്നു. എസ്എസ്എൽസിക്ക് നല്ലമാർക്കോടെ വിജയിക്കുകയും ചെയ്തു. പക്ഷേ; വീട്ടിലെ സാമ്പത്തിക സ്ഥിതി മോശമായതിനെത്തുടർന്ന് പഠിക്കാൻ കഴിഞ്ഞില്ല. അച്ഛന്റെ വരുമാനത്തിൽ ചേട്ടന് മാത്രമേ ഉപരിപഠനത്തിന് സാധിച്ചുള്ളൂ. 15-ാം വയസ്സ് മുതൽ വിവിധ തൊഴിലുകളിൽ ഏർപ്പെടാൻ തുടങ്ങിയ അനിൽ കുലത്തൊഴിലായ കള്ളുചെത്തും പഠിച്ചു. 18-ാം വയസ്സ് മുതൽ സ്ഥിരം ചെത്തുതൊഴിലാളിയായിരുന്നു അനിൽ.

2009 -10 കാലഘട്ടത്തിൽ കൊല്ലം ജില്ലയിലെ മിക്ക കള്ളുഷാപ്പുകളും അടച്ച് പൂട്ടിയതിന്റെ ഫലമായി ചെത്തുതൊഴിലാളികൾ മറ്റ് തൊഴിലുകൾ തേടിപ്പോകാൻ നിർബന്ധിതരായി. അതിനെത്തുടർന്ന് 2009 മുതൽ രണ്ടുവർഷം ഓട്ടോഡ്രൈവറായി ജോലി നോക്കി. ഓട്ടോ ഓടിക്കുമ്പോൾ ദിവസ വരുമാനം 150-200 രൂപയായിരുന്നു. അടിക്കടിയുണ്ടാകുന്ന പെട്രോൾ വില വർദ്ധനവ് ഓട്ടോറിക്ഷ രംഗവും ദുരിതപൂർണ്ണമാക്കി. കൂടാതെ മകന്റെ ചികിത്സയ്ക്ക്തന്നെ മാസം 4000 രൂപയോളം ആവശ്യമായി വന്നിരുന്നു.

ഉപജീവനത്തിന് ഉതകുന്ന പലമാർഗ്ഗങ്ങളെക്കുറിച്ച് അനിലും അടുത്ത സുഹൃത്തും മുൻചെത്തുതൊഴിലാളിയുമായ രാജനും കൂടിയാലോചിച്ചു. അവർ കോഴിക്കോട് ജില്ലയിൽ തെങ്ങുകയറ്റയന്ത്രമുപയോഗിച്ച് തെങ്ങ് കയറുന്നതറിഞ്ഞ് അവിടെപ്പോയി അത് പഠിച്ച് യന്ത്രം വാങ്ങാൻ തീരുമാനിച്ചു. "അതേസമയത്താണ് ദൈവനിശ്ചയംപോലെ പത്രങ്ങളിൽ ചങ്ങാതിക്കൂട്ടം പരിശീലനത്തെക്കുറിച്ച് അറിയുന്നത്," എന്ന് അനിലിന്റെ വാക്കുകൾ.

കൊല്ലം ജില്ലയിലെ രണ്ടാംബാച്ചിൽ സദാനന്ദപുരം കൃഷിവിജ്ഞാനകേന്ദ്രത്തിൽ ആറ് ദിവസത്തെ ചങ്ങാതിക്കൂട്ടം പരിശീലനത്തിൽ അവർ പങ്കെടുത്തു. പരിശീലനത്തെക്കുറിച്ച് അനിലിന് പറയാനുള്ളത് കേൾക്കൂ."ഞങ്ങളുടെ ഇതുവരെയുള്ള ജീവിതത്തിന്റെ ഏറെ സമയവും ചെലവഴിച്ചിട്ടുള്ളത് തെങ്ങുകൾക്കൊപ്പമാണ്. കള്ളുചെത്താൻ ഒരു തെങ്ങിൽ ദിവസവും മൂന്ന് നേരം കയറണം. അങ്ങനെ തെങ്ങിന്റെ ഓരോ സ്പന്ദനവും ചെറുപ്പത്തിലെ ഞങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും കൃഷി വിജ്ഞാനകേന്ദ്രത്തിൽ നിന്നും ലഭിച്ച ശാസ്ത്രീയമായ പല അറിവുകളും, രോഗ-കീട ബാധകൾക്കുള്ള പ്രതിരോധപ്രവർത്തനങ്ങളും ഞങ്ങൾക്ക്



*അനിൽ*

പുതിയതായിരുന്നു. പരിശീലനശേഷം ഞങ്ങൾ പുതിയ വ്യക്തികളായാണ് പുറത്തിറങ്ങിയത്. അതുവരെയുണ്ടായിരുന്ന അലസത, കൃത്യനിഷ്ഠയില്ലായ്മ എല്ലാം മാറി. നാളികേര വികസന ബോർഡിന്റെ ചങ്ങാതിക്കൂട്ടത്തിന്റെ പാഠ്യപദ്ധതി മികച്ചതാണ്. വെറുമൊരു തേങ്ങയിടുന്ന തൊഴിലാളിയായല്ല ഞങ്ങൾ പഠിച്ചിറങ്ങിയത്. തെങ്ങിനെ അടിമുടി മനസ്സിലാക്കി എന്നുപറയാം. ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് അവർകൾ പറയുന്നതുപോലെ ഞങ്ങൾ ഇന്ന് തെങ്ങിന്റെ കൺസൾട്ടന്റുമാരാണ്. ആറുദിവസത്തെ ക്യാമ്പ് കഴിഞ്ഞ് ഞങ്ങളിൽ പലരും കരഞ്ഞുകൊണ്ടാണ് പിരിഞ്ഞത്. കാരണം പലർക്കും സ്കൂൾ പഠനത്തിനുശേഷം ആദ്യമായാണ് ഇങ്ങനെയൊരു ഒത്തുചേരലും പഠനവുമൊക്കെ".

അനിലും രാജനും പരിശീലനം നേടിയ ശേഷം, ഇവരുടെ തൊഴിലിൽ ആകൃഷ്ടരായും ഇവരുടെ പ്രേരണകൊണ്ടും നാട്ടിൽ നിന്നും 20 പേർ പലപ്പോഴായി പരിശീലനത്തിൽ പങ്കെടുക്കുകയുണ്ടായി. ഇപ്പോൾ ഇവർ 22 പേർ ചേർന്ന് അമ്പലംകുന്ന് കേന്ദ്രമായി യൂണിറ്റായി പ്രവർത്തിക്കുകയാണ്. വാടകയ്ക്ക് എടുക്കുന്ന ഓട്ടോയിലാണ് ഇവർ ജോലിക്ക് പോകുന്നത്. സദാനന്ദപുരം കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ ഫീൽഡ് പദ്ധതിയുടെ ഭാഗമായി കർഷകർക്ക് സൗജന്യമായി 200 തെങ്ങിന്റെ മണ്ട വൃത്തിയാക്കി ഓലചീയലിനുള്ള 'കോണ്ടാഫ് 5ഇ' എന്ന കീടനാശിനി തളിക്കുന്നതിനുള്ള കരാർ ഇവർക്ക് ലഭിച്ചത് ഇവരുടെ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് അംഗീകരമായി ഇവർ കാണുന്നു. അമ്പലംകുന്ന് യൂണിറ്റ് നാളിതുവരെ 50,000ലേറെ തെങ്ങുകളിൽ കയറിയിട്ടുണ്ട്.

ഇവരുടെ യൂണിറ്റിൽ പരിശീലനത്തിന് മുമ്പ് ഇതുവരെ ഒരുമരത്തിൽപോലും കയറിയിട്ടില്ലാത്തവരും, പരമ്പരാഗതമായി തേങ്ങയിടുന്ന തൊഴിലാളികളുമുണ്ട്. ഇവർക്കെല്ലാം 6 ദിവസത്തെ പരിശീലനം കൊണ്ടുണ്ടായ മാറ്റമാണ് ഇന്ന് നാട്ടിലെ പ്രധാനചർച്ചാവിഷയം. പലരും സാമ്പത്തികമായി മുന്നേറിയിട്ടുണ്ട്. പല ദു:ശ്ശീലങ്ങൾക്കും അടിമപ്പെട്ടിരുന്നവർപോലും പരിശീലനശേഷം അവയെല്ലാം ഉപേക്ഷിച്ചിരിക്കുന്നു.

അമ്പലംകുന്ന് ചങ്ങാതിക്കൂട്ടത്തിന്റെ പ്രതിനിധിയായി ദൂരദർശനിലെ 'കൃഷിദർശൻ' പരിപാടിയിൽ ബോർഡ് ഉൾപ്പെടുത്തിയത് ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവമായി ഇവർക്ക്. തങ്ങളുടെ അഭിപ്രായങ്ങൾ ദൃശ്യമാദ്ധ്യമത്തിലൂടെ പറയുവാൻ കഴിഞ്ഞത് തന്നെ ഒരു അംഗീകാരമായി ഇവർ കാണുന്നു. കൊല്ലത്ത് കൃഷിവിജ്ഞാന കേന്ദ്രത്തിലും വൈഎംസിഎയിലും നടന്ന അവസാന ബാച്ചുകളിൽ പരിശീലനം നൽകാനായി മാസ്റ്റർ ട്രെയിനികളായും ഇവരെ തെരഞ്ഞെടുത്തിരുന്നു.

"ഇപ്പോൾ എനിക്ക് ദിവസവും 800-1200 രൂപ സമ്പാദിക്കുവാൻ കഴിയുന്നുണ്ട്. ഇപ്പോൾ വാടകവീട്ടിലാണ് താമസം. സ്വന്തമായി ഒരുവീടാണ് എന്റെ ലക്ഷ്യം. എനിക്കും ഞങ്ങളുടെ യൂണിറ്റിലെ മിക്ക ചങ്ങാതിമാർക്കും ഇപ്പോൾ ബാങ്കിൽ നിക്ഷേപമുണ്ട്, എല്ലാവരും നല്ല രീതിയിൽ ജീവിക്കുന്നുമുണ്ട്. ഞങ്ങൾക്കെല്ലാം പുതിയൊരു ജീവിതം ഉണ്ടാക്കിത്തന്ന നാളികേര വികസനബോർഡ് ചെയർമാനോട് ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. നാളികേര വികസന ബോർഡ്, കൃഷി വിജ്ഞാനകേന്ദ്രം ഉദ്യോഗസ്ഥരോടും പറഞ്ഞാൽ തീരാത്ത നന്ദിയും കടപ്പാടുമുണ്ട്.". അനിൽ പറഞ്ഞുനിർത്തി.

1 ടെക്നിക്കൽ ഓഫീസർ,
2 ഹോർട്ടികൾച്ചറൽ അസിസ്റ്റന്റ്,
നാളികേര വികസന ബോർഡ്

# ഇവർ തെങ്ങിന് ചങ്ങാതിമാർ

**ടി. എസ്. വിശ്വൻ**

അഞ്ച് ചെറുപ്പക്കാർ മൂന്ന് മോട്ടോർ ബൈക്കുകളിൽ ഇരുമ്പുകമ്പികളും വളയങ്ങളും കത്തിയും കയറുമൊക്കെയായി നാൽക്കവലകൾ പിന്നിട്ടപ്പോൾ പലരും സൂക്ഷിച്ചു നോക്കി. അക്രമികളാണോ ഇവർ എന്നും സംശയിച്ചു. പിന്നീടാണ് എല്ലാവർക്കും ബോദ്ധ്യമായത് ഇവർ അക്രമകാരികളല്ല, ചങ്ങാതിമാരാണ്, തെങ്ങിന്റെ ചങ്ങാതിമാർ! തെങ്ങ് കയറുന്ന യന്ത്രങ്ങളും മറ്റ് ഉപകരണങ്ങളുമായി ഒരുമിച്ചാണിവർ കൃഷിയിടങ്ങളിലെത്തുന്നത്. യഥാർത്ഥത്തിൽ തെങ്ങിന്റെ ചങ്ങാതിമാർ മാത്രമല്ല തെങ്ങുടമയുടെയും ചങ്ങാതിമാരാണിവർ!

നാളികേര വികസന ബോർഡിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്ത് പരിശീലനം നേടിയ യുവാക്കളാണ് ഇവർ അഞ്ച് പേരും. ചേർത്തല താലൂക്കിന്റെ തെക്കു-പടിഞ്ഞാറൻ കടലോര ഗ്രാമമായ അർത്തുങ്കൽ പ്രദേശത്താണ് ഇവരുടെ വീടുകൾ. മുപ്പതിനും നാൽപ്പതിനും മദ്ധ്യേ പ്രായമുള്ളവർ. പൊന്നപ്പൻ, പ്രസാദ്, ഷാജി, ആന്റണി, പ്രദീപ് എന്നിവരാണ് അഞ്ചംഗ സംഘത്തിലെ അംഗങ്ങൾ. ആരുംതന്നെ തെങ്ങെന്നല്ല ഒരു മരത്തിലും കയറി മുൻപരിചയമുള്ളവരല്ല. ഓരോ തൊഴിലുകളിലും ഏർപ്പെട്ട് കുടുംബം പുലർത്തിയവരായിരുന്നു ഈ ഐവർ സംഘം. എങ്ങനെയാണ് ഇവർ ചങ്ങാതിക്കൂട്ടം പരിശീലനത്തിനും തുടർന്ന് തെങ്ങുകയറ്റം തൊഴിലായി സ്വീകരിച്ച് മുന്നോട്ട് പോകാനും തയ്യാറായതെന്ന് നമ്മുടെ സമൂഹം കണ്ണ് തുറന്ന് കാണേണ്ടതാണ്.

ഈ സംഘത്തിന്റെ ലീഡർ നാൽപ്പതുകാരനായ പൊന്നപ്പനാണ്. വിദ്യാർത്ഥികളായ രണ്ട് മക്കളും ഭാര്യയുമടങ്ങിയ കുടുംബം പുലർത്താൻ കെട്ടിട നിർമ്മാണ തൊഴിലിൽ ഏർപ്പെട്ട് കഴിയുകയായിരുന്നു. യാദൃച്ഛികമായാണ് ഒരു ദിവസം കണിച്ചുകുളങ്ങരയിൽ വീടുപണി നടന്നുകൊണ്ടിരുന്ന പുരയിടത്തിൽ തെങ്ങുകയറ്റ യന്ത്രങ്ങളുമായി രണ്ട് പേർ എത്തിയത് ഈ യുവാവ് കാണുന്നത്. തെങ്ങിന്റെ ഇരുവശങ്ങളിലും ഉപകരണങ്ങൾ ബന്ധിച്ച് അനായാസമായി തെങ്ങിൽ കയറുന്ന കാഴ്ച കൗതുകത്തോടെ നോക്കി നിന്നു. മുകളിൽ ചെന്ന് യന്ത്രം ലോക്ക് ചെയ്ത ശേഷം പിൻ ഭാഗത്ത് തൂക്കിയിട്ടിരുന്ന കത്തി എടുത്ത് വിളഞ്ഞ നാളികേര കുലകൾ കൊത്തിയിടുന്നതും, പിന്നീട് മെല്ലെ യന്ത്രത്തിലൂടെ താഴേക്ക് വരുന്നതും താല്പര്യപൂർവ്വം വീക്ഷിച്ചു. നാൽപ്പതോളം തെങ്ങുകളിൽ വിളവെടുത്തതിന് ലഭിച്ച പ്രതിഫലവും പൊന്നപ്പൻ കണ്ടു; ആയിരം രൂപ. ഈ തുക അവർ രണ്ടുപേരും വീതിച്ചെടുത്തു. രണ്ട് മണിക്കൂർ നേരത്തെ ജോലിയാണിവർ ചെയ്തത്. ഇനിയും രണ്ട് മണിക്കൂർ ജോലി ചെയ്താൽ അഞ്ഞൂറ് രൂപ വീതം നേടാം. ഈ അനുഭവ സാക്ഷ്യമാണ് പൊന്നപ്പനെ ചങ്ങാതിക്കൂട്ടം പരിശീലനത്തിലേയ്ക്ക് ആകൃഷ്ടനാക്കിയത്. ഇതിനകം മറ്റൊരു നിർമ്മാണ തൊഴിലാളിയും പൊന്നപ്പന്റെ ആത്മ സുഹൃത്തുമായ പ്രസാദും തെങ്ങുകയറ്റ പരിശീലനത്തിന് താല്പര്യമെടുത്ത് മുന്നോട്ടുവന്നു. മേസ്തിരി ജോലിക്ക് നാട്ടിൽ പ്രിയമാണെങ്കിലും മുപ്പത്തിയാറുകാരനായ പ്രസാദിന് ഇഷ്ടം പുതിയ ഒരു തൊഴിൽ അഭ്യസിക്കുന്നതിന്റെ 'ത്രിൽ' ആയിരുന്നു.



*ഐവർസംഘം കൃഷിയിടങ്ങളിലേക്ക്*

ആലപ്പുഴ ജില്ലയിൽ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി സംഘടിപ്പിച്ച കലവൂർ സർവ്വോദയപുരം സോഷ്യോ ഇക്കണോമിക്ക് യൂണിറ്റിലാണ് പ്രസാദും പൊന്നപ്പനും രണ്ടും മൂന്നും ബാച്ചുകളിലായി പരിശീലനം നേടിയത്. പരിശീലനത്തിൽ സ്ത്രീകളടക്കം ഇരുപതും മുപ്പതും പേർ ഒത്തുചേർന്ന് ഒരാഴ്ചക്കാലം പിന്നിട്ടതും ഒരു പുത്തൻ അനുഭവമായിരുന്നു. തെങ്ങിന്റെ കീട രോഗങ്ങൾ തിരിച്ചറിയുന്നതും മരുന്ന് ചെയ്യുന്നതും മാത്രമല്ല പ്രാഥമിക ആരോഗ്യ സംരക്ഷണം, സാമ്പത്തിക ആസൂത്രണം, യോഗാഭ്യാസം തുടങ്ങിയ ക്ലാസ്സുകളും ഈ യുവാക്കളിൽ ഉണർവ് പകർന്നു. പരിശീലനം പൂർത്തിയായ ശേഷം പൊന്നപ്പന്റെ വീട്ടിലിരുന്ന് ഇരുവരും പുതിയ തൊഴിലിലേയ്ക്ക് പ്രവേശിക്കുവാൻ തീരുമാനിച്ചു. ഇന്നലെ വരെ ചെയ്ത തൊഴിൽ മേഖലയിൽ ആളുകൾ ഏറെയുണ്ടാവും. പക്ഷെ തെങ്ങിലെ വിളവെടുക്കാനും തെങ്ങിനെ സംരക്ഷിക്കുവാനുമാണ് ഇന്ന് ആളില്ലാത്തത്. ദിവസേന ആയിരം രൂപ സമ്പാദിക്കാൻ കഴിയുന്ന മറ്റൊരു തൊഴിലും തങ്ങളുടെ മുമ്പിലില്ലെന്നും അവർ തിരിച്ചറിഞ്ഞു.

പുതിയ യന്ത്രവുമായി പ്രസാദും പൊന്നപ്പനും ചുറ്റുവട്ടത്തെ തെങ്ങുടമകളെ സമീപിച്ച് തെങ്ങുകൾ കയറി തുടങ്ങി. കുടുംബാംഗങ്ങൾക്കും ഇത് കണ്ട് അത്ഭുതമായി. ഒരു മരത്തിൽ പോലും കയറി വശമില്ലാത്തവർ ഇരുപതടിക്കു മേൽ ഉയരമുള്ള തെങ്ങിൽ കയറി തേങ്ങ ചെത്തി ഇടുമ്പോൾ പലരും ശ്വാസം അടക്കിപ്പിടിച്ചാണ് നിന്നത്. അടുത്ത ദിവസങ്ങളിൽ നാട്ടുകാരായ തെങ്ങുടമകൾ ഇവരെ സമീപിച്ച് തുടങ്ങി. അഞ്ചും, പത്തും, അമ്പതും അതിനുമേലും തെങ്ങുള്ളവർക്കെല്ലാം ഇവരുടെ സേവനം അത്യാവശ്യമായി തോന്നി. ആവശ്യപ്പെടുന്നിടത്തെല്ലാം ചെന്നെത്താനുള്ള വിഷമവും ഇവർ നേരിട്ടു. അപ്പോഴേക്കും പൊന്നപ്പന്റെ വീടുനു ചുറ്റുമുള്ള യുവാക്കളായ ഷാജിയും, ആന്റണിയും, പ്രദീപും തെങ്ങുകയറ്റം പരിശീലിപ്പിക്കുന്ന ക്ലാസ്സിൽ പോകാൻ തയ്യാറായി മുന്നോട്ടുവന്നു. നാളികേര ബോർഡും പരിശീലന കേന്ദ്രവുമായി ബന്ധപ്പെട്ട് മൂവരും പരിശീലനത്തിൽ പങ്കാളികളായി. ഷാജിയ്ക്ക് തൊഴിൽ സൈക്കിൾ റിപ്പയറിംഗ് ആയിരുന്നു. രാത്രി ഇരുളും വരെ ജോലി ചെയ്താൽ ഒരു ദിവസം ഇരുന്നൂറോ മുന്നൂറോ രൂപ ലഭിക്കും. കേരചങ്ങാതിയായതോടെ ഭേദപ്പെട്ട ഒരു വരുമാനം കൈവന്നു. സൗകര്യം കിട്ടിയാൽ വീട്ടിലിരുന്ന് സൈക്കിൾ റിപ്പയറിംഗും നടത്തും.

ആന്റണി കടലിൽ പോകുന്ന ഒരു മത്സ്യത്തൊഴിലാളി ആയിരുന്നു. എല്ലാ ദിവസവും ജോലി ഉണ്ടാവില്ല. പോകുന്ന ദിവസങ്ങളിൽ ആയിരം രൂപ വരെ ലഭിച്ചിരുന്നു. ചങ്ങാതിക്കൂട്ടം അംഗമായതോടെ എല്ലാ ദിവസവും വരുമാനമുണ്ടായി. കാറ്റും കോളുമൊന്നും ഭയക്കേണ്ട. കൂടുതൽ സുരക്ഷിതത്വത്തിന് യന്ത്രവും ദേഹവുമായി ബെൽറ്റിട്ട് ഉറപ്പിച്ചാണ് ആന്റണി തെങ്ങിൽ കയറുന്നത്. സംഘത്തിലെ ജൂനിയറായ പ്രദീപിന് പ്രായം മുപ്പത്. പ്ലസ് ടു വിദ്യാഭ്യാസം നേടിയിട്ടുണ്ട്. പി. എസ്. സി. പരീക്ഷകൾ എഴുതി സർക്കാർ ജോലി പ്രതീക്ഷിക്കുന്നുണ്ടെങ്കിലും ചങ്ങാതിക്കൂട്ടം പരിശീലനം കഴിഞ്ഞതോടെ സംഘാംഗമായി പ്രവർത്തിക്കുന്നു. ഇതിനകം ആയിരത്തോളം തെങ്ങുകളിൽ കയറിയിട്ടുള്ള പ്രദീപിന് ലഭിച്ച വരുമാനം കണക്കുകൂട്ടുമ്പോൾ തികഞ്ഞ സംതൃപ്തി. ജോലി കിട്ടിയാലും ഒരു ഉപതൊഴിലായി ചങ്ങാതിക്കൂട്ടത്തിൽ ഉണ്ടാകുമെന്നും ഈ യുവാവ് പറയുന്നു.



*യന്ത്രങ്ങളുമായി തെങ്ങ് കയറാൻ തയ്യാറായി*

**അഞ്ച് പേരടങ്ങുന്ന നിങ്ങളുടെ ചങ്ങാതിക്കൂട്ടത്തിന് ദിവസേന ജോലി ലഭിക്കുന്നുണ്ടോ? തൊഴിൽ ഇല്ലാത്ത ദിവസങ്ങളും ഉണ്ടാകാറില്ലേ?**

ജനുവരി മാസം മുതലാണ് ഞാനും പ്രസാദും യന്ത്രമുപയോഗിച്ച് തെങ്ങുകയറ്റം തുടങ്ങുന്നത്. ഒരു പുരയിടത്തിൽ ജോലി ചെയ്യുമ്പോൾ തൊട്ടടുത്ത വീട്ടിലെ ആള് വന്ന് ആവശ്യപ്പെടും. ഓരോ ദിവസവും കഴിയുന്തോറും ഞങ്ങളെ തേടി വരുന്നവരുടെ എണ്ണം കൂടി. എല്ലാ സ്ഥലത്തും കൃത്യ സമയത്തു ചെല്ലാൻ പറ്റാത്ത അവസ്ഥയായി. അപ്പോഴാണ് മറ്റ് മൂന്നു പേർ കൂടി പരിശീലിച്ച് വന്നത്. ഇപ്പോഴും ദിവസവും ഞങ്ങൾക്ക് പണിയുണ്ട്. മഴ, കല്യാണം, മരണം, വീട്ടു ചടങ്ങുകൾ, പണിമുടക്ക് ഒക്കെ വരുമ്പോൾ മാത്രം മുടങ്ങും. അപ്പോൾ ഞായറാഴ്ചയും പണിചെയ്ത് ആവശ്യക്കാരെ പരമാവധി സഹായിക്കും.

**ഒരു തെങ്ങിൽ യന്ത്രം ഉപയോഗിച്ച് വിളവെടുക്കുന്നതിന്റെ പ്രതിഫലം എങ്ങനെയാണ് നിശ്ചയിക്കുന്നത്. കർഷകരുമായി വിലപേശൽ നടക്കാറുണ്ടോ?**

തെങ്ങൊന്നിന് ഇരുപത്തഞ്ച് രൂപയാണ് ഫീസ്. കൂടുതൽ തെങ്ങുള്ള സ്ഥലത്ത് അല്പം കുറവും വാങ്ങാറുണ്ട്. ഇപ്പോൾ ഇരുപത്തഞ്ച് രൂപ കൂലി തരാൻ കർഷകർക്ക് ഒരു മടിയുമില്ല. മുകളിൽ കയറി രോഗം വന്ന ഭാഗങ്ങൾ നീക്കം ചെയ്യുന്നതിനും മരുന്ന് ചെയ്യുന്നതിനുമൊക്കെ ഫീസ് അധികം വാങ്ങും. മരുന്ന് തെങ്ങുടമകൾ തന്നെ വാങ്ങിത്തരണം.

**സമൂഹം എങ്ങനെയാണ് ചങ്ങാതിക്കൂട്ടത്തെ കാണുന്നത്?**

ഇപ്പോൾ കൃത്യമായി രണ്ടാം മാസം തേങ്ങ ഇടാൻ ചെല്ലുമ്പോൾ സന്തോഷത്തോടെയാണ് വീട്ടുകാർ ഞങ്ങളെ സ്വീകരിക്കുന്നത്. മുമ്പ് ആറും എട്ടും മാസം കഴിഞ്ഞാണ് ഒരിടീൽ. ചങ്ങാതിക്കൂട്ടത്തിൽ പ്രവർത്തിക്കുന്നതുമൂലം ഞങ്ങൾക്ക് അഭിമാനമുണ്ട്. ഒരാൾക്കേ നേരത്തെ ബൈക്ക് ഉണ്ടായിരുന്നുള്ളൂ. ചങ്ങാതിക്കൂട്ടത്തിൽ പ്രവർത്തിച്ചുതുടങ്ങിയ ശേഷം രണ്ട് പേർ കൂടി സെക്കന്റ് ഹാൻഡ് ബൈക്കുകൾ വാങ്ങി. എവിടെയായാലും ഞങ്ങൾക്ക് ഇപ്പോൾ ചെന്നെത്താൻ പ്രയാസമില്ല. മൊബൈൽ ഫോണിൽ വിളിച്ചാൽ മതി ആ സ്ഥലത്ത് ഞങ്ങൾ എത്തിച്ചേരും.

**തൊഴിലുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ടോ?**

ഞങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന യന്ത്രത്തിന് കേട് പറ്റിയാൽ നന്നാക്കാനും പകരം ഒരു യന്ത്രം ലഭിക്കാനും ഒരു വഴിയുമില്ല. ദിവസവും ഉപയോഗിക്കുന്നതു മൂലം യന്ത്രത്തിന് കേടു വരും. കമ്പിയും ബെൽറ്റുമെല്ലാം ഇളകിവരും. ഈ തൊഴിലിൽ ഏർപ്പെടുന്നവർക്ക് സബ്സിഡിയായിട്ടാണെങ്കിലും പുതിയ യന്ത്രം കിട്ടാൻ സഹായിക്കണം. പിന്നെ കടന്നലിന്റെ കുത്ത്, തേനീച്ച ശല്യം, കീടനാശിനി മൂലമുള്ള ദോഷങ്ങൾ ഇവയ്ക്കൊക്കെ വൈദ്യസഹായവും, ഇൻഷുറൻസ് പരിരക്ഷയും ലഭിക്കണം.



തെങ്ങുകയറ്റത്തിനിടയിൽ

ജീവിക്കാൻ ഏതു തൊഴിലും മാന്യമെന്ന് കരുതുന്ന ഒരു കൂട്ടം ചെറുപ്പക്കാരുടെ ജീവിതാനുഭവങ്ങളാണ് മുകളിൽ വിവരിച്ചത്. പരമ്പരാഗത തൊഴിലാളികൾ പോലും തെങ്ങു കയറ്റം ഉപേക്ഷിച്ചു വരുന്ന സ്ഥിതിയാണ് ഇന്ന്. ഇത് മാന്യത കുറഞ്ഞ തൊഴിലായി വിചാരിക്കുന്നവരും ധാരാളമുണ്ട്. സാധാരണ ഗതിയിൽ കായ്ഫലമുള്ള ഒരു തെങ്ങിൽ എട്ടു തവണ വരെ വിളവെടുക്കാൻ കയറാം. കോടിക്കണക്കിന് തെങ്ങുകളുള്ള കേരളത്തിൽ ഈ മേഖലയിൽ ഉണ്ടാകാവുന്ന തൊഴിലവസരങ്ങൾ എത്രയോ വമ്പിച്ചതാണ്! മിടുക്കന്മാരായ നമ്മുടെ യുവാക്കൾ മനസ്സു വെച്ചാൽ ഇപ്പോൾ ഉള്ളതും കൂടുതൽ സൗകര്യങ്ങളോടെ ഭാവിയിൽ ഉണ്ടാകാവുന്നതുമായ ഉപകരണങ്ങളുടെ സഹായത്തോടെ നാളികേരത്തിന്റെ സംരക്ഷകരായി മാറാം. പ്രധാന നാണ്യവിളയായ തെങ്ങിൽ നിന്നും സാമ്പത്തിക വികസനത്തിന്റെ പുതിയ അദ്ധ്യായങ്ങൾ തുറക്കാം. തെങ്ങിനെ സംബന്ധിച്ചിടത്തോളം വിളവെടുപ്പ് ഏറ്റവും പ്രധാന വിഷയമാണ്. വിളവെടുപ്പിന് മുമ്പും പിമ്പുമുള്ള പ്രവർത്തനങ്ങൾ നിലത്തു നിന്നും നിർവ്വഹിക്കാം. യഥാസമയങ്ങളിൽ വിളവെടുത്തെങ്കിൽ മാത്രമേ അവയുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ സാദ്ധ്യത തെളിയൂ. ഇളനീരും, കയറും, കൊപ്രയും, വെളിച്ചെണ്ണയും, ചിപ്സും, പാനീയവും തുടങ്ങി ഒട്ടേറെ വർദ്ധിത മൂല്യങ്ങൾക്ക് വഴിയൊരുക്കാനും വേണ്ടത് ഇത്തരം ചങ്ങാതിക്കൂട്ടങ്ങളുടെ ആത്മാർത്ഥമായ പ്രവർത്തനം കൂടിയാണ്.

ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ ഫോൺ നമ്പറുകൾ, പൊന്നപ്പൻ:9645029698, പ്രസാദ്: 9048602922, ഷാജി: 9048124092, ആന്റണി സിൽവസ്റ്റർ :9249385566, പ്രദീപ്: 9048855023.

*ചിന്ത, തണ്ണീർമുക്കം, ചേർത്തല*



# വിവിധ ജില്ലകളിലെ ഏറ്റവും മികച്ച ചങ്ങാതിമാർ

## കണ്ണൂർ

| ക്രമ സംഖ്യ | പേര് | ഫോൺ |
|---|---|---|
| 1 | ശ്രീ.ജിതേഷ് എം, മങ്ങാട്ടിടം | 9567086508 |
| 2 | ശ്രീ.സുകുമാരൻ കെ.വി., പട്ടാനൂർ | 9947431364 |
| 3 | ശ്രീ. സജി കരുണാകരൻ, മണക്കടവ് | 9744622672 |
| 4 | ശ്രീ.സുകുമാരൻ സി. എസ്., പയ്യാവൂർ | 9496832237 |
| 5 | ശ്രീ.ശ്രീജിത്ത് കെ., മങ്ങാട്ടിടം | 9847809056 |
| 6 | ശ്രീ.ഷാജി പി, മങ്ങാട്ടിടം | 9995451911 |
| 7 | ശ്രീ.വിജയൻ കെ., മങ്ങാട്ടിടം | 9656349144 |
| 8 | ശ്രീ.സനിൽ കാക്കോത്ത്, മങ്ങാട്ടിടം | 9847172417 |
| 9 | ശ്രീ.അനിൽകുമാർ വി.സി., കിളിയന്തറ | 9388599332 |
| 10 | ശ്രീ.വിനീഷ് കെ, മങ്ങാട്ടിടം | 9605981678 |
| 11 | ശ്രീ.ബിനു ടി.എൻ, കോട്ടയാട് | 9447866941 |
| 12 | ശ്രീ.സത്യൻ പുതുക്കുടി, മങ്ങാട്ടിടം | 9747403703 |
| 13 | ശ്രീ.വിനോദൻ എ. കെ., മങ്ങാട്ടിടം | 9947995126 |
| 14 | ശ്രീ.പ്രിയേഷ് എം,, മങ്ങാട്ടിടം | 9562470550 |
| 15 | ശ്രീ.സുനിൽകുമാർ ബി.,ആലക്കോട് | 8129856101 |

## മലപ്പുറം

| ക്രമ സംഖ്യ | പേര് | ഫോൺ |
|---|---|---|
| 1 | ശ്രീ. ഷാഹുൽ ഹമീദ്, ഇന്ത്യാനൂർ | 9946729424 |
| 2 | ശ്രീ. സെയ്തലവി സി.പി., അങ്ങാടിപ്പുറം | 9947953594 |
| 3 | ശ്രീ. സുജേഷ് കെ., വള്ളിക്കാട് | 9747958919 |
| 4 | ശ്രീ. അബ്ദുൾ ബാരി ഒ., അരീക്കോട് | 9605512019 |
| 5 | ശ്രീ. ഫൈസൽബാബു എ.പി., പട്ടിക്കാട് | 9946272083 |
| 6 | ശ്രീ. രാംദാസ് പി. കെ., മണിമൂളി | 9747367147 |
| 7 | ശ്രീ. മുഹമ്മദ് സലീം, കൊടിഞ്ഞി | 9946680900 |
| 8 | ശ്രീ. മുഹമ്മദ് സാദിഖ് പി., കൊടിഞ്ഞി | 9605440162 |
| 9 | ശ്രീ. അബ്ദുലൈസ് വി വി, പയ്യോളി | 9895333754 |
| 10 | ശ്രീ. മുഹമ്മദ് ഷെരീഫ്, പയ്യോളി | 9744156871 |
| 11 | ശ്രീ. ഇസ്മയിൽ എം., പയ്യോളി | 9744188067 |
| 12 | ശ്രീ. മൻസൂർ വി.വി., പയ്യോളി | 7736606041 |
| 13 | ശ്രീ. മുബാറക്ക് വി.വി., പയ്യോളി | 9809628190 |
| 14 | ശ്രീ. ഇസ്മായിൽ സി.കെ., തലക്കാട് | 9856030508 |

## കോഴിക്കോട്

| ക്രമ സംഖ്യ | പേര് | ഫോൺ |
|---|---|---|
| 1 | ശ്രീമതി. റീജ വി.ജി., പെരുവണ്ണാമൂഴി | 9526156696 |
| 2 | ശ്രീമതി ഷാജി പോൾ, മുതുകാട് | 9847131034 |
| 3 | ശ്രീ രമേഷ് കുമാർ, ചക്കിട്ടപ്പാറ | 9744616626 |
| 4 | ശ്രീ. സിബി കൂടരഞ്ഞി | 8943049494 |
| 5 | ശ്രീ. ശ്രീജു വർഗ്ഗീസ്, കട്ടിപ്പാറ | 9446649558 |
| 6 | ശ്രീമതി പ്രസീദ ദിനേശൻ, കട്ടിപ്പാറ | 9495064961 |
| 7 | ശ്രീ. ബാബു വി.പി., കട്ടിപ്പാറ | 9496921975 |
| 8 | ശ്രീ. സുരേഷ്, കട്ടിപ്പാറ | 9946612286 |
| 9 | ശ്രീ വിനോദ് പി.എം., കട്ടിപ്പാറ | 8086567622 |
| 10 | ശ്രീമതി. സി.പി. വീണ, പന്തിക്കര | 9562568893 |
| 11 | ശ്രീമതി. വീണ പി.കെ., പെരുവണ്ണാമൂഴി | 9847810711 |
| 12 | ശ്രീമതി. ജോഷിബ, കൂത്താളി | 9656794021 |
| 13 | ശ്രീ. അബ്ദുൾ നദീർ, മുക്കം | 9744478942 |
| 14 | ശ്രീ. ജോജോ ജോർജ്ജ്, കക്കടംപൊയിൽ | 9388496338 |
| 15 | ശ്രീ. ജോമേഷ്, ആനയ്ക്കാംപൊയിൽ | 9947828548 |

## തൃശൂർ

| ക്രമ സംഖ്യ | പേര് | ഫോൺ |
|---|---|---|
| 1 | ശ്രീ. ബിനോയ് വർഗ്ഗീസ്, കാട്ടിലപൂവം | 9744973796 |
| 2 | ശ്രീ. പ്രദീപ് കെ.എ., പാലയ്ക്കൽ | 9562232941 |
| 3 | ശ്രീ. ഹരിദാസൻ ടി.എസ്., കൃഷ്ണൻകോട്ട | 9846271427 |
| 4 | ശ്രീ. അശോകൻ കെ. കെ., മാള | 9846984354 |
| 5 | ശ്രീ. സജീവൻ പി.പി., പുലിപ്പറമ്പ് | 9349733183 |
| 6 | ശ്രീ. ഷാജി കെ.കെ., മാള | 9895465881 |
| 7 | ശ്രീ. എൽദോസ് പി.ടി., കുണ്ടുകാട് | 9744504524 |
| 8 | ശ്രീ. തങ്കച്ചൻ പി.ഐ., കാട്ടിലപൂവം | 9744422557 |
| 9 | ശ്രീ. മണിക്കുട്ടൻ എൻ.എൻ., കുണ്ടുകര | 9744895446 |
| 10 | ശ്രീ. പ്രകാശൻ ഇ.കെ., കൂട്ടാല | 9526466120 |
| 11 | ശ്രീ. യോഹന്നാൻ കെ.ജി., കാട്ടിലപൂവം | 9656257361 |
| 12 | ശ്രീ. കെ.ജി. വർഗ്ഗീസ്, കാട്ടിലപൂവം | 9747049095 |
| 13 | ശ്രീ. ജിനേഷ് തോമസ്, നോർത്ത് ചാലക്കുടി | 9961606150 |
| 14 | ശ്രീ. ഇ.കെ. പ്രകാശൻ, കൂട്ടാല | 9526466120 |

### എറണാകുളം

| ക്രമ സംഖ്യ | പേര് | ഫോൺ |
|---|---|---|
| 1 | ശ്രീ. അരുൺജിത്, പോണേക്കര | 9349940787 |
| 2 | ശ്രീ. ടി.എസ്. തമ്പി, വടുതല | 9656871171 |
| 3 | ശ്രീ. സന്തോഷ് വി.കെ., നെട്ടൂർ | 9388062288 |
| 4 | ശ്രീ. എ. ശ്രീകാന്ത്, ആലുവ | 7293421610 |
| 5 | ശ്രീ. ആന്റണി നെൽസൺ, കുരീക്കാട് | 9746194837 |
| 6 | ശ്രീ. ബാബു കെ.പി., ചൂണ്ടക്കുഴി | 9961637838 |
| 7 | ശ്രീ. ബേബി എം.വി., പുത്തൻകുരിശ് | 9847772843 |
| 8 | ശ്രീ. ജോർജ്ജ് കെ.എം. തലക്കോട് | 9446609811 |
| 9 | ശ്രീ. കിൻസൺ രാജു, ചേലാമറ്റം | 9947397279 |
| 10 | ശ്രീ. സുനിൽ സി.കെ., വടയമ്പാടി | 9605089054 |
| 11 | ശ്രീ.ഫിറോസ് എം.കെ., പുത്തൻവേലിക്കര | 9446411525 |
| 12 | ശ്രീ. അബിൻ ചക്യാത്ത്, കറുകുറ്റി | 9665000545 |
| 13 | ശ്രീ. സുനീഷ് കെ.വി., വട്ടേക്കാട് | 9656118772 |
| 14 | ശ്രീ. സിബി എൻ.വി., കോതമംഗലം | 9656642212 |
| 15 | ശ്രീ. കുട്ടൻ കെ.ഡി., മലയാറ്റൂർ | 9605320723 |

### കൊല്ലം

| ക്രമ സംഖ്യ | പേര് | ഫോൺ |
|---|---|---|
| 1 | ശ്രീ. ശിവരഞ്ജിത് എസ്.ആർ., കുഴിമതിക്കാട് | 9745414082 |
| 2 | ശ്രീ. അനിൽ എസ്, നെടുയം | 9447303811 |
| 3 | ശ്രീ. രാജൻ ബി., നെടുയം | 9744719204 |
| 4 | ശ്രീ. കെ. രഘു, വലിയോട് | 98477187579 |
| 5 | ശ്രീ. ശ്രീകുമാർ എസ്, കുഴിമതിക്കാട് | 9562263291 |
| 6 | ശ്രീ. മർക്കോസ് സി., മൈലം | 9995733734 |
| 7 | ശ്രീ സിബി എസ്., കുഴിമതിക്കാട് | 9447966909 |
| 8 | ശ്രീ. ബാബുമോൻ കെ., കുഴിമതിക്കാട് | 9526758314 |
| 9 | ശ്രീ. നിസാർ, കരുനാഗപ്പള്ളി | 9847270621 |
| 10 | ശ്രീ. അനിൽകുമാർ, കുഴിമതിക്കാട് | 9496850785 |
| 11 | ശ്രീ. രാധു ആർ., നെടുയം | 8907479585 |
| 12 | ശ്രീ. ബൈജു സി, കുഴിമതിക്കാട് | 9605006870 |
| 13 | ശ്രീ. ജോൺസൺ,അമ്പലനിരപ്പ് | 9747456260 |
| 14 | ശ്രീ. സാജു എസ്., നെടുയം | 9961818924 |
| 15 | ശ്രീ. കൃഷ്ണൻകുട്ടി ജി., എടക്കടം | 9546239586 |

### തിരുവനന്തപുരം

| ക്രമ സംഖ്യ | പേര് | ഫോൺ |
|---|---|---|
| 1 | ശ്രീ. രാധാകൃഷ്ണൻ ബി., ആനയറ | 9656524930 |
| 2 | ശ്രീ. ജോർജ്ജ് സ്റ്റീഫൻ, ഇലവട്ടം | 7403426122 |
| 3 | ശ്രീ. ജോൺ വൈ, വെങ്കടമ്പ് | 9633675429 |
| 4 | ശ്രീ. അരുളി ഒ., വിതുര | 9544439514 |
| 5 | ശ്രീ. ബിനു ബി., പൂവച്ചൽ | 9946004314 |
| 6 | ശ്രീ. ആർ. ശേഖർ,പാറപ്പുറ | 9567646551 |
| 7 | ശ്രീ. രാഹുൽ വി., ആനപ്പാറ | 9567114346 |
| 8 | ശ്രീ. രഘുവീർ ആർ., വഞ്ചിയൂർ | 9142859509 |
| 9 | ശ്രീമതി. പ്രസന്നകുമാരി പി, അനക്കുടി | 9745846952 |
| 10 | ശ്രീമതി. രഞ്ജിനി എസ്., കോലിയക്കോട് | 9745038926 |

### ലക്ഷദ്വീപ്

| ക്രമ സംഖ്യ | പേര് | ഫോൺ |
|---|---|---|
| 1 | ശ്രീ. അബ്ദുൾ ഹസ്സൻ, അമിനി | 9446573784 |
| 2 | ശ്രീ. നാസർ, അമിനി | 9447831031 |
| 3 | ശ്രീ. ജമാൽ കെ.സി., അമിനി | 9495674637 |
| 4 | ശ്രീ. അന്തേർ, അമിനി | 9495193785 |
| 5 | ശ്രീ. നാസർ, അമിനി | 9446216029 |
| 6 | ശ്രീ. സെയ്ത് മുഹമ്മദ്, അമിനി | 9495218231 |
| 7 | ശ്രീ. ഖാലിദ്, അമിനി | 9400260314 |
| 8 | ശ്രീ. ഇബ്നു മസൂദ്, അമിനി | 9400175260 |
| 9 | ശ്രീ. സലീം, അമിനി | 8547662497 |
| 10 | ശ്രീ. അബ്ദുൾ ഖാദർ, അമിനി | 9446218431 |

*10-ാം പേജിൽ നിന്നു തുടർച്ച..*

തെങ്ങുകയറാനെത്തുന്ന സുവിശേഷകൻ ആദ്യമെല്ലാം പരിസരവാസികൾക്ക് അത്ഭുതമായിരുന്നു. ഇപ്പോൾ തിരുവനന്തപുരം വരെ പോയി തെങ്ങുകയറിക്കൊടുക്കുന്നുണ്ട്. മെഷീനുമായി പോകുമ്പോൾ യാത്രാ സൗകര്യത്തിനായി അഞ്ഞൂറ് രൂപയിലധികം ചെലവാക്കി ഒരു ബാഗ് തയ്പ്പിച്ചിട്ടുണ്ട്. ഒരു ഗിറ്റാർ കൊണ്ടുപോകുന്ന ലാഘവത്തോടെ അതുമായി യാത്രചെയ്യാം. ഒരു തെങ്ങിന് 20 രൂപ വരെ വാങ്ങുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ 30 രൂപയാണ് ലഭിക്കുന്നത്. ഉണ്ണി, മാർക്കോസ് തുടങ്ങിയ ചങ്ങാതിമാരേയും കൂടെക്കൂട്ടാറുണ്ട്.ഒരുദിവസം ഓരോരുത്തർക്കും ആയിരം രൂപയിലധികം വരുമാനം ലഭിക്കുന്നുണ്ട്. സ്വന്തം ഉപജീവനമാർഗ്ഗത്തിലുപരി ഒരു സാമൂഹിക ഉത്തരവാദിത്വംകൂടി നിറവേറ്റുന്ന ചാരിതാർത്ഥ്യത്തിലാണ് ജോസ്.

[1] ടെക്നിക്കൽ ഓഫീസർ, [2] ഹോർട്ടികൾച്ചറൽ അസിസ്റ്റന്റ്, നാളികേര വികസന ബോർഡ്



## മുഖക്കുറി



നാളികേര വികസന ബോർഡ് അക്ഷയ പുസ്തകനിധിയുമായി സഹകരിച്ച് നടത്തിയ രചനാ മത്സരങ്ങളിൽ ആവേശകരമായ പങ്കാളിത്തമാണ് അനുഭവപ്പെട്ടത്. കേരസംസ്കൃതിയോട് നമ്മുടെ വിദ്യാർത്ഥി സമൂഹം പുലർത്തിപ്പോരുന്ന സർഗ്ഗാത്മകമായ ചങ്ങാത്തം അഭിമാനകരമാണ്. സമ്മാനാർഹമായ രചനകൾ കുരുത്തോലപന്തലിൽ തുടർന്നും പ്രതീക്ഷിക്കാം. രചനാമത്സരങ്ങളിൽ വിജയികൾക്കു അനുമോദനങ്ങൾ. സമ്മാനം കിട്ടിയില്ലെങ്കിലും സർഗ്ഗാത്മകതയുടെ കരുത്തു പ്രകടിപ്പിച്ചവർ വേറെയുണ്ട്. അവർക്കും ആശംസകൾ.

*പായിപ്ര രാധാകൃഷ്ണൻ*

*നാളികേര വികസന ബോർഡിന്റെയും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയുടേയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച രചനാ മത്സരത്തിൽ യു.പി. വിഭാഗം കഥാ രചനയിൽ ഒന്നാം സ്ഥാനത്തിനർഹമായ കഥ*

# മനസ്സും മനുഷ്യത്വവും

**അരുൺ കെ. എസ്.**

*ആറാം തരം, സെന്റ് തോമസ് യുപിഎസ്, പുലിയന്നൂർ, തൃശൂർ – 680601*

കാറ്റ് ആഞ്ഞുവീശി. ഒരു വലിയ തെങ്ങിൽ നിന്ന് ഒരു തേങ്ങ നിലം പതിച്ചു. കുറച്ച് ദിവസങ്ങൾ കഴിഞ്ഞ് ആ തെങ്ങിന്റെ ഉടമസ്ഥന് ഒരു കുഞ്ഞ് ജനിച്ചു. ആ കുഞ്ഞ് വളർന്ന് വലുതായി. ഒപ്പം ആ കൊച്ചുതെങ്ങും. ഒരു നാൾ ആ തെങ്ങിന്റെ ചുവട്ടിലൂടെ ആ കുഞ്ഞ് നടന്നു. അപ്പോൾ ആ തെങ്ങ് ആ കുഞ്ഞിനെ വിളിച്ചു. “മോനേ” അവൻ ചുറ്റും നോക്കി. “ഞാൻ തന്നെ” ആ മരം പറഞ്ഞു. മൂന്ന് വയസ്സായ ആ കുഞ്ഞ് വിക്കിവിക്കി പറഞ്ഞു “നീയാണോ”? അവന്റെ കൊഞ്ചലും വിക്കലും അവരെ സുഹൃത്തുക്കളാക്കി. വെള്ളമൊഴിച്ചും കളിച്ചും ചിരിച്ചും നാളുകൾ നീങ്ങി. ആ കുഞ്ഞ് വളർന്ന് വലുതായി. തെങ്ങിനെക്കുറിച്ചുള്ള അവന്റെ അറിവുകൾ അവനിൽ ഒരു പുതിയ ലോകം സൃഷ്ടിച്ചു. ആ അറിവുകൾ അവൻ തെങ്ങിനും പകർന്നു. തെങ്ങിൽ ഏറ്റവും അഭിമാനം സൃഷ്ടിച്ചത് താൻ ഒരു കൽപവൃക്ഷമാണെന്നറിഞ്ഞപ്പോഴാണ്. അതിന്റെ അർത്ഥം ചോദിക്കാനും ആ കൊച്ചുതെങ്ങ് മറന്നില്ല. എന്നാൽ അവനോട് കുറച്ച് കാര്യങ്ങൾ തെങ്ങും പറഞ്ഞുകൊടുത്തിട്ടുണ്ട്. നാളുകൾ നീങ്ങി. ഒരു നാൾ ആ കുട്ടിയുടെ വീടിനെ ദാരിദ്ര്യം കീഴടക്കി. അവർ തന്റെ വീട്ടിലെ ചെടികളുടെ ഫലങ്ങളെല്ലാം ഭക്ഷിച്ച് നാളുകൾ നീക്കി. ആ കുട്ടി വലുതായി. അവന്റെ വിഷമം കണ്ട് മാന്ത്രിക തെങ്ങ് ഓരോ തെങ്ങിനോടും അവരുടെ രീതിയിൽ ഫലങ്ങൾ അധികം കൊടുക്കുവാൻ പറഞ്ഞു. അവർ അത് പാലിക്കുകയും ചെയ്തു. ഒരു ദിവസം ആഞ്ഞൊരു കാറ്റു വീശിയപ്പോൾ കുറേ മരങ്ങൾ വീണു. പേടിച്ചുപോയ മാന്ത്രികതെങ്ങ് ആ കുട്ടിയെ വിളിച്ച് പറഞ്ഞു. “ഇപ്പോൾ കാറ്റ് കാലമാണ്. ഞങ്ങളിൽ പലരും കാറ്റുമൂലം നിലംപതിച്ചു. ഞാൻ എന്നുവേണമെങ്കിലും വീഴാം” എന്നു പറഞ്ഞു. “ഞാൻ എന്തെങ്കിലും സഹായം ചെയ്യണോ” ആ കുട്ടി ചോദിച്ചു. “ഞാൻ വീണാലും എന്റെ സുഹൃത്തുക്കൾ നൽകുന്ന നിധി നീ നിന്നോളമാക്കണം”. അപ്പോഴേക്കും ആ കുട്ടി ഓടിച്ചെന്ന് അച്ഛനോട് വിവരം പറഞ്ഞു. അവന്റെ അച്ഛൻ ആ തെങ്ങ് മുറിപ്പിച്ചിട്ടും നിധിയൊന്നും കിട്ടിയില്ല. രണ്ട് മൂന്ന് ആഴ്ചകൾക്ക് ശേഷം ആ കുട്ടിക്ക് ഒരു തേങ്ങ നിലത്തുനിന്നും കിട്ടി. അപ്പോഴാണ് അവന് ആ മരം പറഞ്ഞതിന്റെ പൊരുൾ മനസ്സിലായത്. അവൻ ആ തേങ്ങ നട്ട് നനച്ച് തന്നോളമാക്കി.

*യു.പി. വിഭാഗം കവിതാരചനയിൽ ഒന്നാം സ്ഥാനത്തിനർഹമായ കവിത*

# തെങ്ങുപാട്ട്

**ദേവദർശൻ ബി.**

*6–ാം തരം, നിർമ്മല പബ്ലിക് സ്കൂൾ, മൂവാറ്റുപുഴ*

എന്റെ കൊച്ചുകേരളത്തിൻ
പേരിലുണ്ട് തെങ്ങ്
കായലിന്റെ കരയിലുണ്ട്
കനവിലുണ്ട് തെങ്ങ്.

കാറ്റിലാടുമോലയിലു-
ണ്ടോലേഞ്ഞാലിപ്പക്ഷി
തടിയിലുള്ള പൊത്തിലുണ്ട്
തത്തയുടെ പാട്ട്.

ഓലവണ്ടി കൊണ്ട് ഞങ്ങൾ
കളിച്ചു നടക്കുന്നു
ഓർമ്മവെച്ച നാളുമുതൽ
ഓടി നടക്കുന്നു.
മച്ചിങ്ങ പെറുക്കി ഞങ്ങൾ
പാടി നടക്കുന്നു.

എന്റെ കൊച്ചുകേരളത്തിൻ
നേരിലുണ്ട് തെങ്ങ്
വെയിലുകൊണ്ട് വരുന്നവർക്ക്
കരിക്ക് നൽകും തെങ്ങ്.

ഇളനീരിന്റെ കുളിരുകൊണ്ട്
തളർച്ച മാറ്റും തെങ്ങ്
എന്റെ കൊച്ചുമനസ്സിലുണ്ട്
കനവിലുണ്ട് തെങ്ങ്.

ആരും വന്ന് വെട്ടിക്കൊണ്ട്
പോയിടല്ലേയെന്ന്
ദൈവത്തോട് പ്രാർത്ഥിക്കും ഞാൻ
മറന്നിടാതെയെന്നും.




ഉപന്യാസം

*ഹൈസ്കൂൾ വിഭാഗം ലേഖനമത്സരത്തിൽ ഒന്നാം സ്ഥാനത്തിനർഹമായ ലേഖനം*

# കേര വൃക്ഷത്തണലിൽ

**അശ്വതി. കെ.എസ്.**

*പത്താം തരം, ഗവ. ഗേൾസ് ഹൈസ്കൂൾ, തൃപ്പൂണിത്തുറ*

അമരാവതി ദേവന്മാരുടെ നഗരിയാണ്. അവിടെ എല്ലാ ആഗ്രഹങ്ങളും സാധിച്ചു തരുന്ന ഒരു വൃക്ഷമുണ്ട്; കൽപവൃക്ഷം ഭൂമിയിലുമുണ്ടൊരു കൽപതരു; കേരം. കേരവൃക്ഷങ്ങളുടെ നാടായതുകൊണ്ടാണ് നമ്മുടെ നാടിനു കേരളം എന്ന പേരുണ്ടായതെന്നു പറയപ്പെടുന്നു. കേരം മാത്രമല്ല; മനം കവരുന്ന പൂമരങ്ങളും, തണൽ മരങ്ങളും, പുണ്യതരുക്കളും നമുക്കുണ്ട്. മാത്രമോ, ഫലവൃക്ഷങ്ങളും, സുഗന്ധ വൃക്ഷങ്ങളും, ഔഷധ വൃക്ഷങ്ങളും കൂടിയുള്ള നാടാണ് നമ്മുടേത്.

കണിക്കൊന്ന, പൂവരശ്, രാജമല്ലി, വാക, ചെമ്പകം, തുടങ്ങിയവ പൂമരങ്ങൾ, പ്ലാവ്, മാവ്, മുതലായവ ഫലവൃക്ഷങ്ങൾ. ദേവതാരു പുണ്യതരുവാണെങ്കിൽ ചന്ദനം സുഗന്ധവൃക്ഷമാണ്. നിശാഗന്ധിയും, ഇലഞ്ഞിയും, സുഗന്ധപുഷ്പങ്ങൾ വിരിയുന്ന മരങ്ങളാണ്. അശോകവും, ആര്യവേപ്പുമൊക്കെ ഔഷധ വൃക്ഷങ്ങളിൽപ്പെടുന്നു. മരങ്ങളെ ഒഴിച്ചു നിർത്തി ഒരു ജീവിതം മലയാളികൾക്കില്ല. മഴ മാറി തെളിഞ്ഞാൽ കുട്ടികൾ പഠിക്കുന്നതും കളിക്കുന്നതും മാമരത്തറയിൽ. ക്ഷയരോഗികൾ ആശ്വാസം തേടുന്നത് ആര്യവേപ്പിൻ മരത്തണലിൽ. കുട്ടികൾ മൂളിപ്പാട്ടു പഠിക്കുന്നതു ചൂളവൃക്ഷച്ഛായയിൽ. മരങ്ങളും മലയാളികളും തമ്മിൽ അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

വൃക്ഷലതാദികൾ തോഴന്മാരും, തോഴിമാരുമായിരുന്നവരാണ് മലയാളികൾ. ശകുന്തള കണ്വാശ്രമത്തിൽ നിന്നു ദുഷ്യന്തരാജധാനിയിലേക്കു പോകുമ്പോൾ, അനസൂയ, പ്രിയംവദ എന്നീ സഖിമാരോട് യാത്ര പറയുന്ന കൂട്ടത്തിൽ ഒരു മുല്ലവള്ളിയോടു യാത്രാനുമതി ചോദിക്കുന്നുണ്ട്. താൻ നട്ടു നനച്ചു വളർത്തുന്നതും വനജോത്സന എന്ന ഓമനപ്പേരിട്ടു വിളിക്കുന്നതുമായ ആ മുല്ലവള്ളിയെ ആലംഗനം ചെയ്തിട്ടാണ് അവൾ യാത്രയാവുന്നത്.

വൃക്ഷങ്ങൾക്കു ദേവത്വപദവി നൽകി ആരാധിക്കാനും ഹൈന്ദവ ഭക്തർക്കു മടിയില്ല. ക്ഷേത്രോപാന്തത്തിലുള്ള ആലിനു ചുറ്റും ഭക്തന്മാർ പ്രദക്ഷിണം നടത്താറുണ്ട്. ബോധിവൃക്ഷചുവട്ടിൽ ധ്യാനനിരതനായിരുന്നിട്ടാണ് 'ശ്രീബുദ്ധൻ' ബോധോദയം പ്രാപിച്ചത്. ആർഷ സംസ്ക്കാരം തന്നെ മരതക കാടുകളോടു ബന്ധപ്പെട്ടതാണ്. മൂന്നാമത്തെ ആശ്രമം വാനപ്രസ്ഥമാണല്ലോ. ലോകസക്തി വെടിഞ്ഞു കാടുകളിൽ ചെന്നു ജീവിതാവസാനം കഴിച്ചുകൂട്ടാനാണു പുരാണങ്ങൾ ദമ്പതികളെ ഉദ്ബോധിപ്പിക്കുന്നത്. കാനനവാസം ഭാരതീയരുടെ ആചാരവും ജീവിതവുമാണ്. ഇതു കൊണ്ടെല്ലാമാണ് ഭാരതീയർ, വിശിഷ്യാ കേരളീയർ പ്രകൃതി സ്നേഹത്തിൽ മുന്നിട്ടു നിൽക്കുന്നതും കാർഷിക വൃത്തിയെ സ്നേഹിക്കുന്നതും.

പ്രകൃതിയാണ് നമ്മുടെ സാധന പാഠം. മഹാന്മാരുടെ ചെയ്തികൾ മാതൃകയാക്കാനാണല്ലോ മാതാപിതാക്കളും ഗുരുജനങ്ങളും നമ്മോട് ആവശ്യപ്പെടുന്നത്. നമ്മുടെ പൗരാണിക കവികൾ മഹാതരുക്കളെ കണ്ടുപിടിക്കാനും നമ്മെ ഉപദേശിക്കുന്നുണ്ട്. കവി കാളിദാസൻ ചന്ദനമരത്തെ കണ്ടു പരോപകാരം ശീലിക്കുവാൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു:

"മൂലേ ഭുജംഗം ശിഖരേ വിഹംഗം
ശാഖേ പ്ലവംഗം, കുസുമഷു ഭൃംഗം
യഥാതഥാ ചന്ദന ചാരുവൃക്ഷാ
പരോപകാരാർത്ഥമിദം ശരീരം."

ചുവട്ടിൽ പാമ്പുകൾക്കും, ശിഖരങ്ങളിൽ പറവകൾക്കും, ശാഖകളിൽ കുരങ്ങുകൾക്കും, പുഷ്പങ്ങളിൽ വണ്ടുകൾക്കും ചന്ദനമരം അഭയം നൽകുന്നതുപോലെ നമ്മളും നമ്മുടെ ഈ ശരീരത്തെ അന്യർക്ക് ഉപകാരത്തിനായി വിനിയോഗിക്കണം എന്ന് അദ്ദേഹം ഉപദേശിക്കുന്നു.

പതിനെട്ടു പുരാണങ്ങളും വഴി വ്യാസൻ രണ്ട് കാര്യങ്ങളാണ് നമുക്ക് പറഞ്ഞു തരുന്നത്. പരോപകാരം പുണ്യവും പരപീഡനം പാപവുമാണെന്നാണ് കാളിദാസൻ നമ്മോടു പറയുന്നത്. വ്യാസൻ 18 പുരാണങ്ങൾ വഴി നമുക്ക് ഉപദേശിച്ചു തന്നിരിക്കുന്ന പരോപകാരം ഫലവൃക്ഷത്തെകണ്ടു പരിശീലിക്കാനാണ്. വൃക്ഷങ്ങൾ നമ്മുടെ ധാർമ്മിക ബോധത്തെ വളർത്തുന്നുണ്ട്. പരോപകാരിയുടെ പ്രമാണം എന്തായിരിക്കണമെന്നു കാളിദാസൻ ഒരു ഫലവൃക്ഷത്തെ ചൂണ്ടിക്കൊണ്ടു പറയുന്നു:

"മരങ്ങൾ താഴുന്നു ഫലാഗമത്തിനാൽ
പരം നമിക്കുന്നു ഘനം തവാംബുവാൽ
സമൃദ്ധിയാൽ സജ്ജനമുറ്റമാർന്നിടാ
പരോപകാരിക്കിതു താൻ പ്രമാണമാം."

കായ്കനികൾ നിറയുമ്പോൾ മരങ്ങൾ താനേ കുനിയുന്നു. ജലകണങ്ങൾ നിറയുമ്പോൾ മേഘം, മഴപൊഴിച്ചും കൊണ്ടു താഴേക്കു വരുന്നു. ഇതുപോലെ സജ്ജനങ്ങളും സമ്പദ്സമൃദ്ധിയുണ്ടാകുമ്പോൾ വിനീതരായിത്തീരണം. ഇതാണു പരോപകാരിയുടെ പ്രമാണം.

മഹാകാവ്യങ്ങളും, മഹാസംസ്ക്കാരങ്ങളും ഉറവെടുത്തിട്ടുള്ളതു കാനനങ്ങളിലെ ശീതളച്ഛായയിൽ നിന്നാണ്. തമസ്സാനദീതടത്തിലുള്ള കാനനത്തിലെ പർണ കുടീരത്തിലിരുന്നുകൊണ്ടാണല്ലോ

വാൽമീകി ആദിമഹാകാവ്യമായ രാമായണം രചിച്ചത്. വനവൃക്ഷങ്ങളുടെ ശീതളച്ഛായയിൽ കഴിയുമ്പോൾ അനുഭൂതിയാർന്ന ശാന്തിയും ചിന്തയും സർഗ്ഗശക്തിയുമായിരുന്നു നമ്മുടെ ഋഷിമുനിമാരുടെ കൈമുതൽ. അവർ ഈശ്വര സാക്ഷാത്ക്കാരം നേടിയതുതന്നെ പ്രകൃതി നിരീക്ഷണത്തിന്റെ ഫലമായിട്ടാണ്. പ്രകൃതി അവരെ ദൈവചിന്തയിലേക്കു നയിച്ചു.

ഛാന്ദോഗ്യോപനിഷത്തിൽ 'ജയബാല' എന്ന ദാസിയുടെ പുത്രനായ സത്യകാമൻ എന്ന ബാലൻ ഈശ്വരസാക്ഷാത്ക്കാരം പ്രാപിച്ച കഥ പറയുന്നുണ്ട്. ഏറെക്കാലം കാടുകളിൽ അലഞ്ഞു തിരിഞ്ഞു നടന്ന സത്യകാമൻ അവിടെ കണ്ടതും കേട്ടതുമായ സകല കാര്യങ്ങളെക്കുറിച്ചും ചിന്തിച്ചു. ചിന്താസാരം മനസ്സിൽ സംക്ഷേപിക്കുകയും ഒടുവിൽ ഈശ്വരനെ മനസ്സിൽ കണ്ടെത്തുകയും ചെയ്തു.

ബൈബിളിലെ പ്രഥമ പുസ്തകമായ ഉത്പത്തിയിൽ ആദ്യത്തെ മനുഷ്യകുടുംബത്തിനുവേണ്ടി പ്രപഞ്ചകർത്താവ് ഒരു തോട്ടം – ഏദൻ – ഉണ്ടാക്കിയതായി രേഖപ്പെടുത്തുന്നു. കാഴ്ചയ്ക്കു കൗതുകവും ഭക്ഷിക്കാൻ സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷങ്ങളും ദൈവം ഏദനിലെ മണ്ണിൽ മുളപ്പിച്ചുവെന്നു ബൈബിളിൽ പറയുന്നു. മാത്രമല്ല ആ തോട്ടത്തിന്റെ നടുവിൽ രണ്ട് സവിശേഷ വൃക്ഷങ്ങൾ കനിചൂടി നിന്നതായും പ്രസ്താവിക്കുന്നുണ്ട്. ഒന്ന്, ജീവന്റെ വൃക്ഷം മറ്റൊന്ന്, നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം (ഉത്പത്തി 2:9). ജീവൻ നിലനിർത്താനും നന്മ തിന്മ വിവേചിച്ചറിയാനും നിരീക്ഷണപടുക്കൾക്കും വൃക്ഷങ്ങൾ ഉപകരിക്കുമെന്നുള്ള ഒരു സന്ദേശം കൂടി ഈ ബൈബിൾ പ്രസ്താവനയിലുണ്ടല്ലോ. തരുലതാദികൾ ദൈവദാനമാണ്.

മരണം സമീപിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കിയ യേശു പ്രാർത്ഥിക്കാൻ പോയതു ഒലിവു മരങ്ങൾ നിറഞ്ഞ ഒരു മലയിലേക്കായിരുന്നു. പിതാവായ ദൈവത്തോടു സമ്പർക്കം പുലർത്തി മരണത്തെ നേരിടാനുള്ള ശക്തി സംഭരിക്കാൻ യേശു കണ്ടെത്തിയത് ഒലിവുമരങ്ങൾ നിറഞ്ഞ ഒരു മരതകക്കുന്നായിരുന്നു. എന്തേ ഇതിന്റെ കാരണം? പ്രാർത്ഥനയ്ക്കും ചിന്തയ്ക്കും അനുയോജ്യമായതു മരങ്ങൾ നിറഞ്ഞ ഭൂപ്രദേശങ്ങളാണെന്നുള്ളതു തന്നെ.

പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ തരുലതാദികൾ നൽകുന്ന ശാന്തിയും സുഖവും, സുരക്ഷിതത്വവും നാമിന്നു പാടെ വിസ്മരിക്കുകയാണ്. പൂമരങ്ങളും കാട്ടുമരങ്ങളും വെട്ടിവെളുപ്പിക്കുകയാണ് നമ്മൾ. ജനുവരി ആദ്യം മുതൽ നീലകുറുഞ്ഞികൾ മലർമെത്ത വിരിക്കുന്ന മലനിരകളുടെ നീലവർണ്ണവും അവിടത്തെ (കുടി)കളിൽ നിന്നും ഒഴുകിയെത്തുന്ന കുറുഞ്ഞി പാട്ടിന്റെ താളവുമൊന്നും വിദേശ വിനോദ സഞ്ചാരികളെയല്ലാതെ നമ്മെ ആകർഷിക്കുന്നില്ല. ആദിവാസികൾ വ്രതശുദ്ധിയോടെ സമീപിക്കുന്ന പുണ്യതരുക്കളുടെ കടയ്ക്കൽ ഇന്ന് കാട്ടുകള്ളന്മാർ കൂട്ടം കൂടിയിരിക്കുന്നു.

വനസംസ്ക്കാരത്തിനു പകരം കോൺക്രീറ്റ് സംസ്ക്കാരം വന്നപ്പോൾ നമ്മുടെ ആദിമ ചോദനകളും മഹനീയ വിചാരങ്ങളുമെല്ലാം വേരറ്റു പോകാൻ തുടങ്ങിയിരിക്കുന്നു. അതോടെ പ്രകൃതിയെ മാതാവായി കാണാനുള്ള കഴിവും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ഇപ്പോൾ നാം ഒരു തിരിച്ചു വരവിനു കോപ്പുകൂട്ടുകയാണ്. വനനശീകരണത്തിനെതിരെ പ്രചാരണയുദ്ധം നടത്താൻ പരിസ്ഥിതിവാദികളും, കേന്ദ്ര പരിസ്ഥിതി മന്ത്രാലയവും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുകയാണ്.

അകൃത്രിമമായ ആവാസവ്യവസ്ഥ അന്തരീക്ഷവും മനസ്സും ശുദ്ധീകരിക്കുമെന്ന് ആധുനിക ശാസ്ത്രം തെളിയിച്ചിരിക്കുന്നു. ഭാരതീയരെ സംബന്ധിച്ചിടത്തോളം കാനനങ്ങളിൽ നിന്ന് ഉടലെടുത്ത ആർഷസംസ്കാരത്തിന് അടിവരയിടുന്നതാണ് ഈ ശാസ്ത്രീയ കണ്ടുപിടിത്തം. രണ്ടു ലക്ഷം ഹെക്ടർ ഭൂമിയിൽ മരങ്ങൾ നട്ടുപിടിപ്പിച്ചാൽ അന്തരീക്ഷത്തെ മലിനമാക്കുന്ന 12 ദശലക്ഷം ക്യുബിക് അടി കാർബൺ ഒഴിവായിക്കിട്ടുമെന്നാണ് ശാസ്ത്രജ്ഞന്മാരുടെ കണക്ക്.

മനുഷ്യനും യന്ത്രങ്ങളും കോൺക്രീറ്റ് സൗധങ്ങളും ഭൂമിക്കു സമ്പാദിച്ചു കൂട്ടുന്ന പാപങ്ങൾ തലയിലേറ്റുന്നതും വൃക്ഷങ്ങളാണ്. അന്തരീക്ഷമലിനീകരണം മൂലം ഭൂമി ചുട്ടുപൊള്ളുമ്പോൾ ഭൂതാപം കുറയ്ക്കുന്നതും വൃക്ഷങ്ങളാണ്. മലയോരങ്ങളിലെ വനനശീകരണം നദികളുടെ നാശത്തിനു തന്നെ വഴിയൊരുക്കുന്നു. ഇരുകരയും മുട്ടി ഒഴുകുന്ന നദികൾ നീർച്ചാലുകൾ മാത്രമായിത്തീർന്നാൽ ജനപദങ്ങൾതന്നെ കാലാന്തരത്തിൽ തിരോഭവിക്കും.

ഒരേതരം മരങ്ങൾ മാത്രം ക്രമമായി നട്ടുവളർത്തുന്നതു കാഴ്ചയ്ക്കു കൗതുകമാണെങ്കിലും അതു പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കു പ്രയോജകീഭവിക്കുന്നതല്ല. പ്രകൃതിയുടെ സന്തുലിതാവസ്ഥയെപ്പറ്റി നിശ്ചയമുണ്ടായിരുന്നവരല്ലെങ്കിലും നമ്മുടെ പൂർവികന്മാർ തങ്ങളുടെ പറമ്പുകളിൽ വിവിധതരം മരങ്ങളാണു വച്ചുപിടിപ്പിച്ചിരുന്നത്. നാനാജാതി മരങ്ങൾ നട്ടുവളർത്തി അകൃത്രിമമായ വനഭൂമി പുനഃസൃഷ്ടിക്കുകയാണ് നാം ഇന്നു ചെയ്യേണ്ടത്.

വൃക്ഷങ്ങൾ നമ്മുടെ വീടിന്റെയും നാടിന്റെയും അക്ഷയഖനിയും വരും തലമുറയ്ക്കു കൈമാറേണ്ട പൈതൃകവുമാണ്. വീടുകൾക്കുചുറ്റും വിദ്യാലയങ്ങൾക്കുചുറ്റും മരങ്ങൾ നട്ടു പിടിപ്പിക്കണം. ഈശ്വരചിന്തയും ധാർമിക ബോധവും വളർത്താൻ അതു സഹായകമാകും. അധ്വാനശീലം വളർത്താൻ അത് ഉപകരിക്കും. ദൈവനിശ്ചിതമായ പ്രാപഞ്ചികാരാമം കാത്തു പാലിക്കാൻ നമുക്കു പഠിക്കാം, അതിനുവേണ്ടി പരിശ്രമിക്കാം. അങ്ങനെ നമ്മുടെ നാടിനെ കേരവൃക്ഷത്തണലിൽ നിലനിർത്താം. ■

കാർട്ടൂൺ





# നാളികേരം

ഡോ. ജെ.കെ.എസ് വീട്ടൂർ

പ്രളയത്തിൽ താഴാതെ ആത്മാഭിമാനത്തിൽ
കവചങ്ങൾ നാരിനാൽ നെയ്തെടുത്തും
നിലനിൽപിനുള്ള ഗുരുത്വം ചിരട്ടയായ്
നിലപാടെടുത്തതിൻ ശേഷമോരോ
സുദിനം കണക്കാക്കി മാതാവിനെ വിട്ട്
തൻകാലിൽ നിൽക്കുവാൻ യാത്രയാകും.
പരമാണമില്ലാത്ത ക്ഷമയോടെയുർവിതൻ
മാറിൽ മയങ്ങിയുണർന്നു പിന്നെ
ചെറിയൊരു മുകുളമായ് പിന്നെയെല്ലാർക്കുമായ്
കൈവീശി കുളിർവീശി മരമാകുന്നു.
ഹൃദയത്തിൻ ചഷകത്തിൽ മധു കാത്തുവെയ്ക്കുന്ന
ഇദയക്കനിയേതു വേറെ ഭൂവിൽ?
തിരികല്ലിൽ ഞെരിയുമ്പോൾ ഒഴുകുന്ന മിഴിനീരിൽ
രുചിയുള്ള പലവകയുണ്ടാക്കുന്നു.
ഉരുകുന്ന മനസ്സിന്റെ നെടുവീർപ്പു കാണുമ്പോൾ
ചിരിതൂകും മനുജന്മാർ കുറവല്ലല്ലോ.
അതിലെന്തു വിലപിക്കാൻ വിതറാതെനേടുന്നോർ
നനയാതെ മീനുകൾ നേടുന്നോരും
പതിരല്ലിവിടുത്തെ കറയാർന്ന നീതിയിൽ
എരിയുന്നതെത്രയോ ചെറുജന്മങ്ങൾ

## കത്ത്

നൂതന നാളികേര സംരംഭകരെക്കുറിച്ചുള്ള കഴിഞ്ഞ ലക്കം ജേണൽ വളരെ വിജ്ഞാനപ്രദമായിരുന്നു. ഇത്രയധികം വ്യത്യസ്തമായ ഉൽപന്നങ്ങൾ നാളികേരത്തിൽ നിന്നും ലഭ്യമാകുമെന്ന സമഗ്ര കാഴ്ച ആദ്യാനുഭവമാണ്. കുട്ടിയൂരെ ഇളനീരാട്ടത്തെക്കുറിച്ച് കേട്ടിട്ടേയുള്ളൂ. അതേക്കുറിച്ചുള്ള ചിത്രവും അനുഭവക്കുറിപ്പും വളരെ ഹൃദ്യമായി. തെങ്ങിന്റെ ആത്മഗതങ്ങൾ രണ്ടും രണ്ട് വിധത്തിൽ ആസ്വാദ്യകരം തന്നെ.

കെ.എൻ. സീതാരാമൻ
സുപ്രിയ, വഴിക്കടവ്, മലപ്പുറം

രചനകളും അഭിപ്രായങ്ങളും അയയ്ക്കേണ്ട വിലാസം:
**ഇന്ത്യൻ നാളികേര ജേണൽ, (കുരുത്തോലപന്തൽ), നാളികേര വികസന ബോർഡ്,കേരഭവൻ, കൊച്ചി-11**

## കാർട്ടൂൺ



# നാളികേര വികസന ബോർഡും റിപ്പബ്ലിക് ഓഫ് ട്രിനിഡാഡ് ആന്റ് ടുബാഗോയും ധാരണാപത്രം ഒപ്പുവെച്ചു



*നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐഎഎസും സെന്റ് പാട്രിക് കോക്കനട്ട് ഗ്രോവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ചെയർമാൻ ശ്രീ. പ്രണേഷ് മഹാരാജും*



*ശ്രീ. ടി. കെ. ജോസ് ഐഎഎസും ശ്രീ. പ്രണേഷ് മഹാരാജും ധാരണാപത്രത്തിൽ ഒപ്പുവെയ്ക്കുന്നു.*

ഇന്ത്യ ഗവൺമെന്റും റിപ്പബ്ലിക് ഓഫ് ട്രിനിഡാഡ് ആന്റ് ടുബാഗോയും തമ്മിൽ ട്രിനിഡാഡ് ആന്റ് ടുബാഗോയിലെ കേരവ്യവസായത്തിന്റെ വികസനത്തിനായി കേരമേഖലയിലെ സാങ്കേതിക സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി ധാരണാപത്രം ഒപ്പുവെച്ചു. ഇന്ത്യ ഗവൺമെന്റിനുവേണ്ടി നാളികേര വികസന ബോർഡും റിപ്പബ്ലിക് ഓഫ് ട്രിനിഡാഡ് ആന്റ് ടുബാഗോയ്ക്കുവേണ്ടി സെന്റ് പാട്രിക് കോക്കനട്ട് ഗ്രോവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്.

സെന്റ് പാട്രിക് കോക്കനട്ട് ഗ്രോവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ചെയർമാൻ ശ്രീ. പ്രണേഷ് മഹാരാജ് മെയ് 17-ാം തീയതി ബോർഡ് സന്ദർശിച്ചു. ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ് നമ്മുടെ രാജ്യത്തെ കേരവ്യവസായത്തിന്റെ വർത്തമാന സ്ഥിതിയും സഹകരിച്ച് പ്രവർത്തിക്കേണ്ട മേഖലകളും വിശദീകരിച്ചു. ഒപ്പുവെച്ച ധാരണാപത്രം ശ്രീ. ടി. കെ. ജോസ് ഐഎഎസും ശ്രീ. പ്രണേഷ് മഹാരാജും പരസ്പരം കൈമാറി.

നാളികേര ബോർഡിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു കോമൺവെൽത്ത് രാഷ്ട്രവുമായി സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിൽ ധാരണാ പത്രം ഒപ്പുവെയ്ക്കുന്നത്. "ഒരുമയോടെ ഒരുമിച്ച് പ്രവർത്തിക്കാനും ഒന്നിച്ച് വികസിക്കാനും കരാറുണ്ടാക്കിയ ഈ നിമിഷം ചരിത്രത്തിന്റെ ഭാഗമാവുകയാണ്" ബോർഡ് ചെയർമാൻ പറഞ്ഞു.

ട്രിനിഡാഡ് ആന്റ് ടുബാഗോയിലെ തെങ്ങുകൃഷിയെ സംബന്ധിച്ച് മനസ്സിലാക്കുന്നതിനും കേരവ്യവസായത്തിന്റെ വികസനത്തിനായി മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുമായി ഒരു വിദഗ്ദ്ധസംഘത്തെ ട്രിനിഡാഡ് ആന്റ് ടുബോഗോയിലേക്ക് അയയ്ക്കണമെന്ന് ബോർഡിനോട് അദ്ദേഹം അഭ്യർത്ഥിച്ചു

ചർച്ചകളുടെ അടിസ്ഥാനത്തിൽ 10000 ഏക്കർ തെങ്ങിൻതോട്ടം രണ്ട് വർഷത്തിനുള്ളിൽ പുന:സ്ഥാപിക്കുന്നതിനായി ബോർഡ് സാങ്കേതിക സഹായം നൽകും. ആറ് ലക്ഷത്തോളം ഉയർന്ന ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കും. ഇതിനായി 2013 മുതൽ തെങ്ങിൻ തൈകൾ കയറ്റി അയയ്ക്കാൻ തുടങ്ങും.

ഇതിനുപുറമേ, ഉത്പാദനം, സസ്യസംരക്ഷണം, പ്രാഥമിക സംസ്ക്കരണം, മൂല്യവർദ്ധിതോൽപന്നങ്ങളുടെ നിർമ്മാണം എന്നിവയടക്കം വിളവെടുപ്പിന് ശേഷമുള്ള സംസ്ക്കരണപ്രവർത്തനങ്ങൾ, യന്ത്രവത്കൃത തെങ്ങ്കയറ്റം തുടങ്ങിയ മേഖലകളിലെ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യലും ധാരണാപത്രത്തിൽ ഉൾപ്പെടുന്നു. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള പരിശീലനം സിദ്ധിച്ച വ്യക്തികളെ ഹ്രസ്വകാലയളവിലേക്ക് നൽകുന്നതും ഇതിൽ ഉൾപ്പെടുന്നുണ്ട്.

ശ്രീ പ്രണേഷിന്റെ സന്ദർശനത്തിന് മുന്നോടിയായി ഇന്ത്യയിലെ ട്രിനിഡാഡ് ആന്റ് ടുബാഗോ ഹൈക്കമ്മീഷണർ ശ്രീ. സി. ചന്ദ്രദത്ത് കേന്ദ്രകൃഷിമന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി ശ്രീ. എ. കെ. ഠാക്കൂർ ഐഎഎസ്മായി 2011 ജൂൺ 15-ാം തീയതി ചർച്ച നടത്തിയിരുന്നു. അതിനെത്തുടർന്ന് റിപ്പബ്ലിക് ഓഫ് ട്രിനിഡാഡ് ആന്റ് ടുബാഗോ പ്രധാനമന്ത്രി ശ്രീമതി കമലപ്രസാദ് ബിസെസ്സർ ഇക്കഴിഞ്ഞ ജനുവരിയിൽ ഇന്ത്യ സന്ദർശിച്ചിരുന്നു.

ധാരണാപത്രത്തിൽ ഒപ്പുവെച്ചശേഷം ശ്രീ. പ്രണേഷ് മഹാരാജ് ബോർഡിന്റെ വാഴക്കുളത്തുള്ള ടെക്നോളജി ഡെവലപ്പ്മെന്റ് സെന്റർ സന്ദർശിച്ചു. മെയ് 18-ാം തീയതി അദ്ദേഹം ആലപ്പുഴയിൽ കലവൂരിലെ കയർ ഗവേഷണകേന്ദ്രവും മറ്റ് കയർ യൂണിറ്റുകളും സന്ദർശിച്ചു. പിന്നീട് കാസറഗോഡ് തോട്ടവിള ഗവേഷണകേന്ദ്രവും കേരളത്തിലേയും കർണ്ണാടകത്തിലേയും നാളികേര സംസ്ക്കരണയൂണിറ്റുകളും സന്ദർശിക്കുകയുണ്ടായി.

# കൊക്കോടെക്ക് - നാളികേര മേഖലയിലെ അന്താരാഷ്ട്ര സമ്മേളനം ജൂലൈ 2 മുതൽ 6 വരെ കൊച്ചിയിൽ

ഏഷ്യൻ പസഫിക് കോക്കനട്ട് കമ്മ്യൂണിറ്റി (എപിസിസി) യുടെ 45-ാമത് കൊക്കോടെക്ക് യോഗത്തിന് ഇന്ത്യ ആതിഥ്യമരുളുന്നു. 2012 ജൂലൈ 2 മുതൽ 6 വരെ കൊച്ചിയിൽ നടക്കുന്ന ഈ അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിനു വേണ്ടി നാളികേര വികസന ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഏഷ്യ പസഫിക് മേഖലയിലെ കേരവികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഏകോപിപ്പിക്കുകയും മേഖലയിലെ കേരോത്പാദക രാജ്യങ്ങൾക്ക് പരമാവധി സാമ്പത്തിക ഉന്നമനം നേടിക്കൊടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ അന്താരാഷ്ട്ര സ്ഥാപനമാണ് ഇന്തോനേഷ്യയിലെ ജക്കാർത്ത ആസ്ഥാനമായ എപിസിസി. കേര വ്യവസായത്തിന്റെ സർവ്വതോമുഖമായ വളർച്ചയും സുസ്ഥിര വികസനവും എന്നതാണ് ഈ അന്താരാഷ്ട്ര യോഗത്തിന്റെ വിഷയം. യോഗത്തോടനുബന്ധിച്ച് കേരമേഖലയുമായി ബന്ധപ്പെട്ട പ്രമുഖ സർക്കാർ, സർക്കാരേതര സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരോത്സവവും സംഘടിപ്പിക്കും. വിവിധ അംഗരാജ്യങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ കേരോത്സവത്തിൽ പ്രദർശിപ്പിക്കും.

കൊക്കോടെക്കിന്റെ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിന് കേരള ഗവൺമെന്റ് ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ ഐഎഎസിന്റെ അദ്ധ്യക്ഷതയിൽ മെയ് 2ന് തിരുവനന്തപുരത്ത് യോഗം ചേർന്നു. ഇന്ത്യയുടെ ദേശീയ ലെയ്സൺ ഓഫീസറായ കേന്ദ്ര ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി ശ്രീ. സഞ്ജീവ് ചോപ്ര ഐഎഎസ്, നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐഎഎസ്, കേരള അഗ്രികൾച്ചർ സെക്രട്ടറി ശ്രീ. കെ.ആർ. ജ്യോതിലാൽ ഐഎഎസ് എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ ബന്ധപ്പെട്ട വകുപ്പുകളുടേയും ശക്തമായ സാന്നിദ്ധ്യവും സഹകരണവും ഉണ്ടാകുമെന്ന് അദ്ദഹം ഉറപ്പ് നൽകി. കേരളത്തിലെ കേരകർഷകർക്കും സംരംഭകർക്കും മറ്റ് രാജ്യങ്ങളിലെ സാങ്കേതിക വിദ്യകൾ പരിചയപ്പെടാനുള്ള ഒരു അപൂർവ്വ സന്ദർഭമായിരിക്കും ഇതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. യോഗത്തോടനുബന്ധിച്ച് കൃഷിക്കാരുടേയും വിദേശ രാജ്യങ്ങളിലെ പ്രതിനിധികളുടേയും മുഖാമുഖം പരിപാടി സംഘടിപ്പിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. ജോർജ്ജ് വി. തോമസ്, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ഡോ. കെ. പ്രതാപൻ, കൃഷി വകുപ്പ് ഡയറക്ടർ ശ്രീ. അജിത്കുമാർ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

എപിസിസിയുടെ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക സംവിധാനമാണ് കൊക്കോടെക്. നാളികേര സാങ്കേതികവിദ്യയുടെ പെർമനന്റ് പാനൽ എന്നുവിശേഷിപ്പിക്കുന്ന കൊക്കോടെക്ക്, അംഗരാജ്യങ്ങളിലെ ഗവേഷകർ, സംസ്കരണ രംഗത്തുള്ളവർ, വ്യാപാരികൾ, നയപരമായ തീരുമാനം കൈക്കൊള്ളുന്നവർ, കർഷകപ്രമുഖർ എന്നിവരെയെല്ലാം ഒരേ വേദിയിൽ സംഗമിപ്പിക്കുവാൻ അവസരമൊരുക്കുന്നു. രണ്ടു വർഷത്തിലൊരിക്കലാണ് കൊക്കോടെക് യോഗം നടക്കുന്നത്. 1995ൽ കൊച്ചിയിലും 2000ൽ ചെന്നൈയിലുമുൾപ്പെടെ കേന്ദ്രഗവൺമെന്റിനു വേണ്ടി രണ്ടു കൊക്കോടെക് അന്താരാഷ്ട്ര സമ്മേളനങ്ങൾക്കാണ് നാളികേര വികസന ബോർഡ് ആതിഥേയത്വം വഹിച്ചത്. സ്വകാര്യവ്യക്തികൾക്കും ഏജൻസികൾക്കും രജിസ്ട്രേഷൻ ഫീസ് അടച്ച് യോഗത്തിൽ പങ്കെടുക്കാവുന്നതാണ്. എപിസിസി അംഗരാജ്യങ്ങളിലെ സർക്കാർ മേഖലയിൽ നിന്നുള്ളവർക്ക് 200 അമേരിക്കൻ ഡോളറും സർക്കാരേതര മേഖലയിൽ നിന്നുള്ളവർക്ക് 300 അമേരിക്കൻ ഡോളറുമാണ് രജിസ്ട്രേഷൻ ഫീസ്.



*കോക്കോടെക്ക് നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിന് മെയ് 2-ാം തീയതി കൂടിയ യോഗത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ ഐഎഎസ്, ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി ശ്രീ. സഞ്ജീവ് ചോപ്ര ഐഎഎസ്, നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐഎഎസ്, കേരള അഗ്രികൾച്ചർ സെക്രട്ടറി ശ്രീ. കെ.ആർ. ജ്യോതിലാൽ ഐഎഎസ് എന്നിവർ*

സാങ്കേതിക സംവിധാനമായ കൊക്കോടെക്ക് കൂടാതെ എപിസിസിയുടെ കീഴിൽ വരുന്ന നയരൂപീകരണ സമിതിയാണ് എപിസിസി സെഷൻ. എപിസിസി സെഷൻ വർഷത്തിലൊരിക്കൽ യോഗം ചേരുന്നു. 1988ലെ എപിസിസി സെഷന് കൊച്ചിയിലും 2001ൽ ബാംഗ്ലൂരിലും ബോർഡ് ആതിഥേയത്വം വഹിക്കുകയുണ്ടായി. എപിസിസിയിൽ ഇന്ത്യ, ഇന്തോനേഷ്യ, ഫിലിപ്പീൻസ്, ശ്രീലങ്ക, തായ്ലന്റ്, മലേഷ്യ, ഫെഡറേറ്റഡ് സ്റ്റേറ്റ്സ് ഓഫ് മൈക്രോനേഷ്യ, ഫിജി, കിരിബാത്തി, മാർഷൽ ദ്വീപുകൾ, പപ്പുവ ന്യൂഗിനിയ, സമോവ, സോളമൻ ദ്വീപുകൾ, ടോംഗ, വന്വാട്ടു, വിയറ്റ്നാം എന്നീ 16 അംഗരാഷ്ട്രങ്ങൾക്കൊപ്പം കെനിയയും ജമൈക്കയും അസോസിയേറ്റഡ് അംഗങ്ങളാണ്.

# രചനാമത്സരങ്ങളുടെ ഫലപ്രഖ്യാപനം നടത്തി

കേരസംസ്കാരത്തെ പുതുതലമുറയിലേക്ക് കൈമാറുവാനുള്ള പ്രവർത്തന പദ്ധതികളുടെ ഭാഗമായി നാളികേര വികസന ബോർഡിന്റേയും അക്ഷയ പുസ്തകനിധിയുടേയും സംയുക്താഭിമുഖ്യത്തിൽ വിദ്യാർത്ഥി കൾക്കും, അദ്ധ്യാപകർക്കും, പൊതുജനങ്ങൾ ക്കുമായി നടത്തിയ രചനാ മത്സരങ്ങളിൽ താഴെപ്പറയുന്നവർ വിജയികളായിരിക്കുന്നു. ചെമ്മനം ചാക്കോ, കെ.എൽ. മോഹനവർമ്മ, പായിപ്ര രാധാകൃഷ്ണൻ, എം. കെ. ഹരികുമാർ, ഡോ. രമണി ഗോപാലകൃഷ്ണൻ, മിനി മാത്യു എന്നിവരടങ്ങുന്ന സമിതിയാണ് രചനാ മത്സരങ്ങളുടെ വിധി നിർണ്ണയം നിർവ്വഹിച്ചത്.

**കവിത – യു പി വിഭാഗം**

ഒന്നാം സമ്മാനം – ദേവദർശൻ ബി., നിർമല പബ്ലിക് സ്കൂൾ, മൂവാറ്റുപുഴ

രണ്ടാം സമ്മാനം – ദിവ്യാഞ്ജന, സെൻട്രൽ സ്കൂൾ, പട്ടം

മൂന്നാം സമ്മാനം – സായി ഗൗതം, എൻഎസ്എസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ,പെരുന്ന പി.ഒ.

**ഹൈസ്കൂൾ വിഭാഗം**

ഒന്നാം സമ്മാനം – ശ്രീപ്രിയ ടി.ആർ., സെന്റ് തെരേസാസ് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, നെയ്യാറ്റിൻകര

രണ്ടാം സമ്മാനം – ശ്രീലക്ഷ്മി ടി.ആർ.,സെന്റ് തെരേസാസ് കോൺവെന്റ് ഗേൾസ്ഹൈസ്കൂൾ, നെയ്യാറ്റിൻകര

മൂന്നാം സമ്മാനം – ജോമോൾ വർഗീസ്, ഒഎൽഎഫ്ജിഎച്ച്എസ്, മതിലകം

**അദ്ധ്യാപക വിഭാഗം**

ഒന്നാം സമ്മാനം – ജി.രവീന്ദ്രനാഥക്കുറുപ്പ്, ജിഎച്ച്എസ്എസ്, കറുകോൺ, അഞ്ചൽ

രണ്ടാം സമ്മാനം – ജയശ്രീ പള്ളിക്കൽ, എബനേസർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, എടക്കാട്, കൊല്ലം

മൂന്നാം സമ്മാനം – സുഷമ കെ., ഗവ. മോഡൽ എച്ച്എസ്എസ്, നടവരമ്പ്, തൃശൂർ

**പൊതുവിഭാഗം**

ഒന്നാം സമ്മാനം – ആന്റണി കെ.വി., കൂട്ടാലഹൗസ്, പിരറൂർ പി.ഒ., കാലടി, എറണാകുളം

രണ്ടാം സമ്മാനം – ഉമ്മണ്ണൂർ ഗോപാലകൃഷ്ണൻ, ശ്രീവത്സം, ആൽത്തറമൂട്, കടക്കൽ, കൊല്ലം

മൂന്നാം സമ്മാനം – എടപ്പാൾ സി. സുബ്രഹ്മണ്യൻ, ചുങ്കത്ത് ഹൗസ്, പെരുമ്പറമ്പ് പി.ഒ., എടപ്പാൾ

**കഥ – യു പി വിഭാഗം**

ഒന്നാം സമ്മാനം – അരുൺ കെ.എസ്., സെന്റ്. തോമസ് യുപിഎസ്, പുലിയന്നൂർ, തൃശൂർ

രണ്ടാം സമ്മാനം – മാധവി പി. അശോക്, വിദ്യാ വികാസ് എച്ച്എസ്എസ്, കോതമംഗലം

മൂന്നാം സമ്മാനം – ശങ്കർദാസ് വി., നിർമല എച്ച്.എസ്.എസ്, മൂവാറ്റുപുഴ

**ഹൈസ്കൂൾ വിഭാഗം**

ഒന്നാം സമ്മാനം – ദിൽന ബാബു, മാർ കൗമ എച്ച്എസ്എസ്, വേങ്ങൂർ, എറണാകുളം

രണ്ടാം സമ്മാനം – സഞ്ജയ് എം.എസ്., ഫാത്തിമമാത ഇഎംഎച്ച്എസ്എസ്, പിറവം

മൂന്നാം സമ്മാനം – പ്രിൻസ് സി.എച്ച്., മേരിമാതാ എച്ച്എസ്എസ്, തൃക്കാക്കര

**അദ്ധ്യാപക വിഭാഗം**

ഒന്നാം സമ്മാനം – രഹ്നാ രാജേഷ്, വിവിഎച്ച്എസ്എസ്, കറുകടം, കോതമംഗലം

രണ്ടാം സമ്മാനം – കെ. സി. രാജലക്ഷ്മി, സെന്റ്. തോമസ് യു.പി.എസ്., പുലിയന്നൂർ, തൃശൂർ

മൂന്നാം സമ്മാനം – വി. കെ. ദീപ, എഎംഎൽപി സ്കൂൾ, വേങ്ങല്ലൂർ,. ആനക്കയം, മലപ്പുറം

**പൊതുവിഭാഗം**

ഒന്നാം സമ്മാനം – ഡോ. സരസ്വതി ശർമ്മ, ശ്രീമൂലം, നെല്ലാട്, എറണാകുളം

രണ്ടാം സമ്മാനം – കെ.എസ്. പുരുഷോത്തമൻ, കൃഷ്ണപ്രിയ, എരമല്ലൂർ, ചേർത്തല, ആലപ്പുഴ

മൂന്നാം സമ്മാനം – ജിഷ മനോജ്, കാലായിൽ, കുലയറ്റിക്കര പി.ഒ., എറണാകുളം

**ലേഖനം – യു പി വിഭാഗം**

ഒന്നാം സമ്മാനം – ആദിത്യ എച്ച്, ഡോ. ജി.ആർ പബ്ലിക് സ്കൂൾ, നെയ്യാറ്റിൻകര

രണ്ടാം സമ്മാനം – സുരഭി പി.ജി., എസ്കെവി യുപിഎസ്, പാലോട്, തിരുവനന്തപുരം

മൂന്നാം സമ്മാനം – അനന്യ അനിൽ, ബഥനി ബാലികാമഠം കേന്ദ്രീയ വിദ്യാലയം,നങ്ങ്യാർകുളങ്ങര

**ഹൈസ്കൂൾ വിഭാഗം**

ഒന്നാം സമ്മാനം – അശ്വതി കെ.എസ്.,ജിജിഎച്ച്എസ്, തൃപ്പൂണിത്തുറ

രണ്ടാം സമ്മാനം – ഗ്രീഷ്മ പി.വി., ക്യൂൻമേരി എച്ച്എസ്., മുടിക്കൽ, പെരുമ്പാവൂർ

മൂന്നാം സമ്മാനം – കൃഷ്ണകിരൺ, വിവേകാനന്ദ വിദ്യാലയം മൂവാറ്റുപുഴ

**അദ്ധ്യാപക വിഭാഗം**

ഒന്നാം സമ്മാനം – മഞ്ജു എൻ., അമയന്നൂർ ഹൈസ്കൂൾ, കോട്ടയം

രണ്ടാം സമ്മാനം – സിസ്റ്റർ ആൽഫി, സെന്റ്. ജോസഫ്സ് എച്ച്.എസ്. ,കിടങ്ങൂർ, അങ്കമാലി

മൂന്നാം സമ്മാനം – ഗീതാ സി.കെ., അമൃത വിദ്യാലയം, വേനോലി, പാലക്കാട്

**ബയോളജി അദ്ധ്യാപക വിഭാഗം**

സമാശ്വാസസമ്മാനം – ദീപാ കെ.എൻ., ജിഎച്ച്എസ്എസ്, കൊങ്ങോർപള്ളി, കൂനമ്മാവ്, എറണാകുളം

– സീമാ ജോയി, സെന്റ് ജോൺസ് ജെഎസ്എച്ച്എസ്, കണ്ണ്യാട്ടുനിരപ്പ്, കുഴിയറ, ചോറ്റാനിക്കര

**പൊതുവിഭാഗം**

ഒന്നാം സമ്മാനം – ജോബ് സി. കൂടാലപ്പാട്, പാലാട്ടിൽവീട്, കൂവപ്പടി പി.ഒ., പെരുമ്പാവൂർ

രണ്ടാം സമ്മാനം – ആർ. ഗോപകുമാർ ഉണ്ണിത്താൻ,പത്മസദനം, കവടിയാർ

മൂന്നാം സമ്മാനം – ഷാജി ടി. കെ., തുണ്ടിയിൽ വീട്, നായരമ്പലം, വൈപ്പിൻ, എറണാകുളം

ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്ക് യഥാക്രമം 4000 രൂപ, 3000 രൂപ, 2000 രൂപ വീതവും സമാശ്വാസ സമ്മാനം ലഭിച്ചവർക്ക് 1000 രൂപ വീതവും സമ്മാനമായി നൽകുന്നതാണ്. സമ്മാനവിതരണം പിന്നീട് നടത്തുന്നതാണ്. സമ്പൂർണ്ണ മത്സരഫലം ബോർഡിന്റെ വെബ്സൈറ്റിലും ലഭ്യമാണ് (www.coconutboard.nic.in).

# കമ്പോളാവലോകനം

## 2012 ഏപ്രിൽ

- ആട്ടുകൊപ്ര, ഉണ്ടക്കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില എല്ലാ പ്രമുഖ വിപണികളിലും ഏറിയും കുറഞ്ഞും നിന്നു.
- വെളിച്ചെണ്ണയുടെ അന്താരാഷ്ട്ര വില കുറഞ്ഞു. ആഭ്യന്തര വില കൊച്ചി വിപണിയിൽ അന്താരാഷ്ട്ര വിലയേക്കാൾ 8 ശതമാനം കുറവായിരുന്നു.

കൊപ്രയുടേയും, വെളിച്ചെണ്ണയുടേയും വില താങ്ങുവിലയേക്കാൾ കുറവായിരുന്നു. സർക്കാർ നിയോഗിച്ചിട്ടുള്ള സംഭരണ ഏജൻസികൾ താങ്ങുവിലയനുസരിച്ച് കൊപ്രസംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

### വെളിച്ചെണ്ണ

വെളിച്ചെണ്ണയുടെ വില രാജ്യത്തെ എല്ലാ പ്രമുഖ വിപണന കേന്ദ്രങ്ങളിലും ഏറിയും കുറഞ്ഞും നിന്നു. ഓരോ ആഴ്ചയിലേയും ശരാശരി വിലകൾ ആദ്യ ആഴ്ച വർദ്ധിക്കുകയും പിന്നീട് കുറയുകയും ചെയ്തു.

വെളിച്ചെണ്ണയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 6502 രൂപയായിരുന്നു. ആലപ്പുഴ വിപണിയിലെ ശരാശരി മാസവില ക്വിന്റലിന് 6494 രൂപയായിരുന്നു. കോഴിക്കോട് വെളിച്ചെണ്ണയുടെ ശരാശരി മാസവില ക്വിന്റലിന് 6575 രൂപയുമായിരുന്നു. അത് കേരളത്തിലെ വിപണികളിൽ രേഖപ്പെടുത്തിയ ഏറ്റവും കൂടിയ വിലയായിരുന്നു. കൊച്ചി വിപണിയിലേയും ആലപ്പുഴ വിപണിയിലേയും വില കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

### ആട്ടുകൊപ്ര

എഫ്.എ.ക്യു കൊപ്രയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 4456 രൂപയായിരുന്നു. രാശി കൊപ്രയുടെ ശരാശരി മാസവില ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 4410 രൂപയായിരുന്നു.

താങ്ങുവിലയനുസരിച്ച് കൊപ്ര സംഭരിക്കുന്നതിനുള്ള നടപടികൾ തമിഴ്നാട്ടിലും കേരളത്തിലും യഥാക്രമം ടാൻഫെഡും നാഫെഡും ആരംഭിച്ചുകഴിഞ്ഞു. കൊപ്രയുടെ താങ്ങുവില 5100 രൂപയാണ്. കേരളത്തിൽ കേരഫെഡും മാർക്കറ്റ് ഫെഡും 208 മെട്രിക് ടൺ കൊപ്ര സംഭരിച്ചപ്പോൾ തമിഴ്നാട്ടിൽ ടാൻഫെഡ് 3917 മെട്രിക് ടൺ കൊപ്രയാണ് സംഭരിച്ചിട്ടുള്ളത്.

ആട്ടുകൊപ്രയുടെ ആന്ധ്രപ്രദേശിലെ അമ്പാജിപേട്ടയിലെ ശരാശരി വില ക്വിന്റലിന് 4008 രൂപയായിരുന്നു. ഇത് കഴിഞ്ഞമാസം 3853 രൂപയായിരുന്നു.

### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ കോഴിക്കോട് വിപണിയിലെ ശരാശരി വില ക്വിന്റലിന് 5970 രൂപയായിരുന്നു. അത് കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് നാമമാത്രം കുറവായിരുന്നു.

ഉണ്ടകൊപ്രയുടെ ശരാശരി മാസവില കോഴിക്കോട് വിപണിയിൽ ക്വന്റലിന് 5373 രൂപയായിരുന്നു. ഉണ്ടകൊപ്രയുടെ ശരാശരി മാസ വില കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ക്വിന്റലിന് 5581 രൂപയായിരുന്നു; ബാംഗ്ലൂരിൽ അത് 5300 രൂപയും അരസിക്കരയിൽ 5535 രൂപയുമായിരുന്നു.

ഭക്ഷ്യയോഗ്യമായ കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 5350 രൂപയായിരുന്നു.

### കൊട്ടത്തേങ്ങ

കൊട്ടത്തേങ്ങയുടെ ശരാശരി മാസവില കോഴിക്കോട് വിപണിയിൽ ആയിരത്തിന് 4957 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 15 ശതമാനം കുറവായിരുന്നു.

### നാളികേരം

നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ ശരാശരി മാസവില ആയിരത്തിന് 5500 രൂപയായിരുന്നു; അത് കഴിഞ്ഞമാസത്തേക്കാൾ 13 ശതമാനം കുറവായിരുന്നു.

അരസിക്കര നിയന്ത്രിതവിപണിയിൽ ഭാഗികമായി

പൊതിച്ച നാളികേരത്തിന്റെ ശരാശരി മാസവില 6288 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 8 ശതമാനം കുറവായിരുന്നു.

ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി മാസ വില ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ആയിരത്തിന് 6675 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി മാസവില മംഗലാപുരം നിയന്ത്രിത വിപണിയിൽ ആയിരത്തിന് 9813 രൂപയയായി കുറഞ്ഞു; അത് കഴിഞ്ഞ മാസത്തെക്കാൾ 3 ശതമാനം അധികമായിരുന്നു.

കേന്ദ്ര സർക്കാർ പൊതിച്ച നാളികേരത്തിന് പ്രഖ്യാപിച്ച താങ്ങുവില കിലോഗ്രാമിന് 14 രൂപയായിരുന്നു

**ഇളനീർ**

ഇളനീരിന്റെ വില കൊച്ചി വിപണിയിൽ ഒന്നിന് 20 രൂപയ്ക്കും 25 രൂപയ്ക്കും ഇടയ്ക്കായിരുന്നു.

**അന്താരാഷ്ട്ര വില**

വെളിച്ചെണ്ണയുടെ ശരാശരി മാസവില യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) മെട്രിക് ടണ്ണിന് 1353 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തേക്കാൾ ഇത് നാമമാത്രവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 35 ശതമാനവും കുറവായിരുന്നു. കൊപ്രയുടെ ശരാശരി മാസവില മെട്രിക് ടണ്ണിന് 888 അമേരിക്കൻ ഡോളറായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 38 ശതമാനവും കുറവായിരുന്നു. വെളിച്ചെണ്ണയുടെ ആഭ്യന്തരവില കൊച്ചി വിപണിയിൽ മെട്രിക് ടണ്ണിന് 1248 അമേരിക്കൻ ഡോളറായിരുന്നു; ഇത് അന്താരാഷ്ട്ര വിലയേക്കാൾ 8 ശതമാനം കുറവായിരുന്നു.

വെളിച്ചെണ്ണയുടെ വില ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് 1308 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 1163 അമേരിക്കൻ ഡോളറുമായിരുന്നു. പാമോയിൽ, പനങ്കുരുവെണ്ണ, സോയബീൻ ഓയിൽ എന്നിവയുടെ അന്താരാഷ്ട്രവിലകൾ യഥാക്രമം മെട്രിക് ടണ്ണിന് 1179 അമേരിക്കൻ ഡോളറും 1422 അമേരിക്കൻ ഡോളറും 1301 അമേരിക്കൻ ഡോളറുമായിരുന്നു.

**വിവിധ കമ്പോളങ്ങളിൽ 2012 ഏപ്രിൽ 1 മുതൽ 30വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാരവിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്**

| | വെളിച്ചെണ്ണ (രൂ./ക്വി.) | | | ആട്ടു കൊപ്ര (രൂ./ക്വി.) | | | | ഭക്ഷ്യ യോഗ്യമായ കൊപ്ര (രൂ./ക്വി.) | ഉണ്ടക്കൊപ്ര (രൂ./ക്വി.) | | | | കൊട്ട ത്തേങ്ങ (രൂ./1000) | നാളി കേരം (രൂ./1000) | പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം (രൂ./1000) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തീയതി | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കൊച്ചി (എഫ്എക്യു) | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | അംബാജിപ്പേട്ട | കോഴിക്കോട് (രാജ്പൂർ) | കോഴിക്കോട് | തിപ്ത്തൂർ | ബാംഗ്ലൂർ | അരസിക്കര | കോഴിക്കോട് | നെടുമങ്ങാട് | അരസിക്കര | ബാംഗ്ലൂർ | മംഗലാപുരം (ഗ്രേഡ് 1) |
| 7-4-12 | 6433 | 6413 | 6517 | 4450 | 4400 | 4380 | 3900 | 6055 | 5455 | 5517 | 5200 | 5480 | 5500 | 6000 | 6300 | 7000 | 9500 |
| 14-4-12 | 6600 | 6570 | 6640 | 4500 | 4480 | 4440 | 3983 | 6040 | 5465 | 5583 | 5200 | 5543 | 4760 | 6000 | 6150 | 6167 | 9783 |
| 21-4-12 | 6542 | 6567 | 6683 | 4467 | 4458 | 4367 | 4050 | 6013 | 5425 | 5608 | 5200 | 5550 | 4917 | 5000 | 6350 | 6533 | 10000 |
| 28-4-12 | 6433 | 6425 | 6458 | 4408 | 4300 | 4200 | 4100 | 5771 | 5146 | 5614 | 5600 | 5568 | 4650 | 5000 | 6350 | 7000 | 9967 |
| **ശരാശരി** | **6502** | **6494** | **6575** | **4456** | **4410** | **4347** | **4008** | **5970** | **5373** | **5581** | **5300** | **5535** | **4957** | **5500** | **6288** | **6675** | **9813** |

*അവലംബം:*

*കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേയ്മ്പർ ഓഫ് കോമേഴ്സ്, കൊച്ചി-2*

*കോഴിക്കോട് : മാതൃഭൂമി*

*ആലപ്പുഴ : മലയാള മനോരമ*

*അരസിക്കര : എ പി എം സി, അരസിക്കര*

** ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽകൊടുത്തിരിക്കുന്നത്.